ാം പദ്ധതി

ജനകീയ പദ്ധതി



നിറമനുഴത്തം

നഗരൂർ ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ



കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി

ചെയർമാൻ, സംസ്ഥാന ജനകീയാസൂത്രണ മാർഗ്ഗോപദേശക സമിതി

ഓരോ ഗ്രാമത്തിൽ അല്ലെങ്കിൽ നഗരത്തിൽ ഏതുതരം വികസനമാണ് വേണ്ടതെന്നും അതിന് എത്ര പണംവേണമെന്നും കണക്കാക്കി. അക്കാര്യം ഗവൺമെന്റിനോട് പറഞ്ഞ് ആ ഗ്രാമത്തിന്റെയോ നഗര ത്തിന്റെയോ പദ്ധതി തയ്യാറാക്കാം; അതിന് സംസ്ഥാനഗവൺ മെന്റുകളിൽനിന്ന് കിട്ടാവുന്നതിന്റെ പരമാവധി ഫണ്ട് വാങ്ങുക. അതോടൊപ്പം പണമായോ സാധനങ്ങളായോ ശ്രമദാനത്തിന്റെ രൂപത്തിലോ നാട്ടുകാരിൽനിന്നും മറുനാടൻ മലയാളികളിൽനിന്നും ശേഖരിക്കുക കൂടിചെയ്യുക - ഇതിനുള്ള സന്നദ്ധത ജനങ്ങളിൽ ഉണ്ടാകേണ്ടി യിരിക്കുന്നു. അതിന് ജനങ്ങളെയാകെ തയ്യാറാക്കലാണ് 'ജനകീയ ആസൂത്രണ പദ്ധതി'

- ഇ.എം.എസ്. നമ്പൂതിരിപ്പാട്

എഡിറ്റോറിയൽബോർഡ്.....

എസ്. സജ്ജനൻ

കൺവീനർ

എസ്. നോവൽരാജ്

കെ. രാധാകൃഷ്ണൻ

ജി. മുരളീധരൻ

ആർ. കമലാസനൻ

എസ്. നസീം

ബി. ജയചന്ദ്രൻ

എസ്. സുനിൽ


കെ. സാമ്പൻ

കെ. സുരേഷ്

എൻ. ഷീജ

പുറംചട്ടയും വരകളും : ചിന്നൻ


മുൻകാല പ്രസിഡന്റുമാർ



അഡ്വ. പി. രാമകൃഷ്ണപിള്ള




എ. ബാഹുലേയൻ




എ. ഇബ്രാഹിംകുട്ടി

നഗരൂർ ഗ്രാമപഞ്ചായത്ത്




നഗരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ




അഡ്വ. വി.എസ്. ഹരീന്ദ്രൻനായർ
പ്രസിഡന്റ്



ജി.എസ്. സെൽമോൾ
വൈസ്പ്രസിഡന്റ്




ജി. ബാലകൃഷ്ണപിള്ള
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



വാസുദേവക്കുറുപ്പ്
മെമ്പർ, 1-ാം വാർഡ്



ജി. രാധാമണി
മെമ്പർ, 2-ാം വാർഡ്




എം. രഘു
മെമ്പർ, 4-ാം വാർഡ്




അഡ്വ. എസ്. ഷാജഹാൻ
മെമ്പർ, 6-ാം വാർഡ്



ഗീതാശിവപ്രസാദ്
മെമ്പർ, 7-ാം വാർഡ്



കെ. ശ്രീധരൻ
മെമ്പർ, 8-ാം വാർഡ്



കെ. കൃഷ്ണൻകുട്ടി
മെമ്പർ, 9-ാം വാർഡ്



ജി. വസന്താ പുഷ്പാംഗദൻ
മെമ്പർ, 11-ാം വാർഡ്

നഗരൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാർ

വി. രവീന്ദ്രൻനായർ

സെക്രട്ടറി

ആർ. ഗോപാലകൃഷ്ണക്കുറുപ്പ്

ഹെഡ്ക്ലാർക്ക്

സി ബാലകൃഷ്ണപിള്ള

യു.ഡി. ക്ലാർക്ക്

എ. സുബൈദാബീവി

യു.ഡി. ക്ലാർക്ക്

ഡി. ഷെല്ലാസ്

യു.ഡി. ക്ലാർക്ക്

കെ. സന്തോഷ്

എൽ.ഡി. ക്ലാർക്ക്

കെ. സുനിൽകുമാർ

എൽ.ഡി. ക്ലാർക്ക്

എ. കൃഷ്ണൻകുട്ടിനായർ

പ്യൂൺ

കെ. യശോദ

പ്യൂൺ

പി. സാവിത്രിയമ്മ

പാർട്ട് ടൈം സ്വീപ്പർ

എ. ശാരദ

പാർട്ട് ടൈം സ്വീപ്പർ

എം. ആബിദാബീവി

പാർട്ട് ടൈം സ്വീപ്പർ

രാജു

പാർട്ട് ടൈം ലൈബ്രേറിയൻ

വിഷയവിവരം

I		ആമുഖം	11
II		ജനകീയാസൂത്രണം നഗരൂർ പഞ്ചായത്തിൽ	14
III		പഞ്ചായത്തിന്റെ ഭരണചരിത്രം	16
IV		സാമൂഹ്യ ചരിത്രം	20
V		ഭൂപ്രകൃതി	22
VI	1.	കൃഷിയും ജലസേചനവും	26
	2.	മൃഗസംരക്ഷണം	40
	3.	വ്യവസായം, ടൂറിസം	45
	4.	വിദ്യാഭ്യാസം	51
	5.	പൊതുജനാരോഗ്യം, കുടിവെള്ളം	63
	6.	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	75
	7.	സാമൂഹ്യക്ഷേമം, പാർപ്പിടം	90
	8.	സംസ്കാരം	94
	9.	വനിതാക്ഷേമം	99
	10.	സഹകരണം	101
	11.	പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	105
	12.	വിഭവസമാഹരണം	108
VII		ഉപസംഹാരം	111

പഞ്ചായത്തിന്റെ പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	നഗരൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് സ്ഥാപിതമായ വർഷം	1953
ഉൾപ്പെടുന്ന വില്ലേജുകൾ	നഗരൂർ, വെള്ളല്ലൂർ
താലൂക്ക്	ചിറയിൻകീഴ്
ജില്ല	തിരുവനന്തപുരം
ബ്ലോക്കുപഞ്ചായത്ത് ഡിവിഷൻ	നഗരൂർ, കടവിള
ബ്ലോക്കുപഞ്ചായത്ത്	കിളിമാനൂർ
ജില്ലാ പഞ്ചായത്ത്	തിരുവനന്തപുരം
ജില്ലാ ഡിവിഷൻ	നാവായിക്കുളം
ഗ്രാമപഞ്ചായത്ത് ആസ്ഥാനം	ചെമ്പരത്തുമുക്ക്
അസംബ്ലി മണ്ഡലം	കിളിമാനൂർ
വിസ്തീർണ്ണം	23.3 ച.ശ്രീ.കി.മീ.
ജനസംഖ്യ	24088.
പുരുഷൻമാർ	11608
സ്ത്രീകൾ	12480
പട്ടികജാതി പട്ടികവിഭാഗം	4176
പ്രസിഡന്റ്	അഡ്വ. വി.എസ്. ഹരീന്ദ്രൻനായർ
വൈ. പ്രസിഡന്റ്	ജി. എസ്. സെൽമോൾ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	ജി. ബാലകൃഷ്ണപിള്ള
ബ്ലോക്കു പഞ്ചായത്ത് മെമ്പർമാർ	എ.കെ. ശക്തിധരൻ, മീനാകുമാരി ചെറിയാൻ
ജില്ലാപഞ്ചായത്ത് മെമ്പർ	അഡ്വ. എൻ. കെ. പ്രേമചന്ദ്രൻ
സെക്രട്ടറി	വി. രവീന്ദ്രൻ നായർ

ആമുഖം



നൂറ്റാണ്ടുകളോളം വിദേശിയന് കപ്പംകൊടുത്തും അവന്റെ കല്പന കേട്ടുംകഴിഞ്ഞ ഒരു രാജ്യമാണ് നമ്മുടെത്. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയും രണ്ടാംലോകമഹായുദ്ധത്തോടുകൂടി ലോകസമ്പദ്വ്യവസ്ഥയ്ക്കുണ്ടായ തകർച്ചയും ഇന്ത്യയെ സ്വതന്ത്രയാക്കി. നമ്മുടെ രാജ്യത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതാണ് പഞ്ചവത്സരപദ്ധതികൾ. ഒന്നും രണ്ടും പദ്ധതികളിലൂടെ നമുക്ക് ബഹുദൂരം മുന്നോട്ടുപോകാൻ കഴിഞ്ഞെങ്കിലും പിൽക്കാല പഞ്ചവത്സരപദ്ധതികൾ പ്രതീക്ഷിച്ചതുപോലെ ഫലം ചെയ്തില്ല. കേന്ദ്രീകൃതവും അതതു പ്രദേശത്തെ പ്രശ്നങ്ങൾ മനസ്സിലാക്കാതെയും ജനപങ്കാളിത്തമില്ലാതെയുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചതിലൂടെ 'ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്' എന്ന സത്യം വിസ്മരിക്കപ്പെട്ടു. പല പദ്ധതികളും പ്രായോഗികതലത്തിലെത്തിക്കുവാൻ കഴിയാതെ പോയി. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങളുടെ പ്രശ്നങ്ങൾ ഇന്നും അവശേഷിക്കുന്നു. തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

വികസനരംഗത്ത് 'കേരളമോഡൽ' അന്താരാഷ്ട്ര ശ്രദ്ധപിടിച്ചുപറ്റിയിരിക്കുന്ന സാഹചര്യത്തിലാണ് ലോകത്തിനാകെ മാതൃകയായി 'ഒമ്പതാംപദ്ധതി ജനകീയ പദ്ധതി' എന്ന ആശയവുമായി നാം മുന്നോട്ടുപോകാൻ ശ്രമിക്കുന്നത്. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള നിരക്ഷരരും അജ്ഞരുമായ മനുഷ്യരുടെ കേട്ടറിവും കണ്ടറിവും ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ സഹായത്തോടെ പ്രയോജനപ്പെടുത്തി ഒരു പുതിയ ആസൂത്രണ പ്രക്രിയയ്ക്ക് നമ്മുടെ നാട് തുടക്കം കുറിക്കുകയാണ്.

ജനകീയാസൂത്രണം നഗരൂർ ഗ്രാമപഞ്ചായത്തിൽ



ജനകീയാസൂത്രണപദ്ധതി പ്രാവർത്തികമാവുന്നതോടെ കേരളസംസ്ഥാനം മറ്റ് പല മേഖലകളിലെന്നപോലെ ലോകത്തിന് മാതൃകയാകാൻപോകുകയാണ്. ഇന്ത്യയിൽനടത്തിയ പഞ്ചവത്സരപദ്ധതികളുടെ സമ്പൂർണ്ണ പ്രയോജനം ഗുണഭോക്താവിന് ലഭ്യമാകാതിരുന്നത് ആസൂത്രണം മേൽത്തട്ടിൽ നിന്നും തുടങ്ങിയതുകൊണ്ടും ഇതിന്റെ ഗുണഭോക്താക്കളെ ആസൂത്രണപ്രക്രിയയിൽ ആദ്യഘട്ടം മുതൽ പങ്കെടുപ്പിക്കാതിരുന്നതുകൊണ്ടുമാണ്. ഈ ദൗർബ്ബല്യങ്ങൾ പരമാവധി തടയുക എന്ന ലക്ഷ്യത്തോടെയാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നമ്മുടെ സർക്കാർ ആവിഷ്ക്കരിക്കാൻ തയ്യാറായത്. ഈ ബൃഹദ്ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പൂർണ്ണമായ സഹകരണം ആവശ്യമാണ്. ജനങ്ങളുടെ സഹകരണം വികസനത്തിന് ആവശ്യമാണെന്ന് ഉദ്യോഗസ്ഥരും ഉദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ദ്ധ്യവും ഉപദേശവും ഉൾക്കൊള്ളാൻ ജനങ്ങളും തയ്യാറാകണം മുമ്പുണ്ടായിരുന്ന പല ആസൂത്രണ പദ്ധതികളിലും ഈ ഒത്തുചേരൽ ഉണ്ടായിട്ടില്ല. ഓരോ പ്രദേശത്തെയും വിസ്തൃതമായ ഭൂപ്രകൃതിക്കും കാലാവസ്ഥാ ഭേദത്തിനും അനുസരിച്ചുള്ള വികസനപദ്ധതികളാണ് ആവശ്യം. നഗരൂർ പഞ്ചായത്തിലെ ജനങ്ങളാണ് ഈ വികസനരേഖയ്ക്ക് രൂപം നൽകേണ്ടത്. ഈ ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് നഗരൂർ പഞ്ചായത്തിൽ ജനകീയാസൂത്രണം നടപ്പിലാക്കിയതും ഒരു വികസനരേഖ തയ്യാറാക്കിയിട്ടുള്ളതും.

ജനകീയാസൂത്രണത്തിന്റെ ആദ്യപടിയായ പ്രത്യേകഗ്രാമസഭ വിളിച്ചുചേർക്കുന്നതിനുള്ള പരിശീലനം സെപ്തംബർ 8, 9 10 തീയതികളിൽ കിളിമാനൂർ രാജാരവിവർമ്മ കമ്മ്യൂണിറ്റി ഹാളിൽ നടന്നു. ഈ പഞ്ചായത്തിൽനിന്നും 11 ജില്ലാ പരിശീലകരെ പരിശീലിപ്പിക്കുകയുണ്ടായി.

പഞ്ചായത്തുതല പരിശീലനശില്പശാല സെപ്തംബർ 24-ാം തീയതി ജില്ലാപഞ്ചായത്ത്

...ും കൊല്ലം എം.പി.യുമായ എൻ. കെ. ...ചന്ദ്രൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. 51 ...ത്തുതല പരിശീലകരെ ഈ ശില്പശാലയിൽ ...പരിശീലിപ്പിക്കുകയുണ്ടായി.

പ്രത്യേക ഗ്രാമസഭകൾ നാടിന് ഒരു പുതുമയാ...ുന്നു. ജനങ്ങൾ ഗ്രാമസഭകളിൽ സജീവമായി ...ടുത്ത് നാടിന്റെ വികസനത്തെ സംബന്ധിച്ച് ...ാത്മകമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ...കസനത്തിന്റെ ഒരു പുത്തനുണർവ്വ് നാടെങ്ങും ...ാൻ ഗ്രാമസഭകൾക്ക് കഴിഞ്ഞു. ജില്ലാ ...ായത്തുതല റിസോഴ്സ് പേഴ്സൺമാരുടെ ...യ ശ്രമങ്ങൾ ഇതിനുണ്ടായിരുന്നു.


ജില്ലാതല റിസോഴ്സ് പേഴ്സൺമാരുടെ രണ്ടാം ...ട്ടപരിശീലനം ഒക്ടോബർ 27,28,29 തീയതികളിൽ ...ളിമാനൂർ ആർ. ആർ. വി. കമ്മ്യൂണിറ്റി ഹാളിൽ ...ന്നു. അതിനുശേഷം നഗരൂർ വി.എസ്. എൽ.പി. ...ൾ-ൽ വച്ച് പഞ്ചായത്തുതല ശില്പശാല നടത്തു...ും ദ്വിതീയ സ്ഥിതിവിവരക്കണക്ക് ശേഖരണവും ...ായത്തുതല പഠനപര്യടനവും നടത്തി. ഗ്രാമസ...ാചർച്ചകൾ, ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ, ...ാനപര്യടനത്തിലൂടെ സമാഹരിച്ച റിപ്പോർട്ടും ...ചേർത്ത് ഒരു വികസനരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ വികസനരേഖയിൽ ഗ്രാമസഭയിൽ വന്നിട്ടുള്ള പരമാവധി പ്രശ്നങ്ങൾ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇനിയും പലതും കൂട്ടിച്ചേർക്കാനുണ്ടാകാം. ഈ വികസനരേഖ സജീവചർച്ചയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു.

നമ്മടെ പഞ്ചായത്തിലെ ജനകീയാസൂത്രണത്തിന്റെ ഇതേവരെയുള്ള പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്തിട്ടുള്ള നിരവധിപേർ ഉണ്ട്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് അശ്രാന്തപരിശ്രമം ചെയ്ത പഞ്ചായത്തു മെമ്പറന്മാർ, ജില്ലാതല പരിശീലകർ, പഞ്ചായത്തുതല പരിശീലകർ, ഉദ്യോഗസ്ഥർ എന്നിവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഗ്രാമസഭകൾ മുതൽ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാ ജനങ്ങളോടും ഹൃദയംനിറഞ്ഞനന്ദി അറിയിക്കുന്നതിനോടൊപ്പം, തുടർന്നുള്ള അകമഴിഞ്ഞ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വിശ്വസ്തതയോടെ,

നഗരൂർ ഗ്രാമപഞ്ചായത്തു പ്രസിഡന്റ്



പഞ്ചായത്ത് ഭരണചരിത്രം

നഗരൂർ പഞ്ചായത്ത് 16.8.195 3ൽ 6 വാർഡുകളോടു കൂടി രൂപീകരിക്കപ്പെട്ടു. ഇതിൽ 5-ാം വാർഡിനോടൊ പ്പമായിരുന്ന പട്ടികജാതി സംവരണ പ്രതിനിധി. അങ്ങനെ 6 വാർഡുകളും 7 മെമ്പറന്മാരും.

പ്രസിഡന്റ് : അഡ്വ. പി. രാമകൃഷ്ണപിള്ള

വൈ.പ്രസിഡന്റ് : ശ്രീ. കുഞ്ഞൻ വൈദ്യൻ

കമ്മിറ്റി അംഗങ്ങൾ

വാർഡ് 1. ഈഞ്ചപ്പൊയ്ക ശ്രീ. മാധവൻപിള്ള

വാർഡ് 2. പണയിൽ ശ്രീ. വാസുദേവക്കുറുപ്പ്

വാർഡ് 3 ശ്രീ. കുഞ്ഞൻവൈദ്യൻ

വാർഡ് 4 അഡ്വ. പി. രാമകൃഷ്ണപിള്ള

വാർഡ് 5. ശ്രീ. എ. ബാഹുലേയൻ
ശ്രീ. നീലകണ്ഠൻ (സംവരണം)

വാർഡ് 6. ശ്രീ. രാഘവൻ

ഈ കമ്മിറ്റി 9 വർഷം തുടർന്നു.

രണ്ടാം പഞ്ചായത്ത് ഭരണസമിതി
17.12.1963-ൽ നിലവിൽവന്നു.

പ്രസിഡന്റ് : ശ്രീ. എ. ബാഹുലേയൻ

വൈ.പ്രസിഡന്റ് : ശ്രീ. മുഹമ്മദ് യൂനുസ്

കമ്മിറ്റി അംഗങ്ങൾ

വാർഡ് 1. ശ്രീ. പുരുഷോത്തമൻകുറുപ്പ്

വാർഡ് 2. ശ്രീ. വാസുദേവക്കുറുപ്പ്

വാർഡ് 3 ശ്രീ. വി.ജി. പരമേശ്വരൻ നായർ

വാർഡ് 4 ശ്രീ. മുഹമ്മദ് യൂനുസ്

വാർഡ് 5. ശ്രീ. എ. ബാഹുലേയൻ

ശ്രീ. നീലകണ്ഠൻ (സംവരണം)

വാർഡ് 6. ശ്രീ. നാരായണൻനായർ

വാർഡ് 7. ശ്രീ. എൽ. ഗംഗാധരൻ

ഈ കമ്മറ്റിയിൽ ശ്രീമതി വി. തങ്കമ്മ, ശ്രീമതി സരസ്വതിയമ്മ എന്നിവരെ വനിതാപ്രതിനിധികളായി നോമിനേറ്റ് ചെയ്യുകയുണ്ടായി. ഈ കമ്മിറ്റി 17 വർഷക്കാലം പ്രവർത്തിച്ചു.

മൂന്നാം പഞ്ചായത്ത് ഭരണസമിതി
28.9.1979-ൽ നിലവിൽവന്നു.

പ്രസിഡന്റ് : ശ്രീ. എ. ബാഹുലേയൻ

വൈ.പ്രസിഡന്റ് : ശ്രീ. ജി. ബാലകൃഷ്ണപിള്ള

കമ്മിറ്റി അംഗങ്ങൾ

വാർഡ് 1. ശ്രീ. കെ. വാസുദേവക്കുറുപ്പ്

വാർഡ് 2. ശ്രീ. എം. കെ. സുകുമാരൻ

വാർഡ് 3 ശ്രീമതി ജി. സേതുകുമാരി

വാർഡ് 4 ശ്രീ. ജി. വിദ്യാധരൻ

വാർഡ് 5. ശ്രീ. എ. ഇബ്രാഹിംകുട്ടി

വാർഡ് 6. ശ്രീ. എ. ബാഹുലേയൻ

വാർഡ് 7. ശ്രീ. കെ. സുകുമാരൻ

വാർഡ് 8. ശ്രീ. കെ. സുകുമാരൻ (സംവരണം)

വാർഡ് 9. ശ്രീ. ജി. ബാലകൃഷ്ണപിള്ള

വാർഡ് 10. ശ്രീ. കെ. അരവിന്ദാക്ഷൻ

നാലാം പഞ്ചായത്ത് ഭരണസമിതി
8.2.1988 നിലവിൽവന്നു.

പ്രസിഡന്റ് : ശ്രീ. എ. ഇബ്രാഹിംകുട്ടി

വൈ.പ്രസിഡന്റ് : ശ്രീ. വാസുദേവൻനായർ

കമ്മിറ്റി അംഗങ്ങൾ

വാർഡ് 1. ശ്രീമതി സുകേശിനയമ്മ

വാർഡ് 2. ശ്രീ. എം. കെ. സുകുമാരൻ

വാർഡ് 3 ശ്രീ. ജി. ശശിധരൻനായർ

വാർഡ് 4 ശ്രീ. എ. ഇബ്രാഹിംകുട്ടി

വാർഡ് 5. ശ്രീമതി വസന്തകുമാരിയമ്മ

വാർഡ് 6. ശ്രീ. ദേവദാസൻ

വാർഡ് 7. ശ്രീ. പീതാംബരൻ

വാർഡ് 8. ശ്രീ. കൃഷ്ണൻകുട്ടി

വാർഡ് 9. ശ്രീ. വാസുദേവൻനായർ

വാർഡ് 10. ശ്രീ. എസ്. നോവൽരാജ്

അഞ്ചാം പഞ്ചായത്ത് ഭരണസമിതി
നിലവിൽവന്നത് 2.10.1995

പ്രസിഡന്റ് : അഡ്വ. വി.എസ്. ഹരീന്ദ്രൻനായർ

വൈ.പ്രസിഡന്റ് : ശ്രീ. ജി.എസ്. സെൽമോൾ

ഈ കമ്മിറ്റി തുടരുന്നു.

ഈ പഞ്ചായത്തിൽ വിവിധകാലഘട്ടങ്ങളിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ അനേകം പദ്ധതികൾ ഉണ്ടായിട്ടുണ്ട്. ദീർഘകാലം നിലനിൽ ക്കുന്നതും ജനോപകാരപ്രദമായ അനേകം പദ്ധതികൾക്ക് നേതൃത്വംകൊടുത്തു നടപ്പിലാക്കിയിട്ടു ള്ളത്, കാൽനൂറ്റാണ്ടു കാലം ഈ പഞ്ചായത്തിന്റെ പ്രസിഡന്റായിരുന്ന ശ്രീ. എ. ബാഹുലേയന്റെ നേതൃത്വ ത്തിലാണ്. തിരുവനന്തപുരം ജില്ലയിൽ ആദ്യമായി കെട്ടിടം നിർമ്മിച്ച പഞ്ചായത്തുകളി ലൊന്നാണ് നഗരൂർ. ആദ്യമായി അനുവദിക്കപ്പെട്ട ഗവ. ഡിസ്പെൻസറികളിൽ ഒന്ന് ഈ പഞ്ചായത്തിൽ കേശവപുരത്ത് സ്ഥാപിക്കപ്പെട്ടു. പിൽക്കാലത്ത് പ്രൈമറി ഹെൽത്ത് സെന്ററായും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായും ഉയർത്തപ്പെട്ടു. വെള്ളം കൊള്ളി മൃഗാശുപത്രി, കൃഷിഭവൻ, സബ് രജിസ്ട്രാഫീസ്, കേശവപുരം സി.എച്ച്.സി. -എക്സ്റേ പ്ലാന്റ്, വെള്ളല്ലൂർ, നഗരൂർ, പെരുമാമല, ശുദ്ധജലവിതരണ പദ്ധതി, കരിമ്പാലോട് നന്ദായിവനം ദർശനാവട്ടം ഹെൽത്ത് സെന്ററുകൾ, പുതിയ പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ്, വെള്ളല്ലൂർ, നഗരൂർ വില്ലേജോഫീസുക ൾക്ക് കെട്ടിടം, നെടുമ്പറമ്പ് ഗവ. ഹൈസ്കൂൾ തുടങ്ങി നിരവധി വികസനപ്രവർത്തനങ്ങളോടൊപ്പം ഈ പഞ്ചായത്തിനെ സ്വാശ്രയ പഞ്ചായത്തായി ഗവമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി ഭൂമി സംഭാവനചെയ്തവർ

ദാതാവ് മേൽവിലാസവും	നിർമ്മിച്ചസ്ഥാപനത്തിന്റെ പേര്
ബ്രഹ്മശ്രീ നാരായണരുകൃഷ്ണരു, കുറിയിടത്തുമഠം, ചെങ്കിക്കുന്നു.	ബ്ലോക്കാഫീസ്, പഞ്ചായത്താഫിസ്
ബ്രഹ്മശ്രീ കുഞ്ഞുകൃഷ്ണൻപോറ്റി, തോട്ടുവാശ്ശേരി മഠം, കേശവപുരം	കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ
ശ്രീമതി വനജാക്ഷി, ശൂരപ്പെട്ടിവിള, നെടുമ്പറമ്പ്	
വി. ജനാർദ്ദനനും കുടുംബാംഗങ്ങളും കണിയാൻവിളാകം, നെടുമ്പറമ്പ്	നെടുമ്പറമ്പ് ഗവ:
ശ്രീമതി സരസ്വതിയമ്മ, ഇളവൻമഠം, നെടുമ്പറമ്പ്	ഹൈസ്കൂൾ
ശ്രീമതി രാജകി, ശ്രീമതി കമലാവതി കുടുംബാംഗങ്ങളും, കുന്നുവിളവീട്, നെടുമ്പറമ്പ്	
ശ്രീ. ജി. ശ്രീധരൻ, ചരുവിളവീട്, നെടുമ്പറമ്പ്	പഞ്ചായത്ത് വായനശാല, നെടുമ്പറമ്പ്
ശ്രീ. വി. കൃഷ്ണൻ, ആലുവിളവീട്, നെടുമ്പറമ്പ്	ഗവ: ആയുർവ്വേദ ഡിസ്പെൻസറി
ശ്രീ. ഗോപാലൻ, കാളിവിള, ദർശനാവട്ടം	ആൽത്തറമൂട്ചന്ത
ശ്രീമതി ദേവകിഅമ്മ, മുള്ളുവിളവീട്, കോയിക്കൽ	ഉദയാപാർക്ക് കോമ്പൗണ്ട്
എസ്. ഭവാനി , ബംഗ്ലാവിൽ വീട് പാളയം, വെള്ളല്ലൂർ.	പാളയംചന്ത, വെള്ളല്ലൂർ

ഈ പട്ടിക പൂർണ്ണമല്ല.

ഈ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഭൂമി നൽകിയിട്ടുള്ള വളരെയധികംപേർ ഇനിയുമുണ്ട്. എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

സാമൂഹ്യചരിത്രം

മിക്കവാറും എല്ലാ സ്ഥലനാമങ്ങളുടെയും പിന്നിൽ ഒരു കഥയോ കാരണമോ ഉണ്ടാകും. സാംസ്കാരിക ഉന്നമനങ്ങളുടെയെല്ലാം പിന്നിൽ ഒരു നദിയുടെ സാമീപ്യവും കാണാം. വാമനപുരം നദിയുടെ സാമീപ്യം നൂറ്റാണ്ടുകൾക്ക് മുമ്പേതന്നെ ഈ ഭൂവിഭാഗത്തിന് നാഗരികത സംഭാവനചെയ്തിരിക്കാം. നാഗരികതയുള്ള പ്രദേശം എന്ന കാഴ്ചപ്പാടിൽ നഗരഊര് എന്ന പേര് ലഭിക്കുകയും വായ്മൊഴിയിൽ അത് ലോപിച്ച് നഗരൂർ ആയിത്തീർന്നതുമാകാം.

80-ലധികം നാഗരുകാവുകൾ ഉള്ള ഈ ഭൂവിഭാഗത്തിന് നാഗരുടെ ഊര് എന്ന അർത്ഥത്തിൽ നഗരൂർ എന്ന പേർ പൗരാണിമായിത്തന്നെ രൂപപ്പെട്ടതുമാകാം.

ലോകസംസ്കാരത്തിന്റെ ചരിത്രം പരിശോധിച്ചാൽ കൃഷിയും നാഗരികതയും തമ്മിൽ കെട്ടുപിണഞ്ഞുകിടക്കുന്നത് കാണാം. വ്യാവസായികാടിസ്ഥാനത്തിലുള്ള കൃഷിരീതികൾ ആരംഭിക്കുന്നതിന് എത്രയോ മുമ്പുതന്നെ മനുഷ്യൻ ഭക്ഷ്യോല്പാദനതാല്പര്യത്തോടെ കൃഷി ആരംഭിച്ചിരുന്നു. നഗരൂർ പഞ്ചായത്ത് പ്രദേശത്തിന്റെ ചരിത്രവും ഈ കാർഷികചരിത്രത്തിൽനിന്നും വിഭിന്നമല്ല. വയലേലകൾ താരതമ്യേന കൂടുതലുള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. പഴമയുടെ തിരുശേഷിപ്പുകളുമായി ഇന്നും നിലകൊള്ളുന്ന പലേ വീടുകളും വയലോരത്താണ്.

കൃഷിയുമായി ബന്ധപ്പെട്ട് ആരംഭിച്ച നഗരൂരിന്റെ നാഗരികതയുടെ ആദ്യനാളുകൾ ഭൂപ്രഭുത്വവുമായി ബന്ധപ്പെട്ടതാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം മഠങ്ങളുടേയും ദേവസ്വങ്ങളുടേയും രാജകുടുംബങ്ങളുടേയും കൈയ്യിലായിരുന്നു. വയലേലകൾക്കു സമീപം സ്ഥിതിചെയ്യുന്ന മഠങ്ങളും ശൈവവൈഷ്ണവക്ഷേത്രങ്ങളും അവിടത്തെ ഊട്ടുപുരകളും ഭൂപ്രഭുത്വ മേധാവിത്വത്തിന്റെയും ആർഭാടത്തിന്റെയും ആഹ്ലാദത്തിന്റെയും കളിയരങ്ങുകളായി നിലകൊണ്ടപ്പോൾ മൊട്ടക്കുന്നുകളും കുന്നിൻച്ചരിവുകളും അടിയാൻമാരുടെയും കുടിയാൻമാരുടെയും ഇല്ലായ്മകളും വല്ലായ്മകളും പങ്കുവച്ചു. കൂത്തും കൂടിയാട്ടവും കഥകളിയുമായി ഭൂപ്രഭുത്വം കാലംകഴിച്ചപ്പോൾ വയലേലകളിലെ ചെറുചായക്കടകൾ അടിച്ചമർത്തലുകളുടേയും കുടിയിറക്കുകളുടേയും കഥകൾമാത്രം പറയുവാനുള്ള അടിയാളൻമാരുടെ പാഠശാലകളായി മാറി. അദ്ധ്വാനത്തിന്റെ ആഹ്ലാദവും ജീവിതത്തിന്റെ വേദനയും അവിടെ അവർ പങ്കുവച്ചു. ഉറങ്ങിക്കിടക്കുന്ന ചരിത്രത്തിന്റെ ഉണർത്തുപാട്ടുപോലെ ഇത്തരം ചായക്കടകൾ ഇന്നും അങ്ങിങ്ങായി കാണാം.

ദർശനാവട്ടം ശ്രീ ആയിരവില്ലിക്ഷേത്രം, ശങ്കരനാരായണക്ഷേത്രം, മേല്പേരൂർ മഹാവിഷ്ണുക്ഷേത്രം, തേക്കിൻകാട് തൃക്കോവിൽ, മാവേലിക്കോണം ഭഗവതിക്ഷേത്രം, വിരാലൂർക്കാവ് ദേവീക്ഷേത്രം, കീഴ്പേരൂർ ദേവീക്ഷേത്രം ഉൾപ്പെടെയുള്ള ഹൈന്ദവക്ഷേത്രങ്ങളും നഗരൂർ മുസ്ലീംപള്ളി, പേരൂർ മുസ്ലിംപള്ളി, മാത്തയിൽ മുസ്ലീംപള്ളി, നിരവധി തൈയ്ക്കാവുകൾ ഉൾപ്പെടെ അനേകം മുസ്ലീം ആരാധനാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. നാമമാത്രമായെങ്കിലും ക്രൈസ്തവ മതവിശ്വാസികളും ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്. ഇവിടത്തെ ക്ഷേത്രോത്സവങ്ങൾക്ക് ആരംഭം കുറിക്കുന്ന വിരാലൂർക്കാവ് കാർത്തികമഹോത്സവവും, ജാതിമതഭേദമെന്യേ ജനങ്ങൾ ആരാധനയ്ക്കെത്തുന്ന നന്ദായിവനം കുളങ്ങര മുസ്ലീം പള്ളി ചന്ദനക്കുട മഹോത്സവവും പഞ്ചായത്തിന് പുറത്തുപോലും ഏറെ ശ്രദ്ധിക്കപ്പെടുന്നതാണ്.

സാമൂഹിക അനാചാരങ്ങൾക്കെതിരെ ശ്രീനാരാ

നഗരൂരു, ചട്ടമ്പിസ്വാമികൾ തുടങ്ങി നിരവധി സാമൂ
ഹ്യപരിഷ്ക്കർത്താക്കളുടെ ബോധപൂർവ്വമായ ഇടപെ
ടലുകളും വൈക്കം സത്യാഗ്രഹവും ഗുരുവായൂർ
സത്യാഗ്രവും തുടങ്ങി അനവധി പ്രക്ഷോഭസമരങ്ങ
ളുടെ സ്വാധീനത്താൽ തൊട്ടുകൂടായ്മ, തീണ്ടിക്കൂ
ടായ്മ, മാറുമറയ്ക്കാതിരിക്കൽ, വഴിമാറിനടക്കൽ,
പ്രക്ഷേത്രദർശനനിഷേധം തുടങ്ങിയ പലേ അനാചാര
ങ്ങൾക്കും ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ
തന്നെ ഇവിടെ വിരാമം കുറിക്കാൻ കഴിഞ്ഞു. ഈ
നൂറ്റാണ്ടിന്റെ ആദ്യനാളുകളിൽ തന്നെ വ്യാപക മായി
കുടിപ്പള്ളിക്കൂടങ്ങൾ ആരംഭിച്ചുകൊണ്ട് വിദ്യാഭ്യാ
സത്തിന് നാന്ദികുറിച്ചു എങ്കിലും പട്ടികജാ തി വിഭാഗ
ത്തിൽപ്പെട്ടവർക്ക് പ്രത്യേകം ബാർബർ ഷോപ്പുകളും
ചായക്കടകളും പ്രത്യേകം പാത്രങ്ങളും മുറ്റത്ത്
കുമ്പിളിൽ കഞ്ഞികൊടുക്കലും പിന്നെയും ഉദ്ദേശം
കാൽനൂറ്റാണ്ടോളം കാലം വ്യാപകമായി തന്നെ
ഇവിടെ നിലനിന്നിരുന്നു.

1950 കളിൽ ഈ പ്രദേശത്തെ ഭൂരിഭാഗം കൃഷി
ഭൂമിയും നാവായിക്കുളം ദേവസ്വത്തിന്റെ കീഴിലായി
രുന്നു. കൃഷിക്കാർ സർക്കാരിലേക്ക് അടയ്ക്കേണ്ട
കാലണ നികുതിയുടെ ഏഴിരട്ടിയോളം ദേവസ്വത്തി
ലേയ്ക്ക് അടയ്ക്കുവാൻ നിർബന്ധിതരായിരുന്നു.
ഇതിനെതിരെ സംഘടിച്ച കർഷകർ എ.കെ.ജി., എം.
എൻ. ഗോവിന്ദൻനായർ എന്നിവരുടെ നേതൃത്വത്തിൽ
നഗരൂരിൽ കൺവൻഷൻ ചേർന്ന് നികുതിനിഷേധം
പ്രഖ്യാപിച്ചു. ഇതിൽ കുപിതരായ ദേവസ്വം അധികാ
രികൾ കൃഷിഭൂമി ലേലം ചെയ്തുകൊടുക്കുവാൻ
തീരുമാനിച്ചു. ഇതിനെതിരെ നൂറുകണക്കിനാൾ
ക്കാർ സംഘടിച്ച് നാവായിക്കുളത്തെത്തി ലേലനടപ
ടികൾ തടഞ്ഞു. ഈ കർഷക മുന്നേറ്റത്തിൽ
ദേവസ്വം അധികാരികൾ മുട്ടുകുത്തുകയും അമിതനി
കുതിയും ലേലനടപടികളും നിർത്തിവയ്ക്കുകയും
ചെയ്തു. ഈ സംഭവം ഈ പ്രദേശത്തെ സംഘടിത
കർഷക പ്രസ്ഥാനത്തിന് കരുത്തേകി.

കേരളത്തിലാകമാനും കർഷകരും കർഷകതൊ
ഴിലാളികളും കൃഷിഭൂമിക്കുവേണ്ടിയുള്ള നിരന്തരസ
മരം തുടർന്നുവരവെ കേരളത്തിൽ അധികാരത്തിൽ
വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഭൂപരിഷ്ക്കരണ
നിയമത്തിന് തുടക്കം കുറിക്കുകയും കുടികിടപ്പുകാ
രനെയും പാട്ടക്കാരനെയും പാതിവാരക്കാരനെയും
കൃഷിഭൂമിയുടെ ഉടമകളാക്കി മാറ്റുകയും ചെയ്തു.
എന്നാൽ നിയമപരമായി തനിക്ക് അവകാശം സിദ്ധിച്ച
ഭൂമി ജന്മിക്കുതന്നെ തിരിച്ചുനൽകിക്കൊണ്ട് ജന്മി
യൊടുള്ള കൂറും ആത്മാർത്ഥതയും പ്രകടിപ്പിച്ച കുടി
യാളന്മാരും ചുരുക്കമായെങ്കിലും ഈ പഞ്ചായത്തിലു
ണ്ടായിരുന്നു.

നവോത്ഥാനപ്രസ്ഥാനത്തിന്റെയും ജീവൽ
സാഹിത്യപ്രസ്ഥാനത്തിന്റെയും സ്വാധീനം 1950-60
കളിൽ ഈ പ്രദേശത്ത് ശക്തിയാർജിച്ചു. ഇതിന്റെ
ഫലമായി ജനകീയ പങ്കാളിത്തത്തോടുകൂടി വായന
ശാലകളും കലാസാംസ്കാരിക സമിതികളും വ്യാപ
കമായി നിലവിൽവന്നു. ഈ കാലഘട്ടത്തിൽ യുവാ
ക്കൾ ഉൾപ്പെടെയുള്ള ഗ്രാമീണജനതയിൽ പുരോഗമ
നോന്മുഖമായ വ്യക്തിവികാസത്തിനും സാംസ്കാരി
കപുരോഗതിക്കും ഇത്തരം പ്രസ്ഥാനം വഴിതെളിച്ചു.
ഇതിലൂടെ ഉരുത്തിരിഞ്ഞ കൂട്ടായ്മയുടെ ഫലമായി
നിരവധി വികസനപദ്ധതികൾ ജനങ്ങൾ നേരിട്ട് ഏറ്റെ
ടുത്ത് ഈ പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കിയി
ട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ വികസനപാതയിൽ വിസ്മ
രിക്കാനാവാത്ത സംഭാവനകൾ നൽകിയിട്ടുള്ള കുടും
ബങ്ങളിൽപ്പെട്ട അംഗങ്ങൾ ഉൾപ്പെടെയുള്ളവരെ
നക്സലേറ്റ് പ്രത്യയശാസ്ത്രത്തിന്റെ പേരിൽ 1970-ൽ
അരുംകൊലയ്ക്കിരയാക്കിയ സംഭവം നഗരൂർ പഞ്ചാ
യത്തിന്റെ ചരിത്രത്തിൽ ദുഃഖത്തോടുകൂടിയേ സ്മരി
ക്കാൻ കഴിയൂ.

നവോത്ഥാനപ്രസ്ഥാനത്തിന്റെയും ഭൂപരിഷ്കര
ണനിയമത്തിന്റെയും സംഘടിത തൊഴിലാളിവർഗ്ഗ പ്ര
സ്ഥാനത്തിന്റെ മുന്നേറ്റത്തിന്റെയും ഫലമായി നേടി
യെടുത്ത ആത്മവിശ്വാസം ജാതീയമായ ഉച്ചനീചത്വ
ങ്ങൾ അവസാനിപ്പിക്കുന്നതിനും സാമൂഹ്യനീതിയും
അവകാശബോധവും ഉറപ്പുവരുത്തുന്ന ഒരു സമൂഹ
ത്തെ കെട്ടിപ്പടുക്കുവാൻ സഹായിച്ചു.

ജാതിമത വർഗ്ഗീയതകൾ സംഭാവന ചെയ്ത
ജീർണ്ണ സംസ്കാരം വഴിമാറിപ്പോയിടത്ത് നവോത്ഥാ
നത്തിന്റെ പൊൻവെളിച്ചം വിതറുന്ന ഒരു പുത്തൻ
സംസ്കാരത്തിന്റെ പാതയിലാണ് ഇന്നീ പഞ്ചായത്ത്
പ്രദേശം.

ഭൂപ്രകൃതി



തിരുവനന്തപുരം ജില്ലയിൽ തലസ്ഥാനത്തിന് 40 കി. മീ. വടക്ക് മാറി കിളിമാനൂർ നിയമസഭാനിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് പ്രദേശമാണ് നഗൂർ. കിളിമാനൂർ, മടവൂർ, നാവായിക്കുളം, കരവാരം എന്നീ പഞ്ചായത്ത് പ്രദേശങ്ങൾ നഗരൂരിന് ചുറ്റുമായി സ്ഥിതിചെയ്യുന്നു. കുന്നിൻ പ്രദേശങ്ങളും താഴ്വരകളും നിരന്നപ്രദേശങ്ങളും വയലേലകളും ചേർന്നതാണ് ഈ പഞ്ചായത്തിന്റെ ഭൂവിഭാഗം. പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും ഈ പൊതുസ്വഭാവം നിലനിൽക്കുന്നു. പഞ്ചായത്ത് പ്രദേശത്തിന്റെ തെക്കു ഭാഗത്തുകൂടി വാമനപുരം ആറൊഴുകുന്നു. ഭൂപ്രകൃതിയുടെയും ഭൂവിനിയോഗത്തിന്റെയും പൊതുസ്വഭാവം കണക്കിലെടുത്തു വേണം വികസനപദ്ധതികൾ ആസൂത്രണം ചെയ്യാൻ.

വളരെ സമ്പന്നമായ സസ്യവിളവൈജാത്യങ്ങൾ പണ്ടുമുതൽക്കേ ഈ പഞ്ചായത്ത് പ്രദേശത്ത് നിലനിന്നിരുന്നു. എല്ലാ കുന്നിൻപ്രദേശങ്ങളിലും ജനവാസം പൂർണ്ണമായോ ഭാഗികമായോയുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ റബർകൃഷിയും മറ്റ് ഇടവിളകൃഷികളുമുണ്ട്. പ്രധാനമായും തെങ്ങുകൃഷിയും റബർകൃഷിയുമാണുള്ളത്. ഭാഗികമായി മരച്ചീനിയുൾപ്പെടെയുള്ള കിഴങ്ങുവർഗ്ഗവിളകൾ കൃഷി ചെയ്യുന്നു.

നഗരൂർ പഞ്ചായത്ത് പ്രദേശത്തെ കാർഷികമേഖല തെക്കൻ ഇടനാട് വിഭാഗത്തിൽപ്പെടുന്നു. ലാറ്ററൈറ്റ് മണ്ണാണ് ഇവിടത്തേത്. നാളീകേരം, നെല്ല്, മരച്ചീനി, അടയ്ക്ക എന്നിവയാണ് ഈ മേഖലയിലെ പ്രധാനകൃഷി. ചരിഞ്ഞപ്രദേശങ്ങളിലെ പ്രധാന കൃഷി റബർ, കശുമാവ് എന്നിവയാണ്.

കാലാവസ്ഥ

മഴ ഏറ്റവും കൂടുതൽ ലഭ്യമാകുന്നത് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ്. തുലാവർഷത്തെ അപേക്ഷിച്ച് ഇടവപ്പാതിക്കാണ് മഴ കൂടുതൽ ലഭിക്കുന്നത്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ചൂട് വളരെ കൂടുതൽ അനുഭവപ്പെടുന്നു. ഏപ്രിലിൽ 35° വരെ ചൂട് എത്താറുണ്ട്.

ഇടവപ്പാതി		തുലാവർഷം	
മേയ്	225mm	സെപ്തംബർ	55mm
ജൂൺ	377mm	ഒക്ടോബർ	280mm
ആഗസ്റ്റ്	279mm	നവംബർ	180mm

ജലലഭ്യത

മഴക്കാലത്തു നിറയുന്ന തോടുകളിലും കുളങ്ങളിലും മഴക്കാലം കഴിയുന്നതോടെ ജലത്തിന്റെ അളവ് വളരെ കുറയുന്നു. ജലം ശേഖരിക്കുന്നതിന്

തോടിൽകൂടിയുള്ള നീരൊഴുക്കിന്റെ വേഗത കുറയ്ക്കുന്നതിനോ ഉള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. മഴക്കാലത്ത് മടവീഴ്ചമൂലം വെള്ളംകയറി കൃഷി നശിക്കുമ്പോൾ വേനൽക്കാലത്ത് വെള്ളം കിട്ടാത്തതുമൂലം കൃഷിനാശം സംഭവിക്കുന്നു. സമൃദ്ധമായ ജലവിഭവമാനേജ്മെന്റിന്റെ അഭാവം കൃഷിയെ വളരെ ദോഷകരമായി ബാധിക്കുന്നു. ചരിഞ്ഞ പ്രദേശങ്ങളിൽ 69% മണ്ണൊലിപ്പുണ്ടാകുന്നു. നീർതടപദ്ധതികൾ ഏറ്റവും കൂടുതൽ പ്രാധാന്യത്തോടെ നടപ്പാക്കേണ്ട പഞ്ചായത്താണ് നഗരൂർ.

മണ്ണ്


ഇടനാടൻ ലാറ്ററൈറ്റ് മണ്ണാണ് കുന്നിൻപ്രദേശങ്ങളിലും ചരിവുകളിലുമുള്ളത്. ചരിവുകളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്. താഴ്വര പ്രദേശത്ത് വയലേലകളാണുള്ളത്. കളിമണ്ണിന്റെ അംശം കൂടുതലുള്ള ബ്രൗൺ ഹൈഡ്രോമോർഫിക് മണ്ണാണ് ഇവിടുത്തേത്. നല്ല നീർവാഴ്ചയുള്ളതും 150 സെ.മീറ്റർ വരെ ആഴമുള്ളതുമായ മൺപാളികളാണ് ഇവിടുള്ളത്. ഇഷ്ടികനിർമ്മാണത്തിനുവേണ്ടി വളരെ കുറഞ്ഞഅളവിലെ ഇവിടെ വയൽപ്രദേശങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടുള്ളു. എന്നിരുന്നാലും ഇതിനുവേണ്ടി മണ്ണെടുത്ത് കുഴികളാക്കപ്പെട്ട വയൽപ്രദേശങ്ങളും കാണാം. ഇതൊരു പരസ്ഥിതി പ്രശ്നമാണ്. കുന്നിൻപ്രദേശങ്ങളിൽ അധികഭാഗത്തും പാറകളാണ്. ഗ്രാനൈറ്റ് നിക്ഷേപവുമുണ്ട്. ഇത് അനധികൃതമായി വലിയ തോതിൽ പൊട്ടിച്ചുമാറ്റുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വാമനപുരം ആറിൽ നിന്ന് മണൽ കോരുന്നത് മറ്റൊരു പരിസ്ഥിതി പ്രശ്നമാണ്. ആറിന്റെ വശങ്ങൾ ഇടിയുകയും ഭൂഗർഭജലവിതാനം താഴ്ന്നുകുറയുകയും ചെയ്യുന്നു.

ഭൂവിനിയോഗം

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

ഇനം	ഉണ്ടായിരുന്നത്	ഇപ്പോഴുള്ളത്
നെല്ല്	470ഹെക്ടർ	300 ഹെക്ടർ
തെങ്ങ്	742ഹെക്ടർ	711 ഹെക്ടർ
റബർ	45ഹെക്ടർ	118ഹെക്ടർ
ഇടവിള	1720ഹെക്ടർ	1662ഹെക്ടർ

ട്രൻസെക്ട് -1



ട്രൻസെക്ട് -2



ഭൂപ്രകൃതി	ചരിഞ്ഞ പ്രദേശം	നിരന്ന പ്രദേശം നിലം	ചെങ്കുത്തായ പ്രദേശം	കുന്നിൻ മണ്ട	ചെങ്കുത്തായ പ്രദേശം	നിരന്ന പ്രദേശം നിലം	ചരിഞ്ഞ പ്രദേശം
മൺതരം	ചെങ്കൽമണ്ണ്	ബ്രൗൺ ഹൈഡ്രോ മോർഫിക്	ചെങ്കൽമണ്ണ്	ചെങ്കൽമണ്ണ്	ചെങ്കൽമണ്ണ്	ബ്രൗൺ ഹൈഡ്രോ മോർഫിക്	ചെങ്കൽമണ്ണ്
സസ്യാവരണം	തെങ്ങ് റബർ	നെല്ല്	റബർ ഇടവിള	റബർ ഇടവിള	തെങ്ങ് റബർ കുരുമുളക്	തെങ്ങ് നെല്ല്	ഇടവിള
പരിസ്ഥിതി പ്രശ്നം	മണ്ണൊലിപ്പ്	നിലം നികത്തൽ	മണ്ണൊലിപ്പ്	മണ്ണൊലിപ്പ് പാറ പൊട്ടിക്കൽ	പാറ പൊട്ടിക്കൽ	കളിമൺ ഖനനവും മണൽക്കോരൽ	മണ്ണൊലിപ്പ്

കൂടുതൽ കെട്ടിടങ്ങളും റോഡുകളുമുണ്ടായത് കൃഷിഭൂമിയെ ഗണ്യമായി കുറച്ചു. നെൽക്കൃഷിയിൽ 170 ഹെക്ടറിന്റെ കുറവുണ്ടായത് കാർഷികമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പുരയിടങ്ങളിൽ തെങ്ങുകൃഷി ഭാഗികമായി റബർകൃഷിക്ക് വഴിമാറികൊടുത്തെങ്കിലും നിലംനികത്തി തെങ്ങുവയ്ക്കുന്ന രീതി തുടർന്നുവന്നാൽ തെങ്ങുകൃഷി ചെയ്യുന്ന ഭൂമിയ്ക്ക് കാര്യമായ വ്യത്യാസം വന്നിട്ടില്ല. തെങ്ങുകൃഷി ചെയ്തിരുന്ന പുരയിടങ്ങളിൽ ഭാഗികമായി തരിശുഭൂമിയായി കിടന്ന ചരിവുപ്രദേശങ്ങളിലും റബർ കൃഷി വ്യാപകമാകുന്നതായാണ് കണ്ടുവരുന്നത് ഈ പ്രക്രിയയിൽ ഇടവിളകൃഷികളും കശുമാവും ഗണ്യമായി കുറഞ്ഞുപോകുകയുണ്ടായി. ഒരു കാലത്ത് സസ്യവൈജാത്യത്തിലും വിള വൈജാത്യത്തിലും സമ്പന്നമായിരുന്ന കാർഷികമേഖല ഇന്ന് തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

ജനസംഖ്യ

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിന്റെ ജനസംഖ്യ 24088 ആണ്. ഇതിൽ 11608 പുരുഷന്മാരും 12408 സ്ത്രീകളുമാണ്. ആൺകുട്ടികൾ 1623 ഉം പെൺകുട്ടികൾ 1520 ഉം ആണ്. പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർ ജനസംഖ്യയുടെ 17.35% വരും. നഗരൂർ പഞ്ചായത്ത് പ്രദേശത്തെ സക്ഷരരുടെ എണ്ണം 18163 ആണ്. ഇത് ജനസംഖ്യയുടെ 77.27% വരും. സ്ത്രീ സാക്ഷരതാനിരക്ക് 72.47 % വുമാണ്. ഇത് പുരുഷന്മാരുടെ സാക്ഷരതയെക്കാൾ 6.54% കുറവാണ്. തുടർസാക്ഷരതാ പദ്ധതികൾ സജീവമാക്കുകയും ഈ നിലയ്ക്ക് മാറ്റം വരുത്തുകയും വേണം. രണ്ടുവില്ലേജുകൾ ചേർന്നതാണ് നഗരൂർ പഞ്ചായത്ത് പ്രദേശം.

വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ

ക്രമനമ്പർ	വിഷയവിവരം	നഗരൂർ	വെള്ളല്ലൂർ
1	വില്ലേജിന്റെ വിസ്തീർണ്ണം	1197.34 ഹെക്ടർ	1132.67 ഹെക്ടർ
2	ജനവാസമുള്ള വീടുകളുടെ എണ്ണം	2864	2342
3	ആകെ വീടുകളുടെ എണ്ണം	2886	2343
4	ആകെ ജനസംഖ്യ	13474	10614
	പുരുഷൻ	6468	5132
	സ്ത്രീ	7006	5482
5	കുട്ടികൾ (0-6)	1764	1379
	പുരുഷൻ	891	732
	സ്ത്രീ	873	647
6	പട്ടികജാതി വിഭാഗം	1900	2276
	പുരുഷൻ	903	1103
	സ്ത്രീ	997	1173
7	സാക്ഷരത	10236	7927
	പുരുഷൻ	5173	3998
	സ്ത്രീ	5063	3929

1991-ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച്



കൃഷിയും ജലസേചനവും



ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ കൃഷിഭൂമി ദേവസ്വം, ബ്രഹ്മസ്വം, പണ്ടാരപ്പാട്ടം എന്നീനിലകളിലായിരുന്നു. ഇതാകട്ടെ ജന്മികുടിയാൻ വ്യവസ്ഥയിൽ അധിഷ്ഠിതമായിരുന്നു. കുടിയാന്മനിയമവും ഭൂപരിഷ്ക്കരണ നിയമവും ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി. ഭൂരിഭാഗം കൃഷിഭൂമിയും കർഷകന്റെ സ്വന്തമായി. ഇതോടൊപ്പംതന്നെ കൃഷിരീതികളിലും മാറ്റങ്ങൾ വന്നു. 1960 വരെ ജൈവവളങ്ങളെ ആശ്രയിച്ചായിരുന്നു കൃഷി. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ ജൈവവളത്തിന്റെ ഉപയോഗം കുറയുകയും ആ സ്ഥാനത്ത് രാസവളങ്ങൾ ഉപയോഗിച്ച് തുടങ്ങുകയും ചെയ്തു. ഇന്നാകട്ടെ ജൈവവളങ്ങളുടെ ഉപയോഗം വളരെ കുറവാണ്. കാർഷിക ഉപകരണങ്ങളിലും രീതികളിലും മാറ്റങ്ങളുണ്ടായി. പഴയ മരക്കൊഴു, ഒറ്റക്കൊഴു എന്നിവ പ്രചാരത്തിലില്ലാതായി. ഉരുക്കളെ വളർത്തി അവയെ ഉപയോഗിച്ച് ഉഴവുനടത്തുന്ന സമ്പ്രദായവും വളരെ കുറഞ്ഞു. ഇതിനൊരു പ്രധാനകാരണം കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും അതുമൂലമുണ്ടായ കൃഷിഭൂമികളുടെ തുണ്ടുവൽക്കരണവുമാണ്.

റവന്യൂരേഖകൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ആകെ 470 ഹെക്ടറോളം ഭൂമിയിലാണ് നെൽക്കൃഷി ചെയ്തിരുന്നത്. എന്നാൽ ഇന്ന് അത് കേവലം 300 ഹെക്ടർ മാത്രമാണ്. ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലം മുതൽ നെൽപ്പാടങ്ങൾ നികത്തി തെങ്ങുകൃഷി ചെയ്യുന്ന പതിവ് ആരംഭിച്ചിരുന്നു. ആദ്യമാദ്യം പൊതയൽ നിലങ്ങളാണ് നികത്തിയിരുന്നത് എന്നാൽ പിൽക്കാലങ്ങളിൽ ഈ രീതി കൂടുതൽ സാർവ്വത്രികമായതായാണ് കണ്ടുവരുന്നത്.

ഭൂപ്രകൃതിനിയമമനുസരിച്ചും കാലാവസ്ഥയുടെ സ്വഭാവമനുസരിച്ചുമുള്ള കാലികവിളകളാണ് സാധാരണകൃഷി ചെയ്തു വരുന്നത്. തെങ്ങും, കിഴങ്ങുവർഗ്ഗവിളകളും, വൃക്ഷവിളകളും സാർവ്വത്രികമായിരുന്നു. പണ്ടുകാലത്ത് പാതിവാരം (പകുതിവാരം) നിലനിന്നിരുന്നതുകൊണ്ട് നിലം നികത്തിയുള്ള തെങ്ങു കൃഷിക്ക് സാദ്ധ്യതയില്ലായിരുന്നു. എന്നാൽ 1950 കൾക്കുശേഷം ഈ നിലയിൽ മാറ്റം വരികയുണ്ടായി. നെൽപ്പാടങ്ങൾ നികത്തി തെങ്ങുകൃഷി ചെയ്യുന്നത് കൂടുതൽ എളുപ്പവും ലാഭകരവുമായിതീർന്നു. ഇതിനൊരു പ്രധാനകാരണം മറ്റുതൊഴിൽ മേഖലകളിലേക്കുള്ള കർഷകതൊഴിലാളികളുടെ പ്രയാണമാണ്. 1970 കൾക്കുശേഷം ഗൾഫ്മേഖലയിലേയ്ക്കുള്ള തൊഴിലാളികളുടെ ഒഴുക്ക് കാർഷികമേഖലയിലെ കൂലി വർദ്ധിപ്പിക്കുകയും കൃഷിനഷ്ടത്തിലാക്കി തീർക്കുകയും ചെയ്തു. നെൽപ്പാടങ്ങളിൽ 39% നികത്തി തെങ്ങ്കൃഷി നടത്തിക്കഴിഞ്ഞു. ജലസേചനപദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ നെല്ലുൽപ്പാദനം വളരെക്കുറച്ചു. നാമമാത്രമായ പയർ, പച്ചക്കറി കൃഷി മാത്രമേ ഇപ്പോൾ നടക്കുന്നുള്ളു. ഇറക്കു

മതിചെയ്യുന്ന പച്ചക്കറി സാധനങ്ങളെ ആശ്രയിക്കുന്ന ഉപഭോഗക്രമമാണിന്നുള്ളത്.

പുരയിടങ്ങളിൽ മിശ്രകൃഷിയാണുള്ളത്. പുരയിടക്കൃഷിയിൽ ഗണ്യമായ മാറ്റം വന്നിട്ടുണ്ട്. തെങ്ങ്, കശുമാവ്, പ്ലാവ് എന്നിവയുടെ സ്ഥാനത്ത് ഇന്ന് കൂടുതലും റബർകൃഷിയാണുള്ളത്. പുരയിടങ്ങളിൽ ഇന്ന് അപൂർവ്വമായി മാത്രമേ മരച്ചീനിക്കൃഷി ചെയ്യുന്നുള്ളു. ഇത് നിലംനികത്തലിനോടൊപ്പം നടക്കുന്ന ഒരു കൃഷിയായി മാറിക്കൊണ്ടിരിക്കുകയാണ്. കമുക്കൃഷിയും നാമമാത്രമായി മാത്രമേയുള്ളൂ. കമുക്കൃഷി അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം വരൾച്ചയും തജ്ജന്യമായ രോഗങ്ങളുമാണ്. വാഴക്കൃഷിയും വ്യാപകമായിട്ടുണ്ട്. വയലുകളിലാണ് ഇത് കൂടുതലായി ഇപ്പോൾ കൃഷി ചെയ്യുന്നത്. കിഴങ്ങുവർഗ്ഗ കൃഷികൾ താരതമ്യേന കുറഞ്ഞു വരികയാണ്. ഇതിനു പ്രധാനകാരണം ആധുനിക കേരളീയന്റെ ആഹാരരീതിയിൽ വന്ന മാറ്റമാണ്. ഇവിടെ കൃഷി ചെയ്തിരുന്ന നനകിഴങ്ങ്, മുക്കിഴങ്ങ്, കാച്ചിൽ എന്നിവ നാമമാത്രമായി മാറിക്കൊണ്ടിരിക്കുന്നു. എന്നാൽ ചേന, ചേമ്പ് എന്നിവയുടെ സ്ഥിതി അല്പം ഭേദമാണ്. മറ്റു കൃഷികളെ അപേക്ഷിച്ച് റബ്ബർ കൃഷി വ്യാപകമായി നടന്നുവരുന്നു. ഈ സ്ഥിതിതുടർന്നാൽ ഗുരുതരമായ ഭക്ഷ്യദൗർലഭ്യമായിരിക്കും നാം അഭിമുഖീകരിക്കേണ്ടി വരിക.

ജനസംഖ്യാ വർദ്ധനവ് ഭൂവിനിയോഗത്തിൽ ഗണ്യമായ മാറ്റങ്ങൾ വരുത്തി. 1981-91 കാലത്ത് ജനസംഖ്യയിൽ 13.73% വർദ്ധനവുണ്ടായി. തന്മൂലം വീടുകളുടെ എണ്ണം പെരുകുകയുണ്ടായി. റോഡുകൾക്ക് ഇരുവശവുമുള്ള വയലുകൾ നികത്തി വീടുകളും വ്യാപാരസ്ഥാപനങ്ങളും നിർമ്മിക്കുന്നരീതിയും വളരെ കൂടുകയുണ്ടായി. പീഠപ്രദേശങ്ങളിലും കുന്നിൻചരിവുകളിലും കൂടുതൽ പാർപ്പിടങ്ങളുണ്ടായി. തന്നിമിത്തം കൂടുതൽ ഗതാഗതസൗകര്യങ്ങൾ ഒരുക്കേണ്ടി വന്നു. കൂടുതൽ റോഡുകളുണ്ടായി. 166.6 കി.മീ. ദൂരം റോഡുകളാണ് പഞ്ചായത്തിന്റെ അധീനതയിൽ ഇപ്പോഴുള്ളത്. റോഡു നിർമ്മിക്കുമ്പോൾ സ്വാഭാവിക നീർച്ചാലുകൾക്ക് തടസ്സമുണ്ടാകാത്തവിധത്തിൽ കലുങ്കുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക പരിമിതിമൂലം പഞ്ചായത്തിന് കഴിയാറില്ല. കെട്ടിടനിർമ്മാണത്തിനും തെങ്ങുകൃഷിക്കും വേണ്ടിയുള്ള പാടം നികത്തിൽ നീർക്കെട്ടുപോലെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ക്ഷണിച്ചുവരുത്തി. നീർക്കെട്ട് തെങ്ങിന്റെ ഉല്പാദനക്ഷമത കുറയാനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്.

കൃഷിഭൂമികൾ തുണ്ടുവൽക്കരിക്കപ്പെട്ടതോടുകൂടി കാർഷികമേഖലയിലെ കൂട്ടായ്മയില്ലാതെയായി. തന്നിമിത്തം തോടുകളും കുളങ്ങളും മറ്റും സംരക്ഷിക്കുന്ന കാര്യത്തിലും അലംഭാവമുണ്ടായി. ഇതുമൂലം തോടുകളുടേയും കുളങ്ങളുടേയും അരികുകളിടിഞ്ഞ് ജലനിർഗ്ഗമനത്തിന് തടസ്സം സൃഷ്ടിക്കപ്പെടുന്ന സ്ഥിതിയാണിന്നുള്ളത്. പ്രധാനമായും ഈ പ്രശ്നം പണവൽക്കരിക്കപ്പെട്ട പാടശേഖരങ്ങൾക്ക് നടുവിൽക്കൂടി ഒഴുകുന്ന തോടുകൾക്കുണ്ട്.

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

(അവലംബം : കൃഷിഭവൻ, വില്ലേജാഫീസ് രേഖകൾ)

കൃഷിഭവൻ രേഖ

ക്രമനം	ഇനം	വിസ്തീർണ്ണം
1	നിലം	165 ഹെക്ടർ
2	പുരയിടം	1797.63 ഹെക്ടർ
3	പുറമ്പോക്ക്	114.77 ഹെക്ടർ
4	കൃഷിയോഗ്യതരിശ്	-
5	കൃഷിയോഗ്യമല്ലാത്തതരിശ്	114.77 ഹെക്ടർ

വില്ലേജാഫീസ് രേഖ

വില്ലേജ്	ഇനം	വിസ്തീർണ്ണം
വെള്ളല്ലൂർ	പുരയിടം	910.27 ഹെക്ടർ
"	നിലം	160.05 ഹെക്ടർ
"	പുറമ്പോക്ക്	61.56 ഹെക്ടർ
"	തരിശ്	16.03 ഹെക്ടർ
നഗൂർ	പുരയിടം	810.33 ഹെക്ടർ
"	നിലം	310.22 ഹെക്ടർ
"	പുറമ്പോക്ക്	45.21 ഹെക്ടർ
"	തരിശ്	17.65 ഹെക്ടർ

വിളവിസ്തീർണ്ണവും ഉത്പ്പാദനവും

ക്രമ നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടർ)	മൊത്തം ഉത്പാദനം (മെട്രിക്ടൺ)	ഉത്പാദനക്ഷമത (മെട്രിക്ടൺ)
1	നെല്ല്(ഒന്നാംവിള)	165	495	580
2	നെല്ല് (രണ്ടാംവിള)	165	380	450
3	നെല്ല് (മൂന്നാംവിള)	–	–	–
4	പയർ	40	16	36
5	എള്ള്	–	–	–
6	പച്ചക്കറി	6.5	26	200
7	തെങ്ങ്	742	5936000 (എണ്ണം)	9000000 (എണ്ണം)
8	വാഴ	60	72	400
9	മരച്ചീനി	62.5	500	750
10	കൂരുമുളക്	26.5	15	22
11	പ്ലാവ്	–	–	–
12	കശുമാവ്	1.5	19.2	25
13	മാവ്	–	–	–
14	റബ്ബർ	28	105	106
15	കവുങ്ങ്	30	225	360
16	ഇഞ്ചി	2	20	35
17	മഞ്ഞൾ	1	8	10

ഉത്പ്പാദക്ഷമത സംബന്ധിച്ച കാര്യങ്ങളാണ് ഇനി പരിശോധിക്കുവാനുള്ളത്. ഇതിനുമുകളിൽ കാണിച്ചിട്ടുള്ള കൃഷിഭവൻ രേഖയാണ് ആധാരം. എന്നാൽ ഇതിൽ ധാരാളം പൊരുത്തക്കേടുകളുണ്ട്. കൃഷിഭവൻ, വില്ലേജാഫീസ് രേഖകളിലെ വൈരൂപ്യവും കൃഷിക്കാരുമായുള്ള ചർച്ചയും ഇത് വെളിവാക്കുന്നു.

നഗരൂർ പഞ്ചായത്ത് പ്രദേശത്ത് ഇന്നത്തെ കാർഷിക വ്യവസ്ഥയുടെ പ്രധാന പ്രത്യേകത കൃഷിഭൂമികൾ തുണ്ടുവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. 96.81% കർഷകരും നാമമാത്രകർഷകരാണ്. ഒരു ഹെക്ടറി നും രണ്ട് ഹെക്ടറിനുമിടയ്ക്ക് ഭൂമിയുള്ള ചെറുകിട കർഷകരാകട്ടെ 3.01% വും രണ്ടു ഹെക്ടറിന് മുകളിൽ ഭൂമിയുള്ള വൻകിട കർഷകരാകട്ടെ 0.17% മാത്രവുമാണ്. ഈ തോതിലുള്ള തുണ്ടുവൽക്കരണം നിലനിൽക്കെ ശാസ്ത്രീയമായ കൃഷിമുറകൾ അസാദ്ധ്യമാണെന്ന് കാണാം.

ഭൂമിസംബന്ധിച്ച വിവരങ്ങൾ

വില്ലേജ്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ					ഉടമസ്ഥരുടെ എണ്ണം						
						സെന്റ്				ഏക്കർ		
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10	10-25	25-50	50-100	1-2	2-5	5
വെള്ളല്ലൂർ	910.27	160.05	61.56	10.36	1142.24	3818	23	30	1150	650	178	1
നഗരൂർ	810.33	310.22	45.21	17.65	1183.41	ലഭ്യമല്ല						

കൈവശഭൂമി വിസ്തീർണ്ണം

വാർഡ്	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിടകർഷകർ (1-2 ഹെക്ടറർ)	വൻകിടകർഷകർ 2 ഹെക്ടറിന് മുകളിൽ
1	700	15	1
2	725	18	1
3	645	15	1
4	620	12	1
5	710	25	1
6	635	25	1
7	685	30	1
8	790	28	–
9	385	21	1
10	530	12	1
11	320	9	2
ആകെ	6745	210	11

തുണ്ടുവൽക്കരണം നെല്ലിന്റെയും തെങ്ങിന്റെയും ഉത്പ്പാദനത്തെ വളെര ദോഷകരമായി ബാധിച്ചിരിക്കുന്നു. തേങ്ങയുടേയും നെല്ലിന്റെയും ഉത്പാദനം ദേശീയ ശരാശരിയെക്കാൾ താഴെയാണ്. നെല്ലിന്റെ ഉത്പാദനത്തിൽ രണ്ടുപൂവിലും ഏതാണ്ട് ഒരേവിളവാണ് ലഭിക്കുന്നത്. എല്ലാ കർഷകരും ഇരുപ്പുകൃഷി നടത്തുന്നുണ്ട്. ജനദൗർലഭ്യംമൂലം വേനൽക്കാലത്തും അതിനുശേഷവും നിലം തരിശിടുകയാണ് പതിവ്.

ഭൂരിഭാഗം കൃഷിക്കാരുടേയും കാർഷിക വരുമാനം വളരെ തുച്ഛമാണ്. കൃഷി മുഖ്യ വരുമാനമാർഗ്ഗമല്ലാതായി മാറിക്കൊണ്ടിരിക്കുന്നു. കൃഷിക്കാരിൽ ഭൂരിഭാഗത്തിനും ഉത്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിലോ ആധുനിക കൃഷി സങ്കേതങ്ങൾ പരീക്ഷിക്കുന്ന കാര്യത്തിലോ താത്പര്യമില്ല. ഉദ്യോഗസ്ഥ കൃഷിക്കാരാകട്ടെ അത്രയ്ക്ക് ശ്രദ്ധ വേണ്ടത്തത് എന്ന് കരുതി ദീർഘകാല വിളകൾ കൃഷി ചെയ്യുന്നു. ഇവർക്ക് കൃഷി ചെയ്യുന്നതിന് വേണ്ട താത്പര്യമോ സമയമോ ഇല്ല. ഇത് കൃഷിയെ വളരെ ദോഷകരമായി ബാധിക്കുന്നു. കർഷകത്തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടാണ് കാർഷിക രംഗത്ത് മറ്റൊരു പ്രധാന പ്രശ്നം. ആധുനിക വിദ്യാഭ്യാസം സാർവർത്രിക മായതോതിൽ യുവതലമുറ പാടത്ത് നിന്ന് അകന്നു. ഇതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള തരത്തിലുള്ള ഒരു വിദ്യാഭ്യാസ സംസ്കാകരമാണ് ഇന്നുള്ളത് തൊഴിൽ മാന്യത കൃഷിക്ക് താരതമ്യേന കുറവാണെന്നുള്ളതാണ് വസ്തുത. ഗൾഫ് മേഖലയിലേക്കുള്ള മനുഷ്യവിഭവ പ്രയാണം കർഷകത്തൊഴിലാളികൾ കൂടുതൽ വേതനം ലഭിക്കുന്ന നിർമ്മാണമേഖലയിൽ ചേക്കേറുന്നതിന് ഇടയാക്കി. ഇത് മൂലം കൂലിനിരക്ക് ഗണ്യമായി വർദ്ധിച്ചിരിക്കുന്നു.

കൂലിവ്യവസ്തകൾ

ക്രമ നമ്പർ	കൃഷിപ്പണി	ആൺ	പെൺ
1.	ഉഴവ്	75	-
2.	കിളയ്ക്കൽ	100	-
3.	ഞാറുനടൽ	-	55
4.	കളപറിക്കൽ	-	50
5.	കൊയ്ത്ത് മെതി	1/7പതം	1/7പതം
6.	റബ്ബർവെട്ട്	15 പൈസ/മരം	15 പൈസ/മരം
7.	തേങ്ങ ഇടൽ	150	-
8.	കീയനാശിനികൾ	80	80

തെങ്ങിന്റെ ഉല്പാദനക്ഷമത കുറയാനുള്ള പ്രധാന കാരണങ്ങളിലൊന്ന് അശാസ്ത്രീയമായ കൃഷി മുറകളാണ്. മറ്റൊരു പ്രധാന കാരണം കാലാവസ്താജന്യമായ പലവിധ രോഗങ്ങളാണ്. കാറ്റുവീഴ്ച ഒരു പ്രധാന പ്രശ്നമാണ്. വൃക്ഷ സാന്ദ്രതയും ഒരു പ്രശ്നമാണ്. ഉപയോഗിക്കുന്ന നടീൽ വസ്തുക്കൾ ഗുണനിലവാരം കുറഞ്ഞതാണ്. അത്യുല്പാദനശേഷിയുള്ള ഇനങ്ങളെ അപേക്ഷിച്ച് പരമ്പരാഗത നാടൻ ഇനങ്ങളാണ് കൃഷിക്കാർ ഇഷ്ടപ്പെടുന്നത്. മോശമായ കാലാവസ്തയെ ചെറുത്ത് നിൽക്കുന്നതിന് കൂടുതൽക്കാലം വിളവ് നൽകുന്നതിനും നാടൻ ഇനങ്ങൾക്കുള്ള ശേഷിയാണ് ഇതിന് പ്രധാന കാരണം. നമ്മുടെ പഞ്ചായത്തിൽ ആകെ 10.65% സ്ഥലത്ത് മാത്രമാണ് തെങ്ങ് കൃഷിയുള്ളത്. മിശ്രവിളയായും തെങ്ങ് കൃഷിയുണ്ട്.

തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ. (കൃഷിഭവൻ)

തെങ്ങ് എണ്ണം					രോഗം ബാധിച്ചത്					
വാർഡ് നമ്പർ	തെങ്ങുകൃഷി വിസ്തീർണ്ണം (Ht)	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ	ലീഫ് റോട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	83.6	18845	16650	35495	1600	750	15	5	-	2370
2	90	19720	18200	37920	2020	825	8	7	-	2860
3	95	21300	20445	41345	1855	625	12	2	-	2494
4	70	14700	14100	28800	1700	400	6	6	-	2112
5	62	13350	12900	25780	1350	380	9	3	-	1737
6	65	13800	13000	26800	1475	720	22	2	-	2219
7	60	13100	12100	25200	2350	1200	15	8	-	3503
8	65	13200	12300	25500	1600	1225	35	10	-	2670
9	31	7500	6453	13953	750	4500	7	6	-	1213
10	60	13100	11450	24550	3200	315	6	2	-	3523
11	60.4	13378	12150	25528	2678	765	12	8	-	3463
ആകെ	742	161123	149748	310871	20378	11705	147	59	-	32289

നടീൽ വസ്തു വിതരണം. (കൃഷിഭവൻ)

ഇനം	എണ്ണം		
	1993-94	94-95	95-96
തെങ്ങ്	600	1500	2180
കരുമാവ്	160	320	120
കുറുമുളക്	–	4000	4000
കവുങ്ങ്	–	–	–
വാഴ	–	200	1562
പപ്പായ	10	10	–
ഗ്രാപു	30	150	–
ജാതി	100	–	–
പ്ലാവ്	150	–	–
മാവ്	50	–	–
നാരകം	60	–	–
വടുകപ്പുളി	10	10	–
ജാംബ	25	55	–
പേര	10	10	–
ചെറി	10	10	–

ആകെ കൃഷി ചെയ്യുന്ന തെങ്ങുകളിൽ 48.17% വും കായ്ക്കാത്തതാണ്. രോഗം ബാധിച്ചവ ഏതാണ്ട് 10.39% വരും. ഇതിൽ വേരു ചീയൽ ബാധിച്ചവ മാത്രം ഏതാണ്ട് 63.11% വരും. മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ അഭാവം എല്ലാ മേഖലയിലും ഉണ്ട്.

പഞ്ചായത്തിൽ 4 രാസവള വിൽപനകേന്ദ്രങ്ങളാണ് ഉള്ളത്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാന മൊന്നും തന്നെ ഉണ്ടായിട്ടില്ല. ജൈവവള പ്രയോഗ മാകട്ടെ കാലി വളർത്തലും പച്ചില ലഭ്യതയും കുറഞ്ഞതോടെ വളരെക്കുറഞ്ഞിരിക്കുകയുമാണ്. കീയനാശിനി പ്രയോഗം എല്ലാ വിളകൾക്കും സാർവ്വർത്രികമല്ല.

പഞ്ചായത്തിൽ കൃഷിനാശം നേരിടുന്ന കർഷകർക്ക് നൽകുന്ന ദുരിതാസ്വാസ സഹായം ഒട്ടും തന്നെ ഫലപ്രദമല്ല. ഇത് സാർവ്വർത്രികമോ യഥാർത്ഥ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് എളുപ്പം ലഭിക്കാവുന്ന തരത്തിലുള്ളതോ അല്ല. ഇത് കാർഷിക രംഗത്തെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു.

രാസ-കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
	Kg	ദ്രവം	ഖരം	Kg	ദ്രവം	ഖരം	Kg	ദ്രവം	ഖരം
സഹകരണം 1	4200	50	7	3100	50	.5	3280	50	.5
സ്വകാര്യം 3	60	10	3	90	10	.3	98	10	.3

ദുരിതാശ്വാസ വിതരണം

വർഷം	പ്രശന ബാധിത പ്രദേശത്തിന്റെ വിസ്തീ : ഹെ:				ധനസഹായം ലഭിച്ചവർ	വിതരണം ചെയ്തതുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപ്പൊട്ടൽ		
1993-94	–	–	–	–	–	–
1994-95	–	–	–	–	–	–
1995-96	3.5	–	–	–	98	27424

ജല വിഭങ്ങൾ

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക പ്രവർത്തന രീതിയാണ് നഗരൂർ പഞ്ചായത്ത് പ്രദേശത്ത് നിലനിൽക്കുന്നത്. ഇവിടെ ലഭിക്കുന്ന മഴയുടെ 75% കാല വർഷത്തിൽ നിന്നാണ്. ജൂൺ, ജൂലൈ മാസങ്ങളിലാണ് മഴ ഏറ്റവും കൂടുതൽ ലഭിക്കുന്നത്. മഴ ഏറ്റവും കുറവ് നവംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ്. മഴക്കാലത്ത് പോലും ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. വേനൽക്കാലത്തുള്ള ജലക്ഷാമം അതിരൂക്ഷമാണ്.

ഈ പഞ്ചായത്തിലെ പ്രധാന ജലശ്രോതസ്സുകൾ 1,2,3,4,6,7,10 എന്നീ വാർഡുകളിൽ കൂടി കടന്നുപോയി വാമനപുരം നദിയിൽ അവസാനിക്കുന്ന വെള്ളല്ലൂർ തോടും 55 ചെറുതും വലുതുമായ പൊതുകുളങ്ങളുമാണ്. കുളങ്ങളിൽ വച്ച് ഏറ്റവും വലുത് ഒരു ഹെക്ടറോളം വലിപ്പമുള്ള കടവിള ചിറയാണ്. 15 ചെറുതും വലുതുമായ സ്വകാര്യ കുളങ്ങളുമുണ്ട്.

പണി പൂർത്തിയാക്കിയതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികൾ

ക്രമനമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം
1.	ഇടവനക്കോണം ഭൂത്താൻ ചിറയുടെ അറ്റകുറ്റപ്പണി	1993-94	1996	4 ലക്ഷം	20 ഹെക്ടർ
2.	വെള്ളല്ലൂർ തോട് നവീകരണവും 2 ബാത്തിംഗ് പ്ലാറ്റ്ഫോമും ഒരു ഫൂട് ബ്രിഡ്ജും വല്ലക്കോട് ഹരിജൻകോളനിയിലേക്ക്	1995-96	1996	4 ലക്ഷം	20 ഹെക്ടർ
3.	മുളവനക്കുന്ന് ഏലാത്തോട് വികസനവും ഹരിജൻ കോളനിയിലേക്ക് ഒരു ഫൂട് ബ്രിഡ്ജും	1994-95	1996	4 ലക്ഷം	-
4.	തിരുവറ്റൂർ ഏലാത്തോട് വികസനം	1992-93	1996	40000	-
5.	രാലൂർകാവ് ഏലാ തോട് വികസനം	1992-93	1996	40000	-
6.	കേശവപുരം ഏലാതോട്	1992-93	1996	40000	-
7.	കൊല്ലംവിളാകത്ത് ഏലാതോട് അറ്റകുറ്റപ്പണിയും നവീകരണവും ടാക്ടർ ബ്രിഡ്ജും	1996	-	4 ലക്ഷം	20 ഹെക്ടർ

ആവലംബം : മൈനർ ഇറിഗേഷൻ രേഖ

നടീൽ വസ്തു വിതരണം. (കൃഷിഭവൻ)

ഇനം	എണ്ണം		
	1993-94	94-95	95-96
തെങ്ങ്	600	1500	2180
കശുമാവ്	160	320	120
കുരുമുളക്	–	4000	4000
കവുങ്ങ്	–	–	–
വാഴ	–	200	1562
പപ്പായ	10	10	–
ഗ്രാപ്പു	30	150	–
ജാതി	100	–	–
പ്ലാവ്	150	–	–
മാവ്	50	–	–
നാരകം	60	–	–
വടുകപ്പുളി	10	10	–
ജാംബ	25	55	–
പേര	10	10	–
ചെറി	10	10	–

ആകെ കൃഷി ചെയ്യുന്ന തെങ്ങുകളിൽ 48.17% വും കായ്ക്കാത്തതാണ്. രോഗം ബാധിച്ചവ ഏതാണ്ട് 10.39% വരും. ഇതിൽ വേരു ചീയൽ ബാധിച്ചവ മാത്രം ഏതാണ്ട് 63.11% വരും. മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ അഭാവം എല്ലാ മേഖലയിലും ഉണ്ട്.

പഞ്ചായത്തിൽ 4 രാസവള വിൽപനകേന്ദ്രങ്ങളാണ് ഉള്ളത്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാന മൊന്നും തന്നെ ഉണ്ടായിട്ടില്ല. ജൈവവള പ്രയോഗ മാകട്ടെ കാലി വളർത്തലും പച്ചില ലഭ്യതയും കുറഞ്ഞതോടെ വളരെക്കുറഞ്ഞിരിക്കുകയുമാണ്. കീയനാശിനി പ്രയോഗം എല്ലാ വിളകൾക്കും സാർവ്വർത്രികമല്ല.

പഞ്ചായത്തിൽ കൃഷിനാശം നേരിടുന്ന കർഷകർക്ക് നൽകുന്ന ദുരിതാസ്വാസ സഹായം ഒട്ടും തന്നെ ഫലപ്രദമല്ല. ഇത് സാർവ്വർത്രികമോ യഥാർത്ഥ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് എളുപ്പം ലഭിക്കാവുന്ന തരത്തിലുള്ളതോ അല്ല. ഇത് കാർഷിക രംഗത്തെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു.

രാസ-കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
	Kg	ദ്രവം	ഖരം	Kg	ദ്രവം	ഖരം	Kg	ദ്രവം	ഖരം
സഹകരണം 1	4200	50	7	3100	50	.5	3280	50	.5
സ്വകാര്യം 3	60	10	3	90	10	.3	98	10	.3

ദുരിതാശ്വാസ വിതരണം

വർഷം	പ്രശന ബാധിത പ്രദേശത്തിന്റെ വിസ്തീ : ഹെ:				ധനസഹായം ലഭിച്ചവർ	വിതരണം ചെയ്തതുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപ്പൊട്ടൽ		
1993-94	–	–	–	–	–	–
1994-95	–	–	–	–	–	–
1995-96	3.5	–	–	–	98	27424

ജല വിഭങ്ങൾ

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക പ്രവർത്തന രീതിയാണ് നഗരൂർ പഞ്ചായത്ത് പ്രദേശത്ത് നിലനിൽക്കുന്നത്. ഇവിടെ ലഭിക്കുന്ന മഴയുടെ 75% കാല വർഷത്തിൽ നിന്നാണ്.. ജൂൺ, ജൂലൈ മാസങ്ങളിലാണ് മഴ ഏറ്റവും കൂടുതൽ ലഭിക്കുന്നത്. മഴ ഏറ്റവും കുറവ് നവംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ്. മഴക്കാലത്ത് പോലും ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. വേനൽക്കാലത്തുള്ള ജലക്ഷാമം അതിരൂക്ഷമാണ്.

ഈ പഞ്ചായത്തിലെ പ്രധാന ജലശ്രോതസ്സുകൾ 1,2,3,4,6,7,10 എന്നീ വാർഡുകളിൽ കൂടി കടന്നുപോയി വാമനപുരം നദിയിൽ അവസാനിക്കുന്ന വെള്ളല്ലൂർ തോടും 55 ചെറുതും വലുതുമായ പൊതുകുളങ്ങളുമാണ്. കുളങ്ങളിൽ വച്ച് ഏറ്റവും വലുത് ഒരു ഹെക്ടറോളം വലിപ്പമുള്ള കടവിള ചിറയാണ്. 15 ചെറുതും വലുതുമായ സ്വകാര്യ കുളങ്ങളുമുണ്ട്.

പണി പൂർത്തിയാക്കിയതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികൾ

ക്രമനമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം
1.	ഇടവനക്കോണം ഭൂത്താൻ ചിറയുടെ അറ്റകുറ്റപ്പണി	1993-94	1996	4 ലക്ഷം	20 ഹെക്ടർ
2.	വെള്ളല്ലൂർ തോട് നവീകരണവും 2 ബാത്തിംഗ് പ്ലാറ്റ്ഫോമും ഒരു ഫൂട് ബ്രിഡ്ജും വല്ലക്കോട് ഹരിജൻകോളനിയിലേക്ക്	1995-96	1996	4 ലക്ഷം	20 ഹെക്ടർ
3.	മുളവനക്കുന്ന് ഏലാത്തോട് വികസനവും ഹരിജൻ കോളനിയിലേക്ക് ഒരു ഫൂട് ബ്രിഡ്ജും	1994-95	1996	4 ലക്ഷം	-
4.	തിരുവറ്റൂർ ഏലാത്തോട് വികസനം	1992-93	1996	40000	-
5.	രാലൂർകാവ് ഏലാ തോട് വികസനം	1992-93	1996	40000	-
6.	കേശവപുരം ഏലാതോട്	1992-93	1996	40000	-
7.	കൊല്ലംവിളാകത്ത് ഏലാതോട് അറ്റകുറ്റപ്പണിയും നവീകരണവും ടാക്ടർ ബ്രിഡ്ജും	1996	-	4 ലക്ഷം	20 ഹെക്ടർ

അവലംബം : മൈനർ ഇറിഗഷൻ രേഖ

ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	തോടിന്റെ പേര്	ആകെ നീളം മീറ്റർ	ശരാശരി വീതി മീറ്റർ	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം	തൻവർഷം ചിലവഴിച്ച തുക
1.	വെള്ളല്ലൂർ തോട്	1200	5	40	-
	ചിന്ത്രനല്ലൂർ നടുത്തോട്	1200	1	-	-
	കാരോട്ടുകോണം ചിന്ത്രനല്ലൂർ അരുതോട്	1500	1	50	-
	ചാവർപച്ച-തളിരോട്ടു വാതുക്കൽ	700	5	-	-
	തെക്കേക്കര-അറ്റത്തുവിള	300	4	-	-
2	കിഴക്കത്തടി-ഏലാതോട്	2000	2	-	-
	മൊട്ടലുവാതുക്കൽ-ചീപ്പിന്റെ അരുക് തോട്	2000	1	-	-
	വെള്ളല്ലൂർ ഏലാ-അരിക് തോട്	1000	1	-	-
3	കീഴ്പേരൂർ-ഏലാതോട്	500	1.5	250	-
	മാത്തയിൽ ഏലാതോട്	500	1	-	-
	മാത്തയിൽ ഏലാ അരിക് തോട്	1200	0.75	-	-
	കീഴ്പേരൂർ നഗരൂർ വലിയതോട്	2000	5	500	-
4.	കട്ടുചിറ-കേശവപുരം ഊന്നൻകല്ല് തോട്	1000	2	1000	-
	ഭൂതത്താൻചിറ-കാവുവിള-ഊന്നൻകല്ല് മാടപ്പാട്	1250	1	1250	-
	കേശവപുരം-ഊന്നിൻകല്ല്-കവലവിള കിഴക്കേമഠം-ഊന്നൻ കല്ല്.	1750	1.5	1750	-
5.	രാമേലിക്കോണം ഏലാത്തോട്	400	2	-	-
	രാലൂർകാവ് ഏലാത്തോട്	1000	3	-	-
	കുറിയിടത്തുകോണം	25	2	-	-
6.	തേക്കിൻകാട്-നഗരൂർ	600	6	-	-
	രാലൂർകാവ്-തേക്കിൻകാട് അരിക് തോട്	1500	1	750	-
7.	നന്തായ് വനം-തേക്കിൻകാട്	3000	2	-	-
	തേക്കിൻകാട്-മാടപ്പാട് കരിയത്തോട്	-	-	-	-
8.	മുണ്ടുകോണം-നന്തായ് വനം തേക്കിൻകാട് തോട്	3000	1.5	-	-
	പുളിനിൽക്കുന്ന കുളം-കണിയൻ വിളാകം	600	2	-	-
	പാലയ്ക്കൽ മാറേത്ത് തോട്	1000	1	-	-
	മാവേലിക്കോണം മുണ്ടുകോണം	1000	1	-	-
9.	ഭൂതത്താൻ ചിറയുടെ തെക്ക് അരികിൽക്കൂടി കോയിക്കൽചിറ വരെയുള്ള അരുതോട്	1500	1.5	-	-
10	ഇടവൂർകോണം-കോയിക്കമൂല	1000	.75	-	-
	അയിരൂർകോണം നഗരൂർ	1000	.75	-	-
	ചെക്കാലക്കോണം	1000	.75	-	-
	പൊതിയിൽകോണം-കോയിക്കമൂല	1000	.75	-	-
	ദർനാവട്ടം-മുവിവായ്ക്കൽ ഇടത്തോട്	1000	1	-	-
	കോട്ടറക്കോണം-ദർശനാട്ടം	500	.75	-	-
11.	കടവിള-കോട്ടയ്ക്കൽ ഏലാത്തോട്	1500	1	-	-

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

ക്രമനമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ)	എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ തുക
1.	എടവനക്കോണം കുളത്തിന്റെ കേടുപാട് തീർക്കൽ	16 ഹെക്ടർ	2 ലക്ഷം
2.	കാട്ടുചിറ കേശവപുരം ഏലാതോട് നവീകരണം	16 ഹെക്ടർ	2 ലക്ഷം
3.	ഭൂതത്താൻ ചിറ നവീകരണം	20 ഹെക്ടർ	4 ലക്ഷം
4.	ചിന്ത്രിരനല്ലൂർ കുള നവീകരണം	20 ഹെക്ടർ	4 ലക്ഷം
5.	ചിന്ത്രനല്ലൂർ ഏലാത്തോട് നവീകരണം കീഴ്പേരൂർ ഏലാത്തോട് നവീകരണം	16 ഹെക്ടർ	4 ലക്ഷം
6.	മാത്തയിൽ ഏലാത്തോട് നവീകരണം	-	2 ലക്ഷം രൂപ
7.	വെള്ളല്ലൂർ തോട് നവീകരണവും ഊഞ്ഞമൂല പാലം നിർമ്മാണവും		10 ലക്ഷം രൂപ
8.	പേരൂർ ഏലാത്തോട് നവീകരണം	16 ഹെക്ടർ	2 ലക്ഷം
9.	എറത്തിയിൽ ഏലാത്തോട് നവീകരണം	16 ഹെക്ടർ	2 ലക്ഷം
10	പുളി നിൽക്കന്ന ചിറ	30 ഹെക്ടർ	-

അവലംബം : മൈനർ ഇറിഗേഷൻ രേഖ

ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതു ജലസേചനകിണർ	കുഴൽ കിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട്(ഹെക്ടർ)
1	7	1	3	2	62
2	2	2	2	2	-
3	1	1	9	3	39
4	4	2	4	2	-
5	2	2	7	-	-
6	3	2	2	1	-
7	5	1	1	-	-
8	10	1	6	5	48
9.	-	-	5	-	-
10	7	4	8	2	35
11	5	-	7	-	50

മുൻകാലങ്ങളിൽ പാടശേഖരങ്ങൾക്കുള്ള തല ക്കുളങ്ങളിൽ നിന്നും വെള്ളം തേവി കൃഷിക്ക് ഉപ യോഗപ്പെടുത്തിയിരുന്നു. എന്നാൽ ഇന്ന് ഈ പതിവ് ഇല്ല. പറമ്പ് ജലസേചനം കര്യക്ഷമമായി നടക്കു ന്നില്ല. പഞ്ചായത്തിൽ ആകെ 54 പൊതുകുളങ്ങൾ ഉള്ളതിൽ 32 എണ്ണം കെട്ടി സംരക്ഷിക്കപ്പെട്ടിട്ടുണ്ട് ഇതിൽ തന്നെ പലതും കെട്ടിടിഞ്ഞ് ഉപയോഗ ശൂന്യമായി തീർന്നിട്ടുണ്ട്. ബാക്കി 22 എണ്ണം കെട്ടി സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഈ 54 കുളങ്ങളും പഞ്ചായത്തിൽ ആകെയുള്ള ഏലാകളിലേക്ക് ജലം എത്തിക്കാൻ ഉപയോഗിക്കാൻ പറ്റുന്ന തരത്തിലു ള്ളതാണ്. ഈ കുളങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിക്ക പ്പെട്ടിട്ടില്ല. പമ്പ് സെറ്റ് സ്ഥാപിച്ചാൽ പച്ചക്കറി കൃഷിക്കും മറ്റും വെള്ളം എത്തിക്കാൻ കഴിയും. തേക്കിൻ കാട്ടിലുള്ള 2 അമ്പലക്കുളങ്ങൾ പൊതു ആവശ്യത്തിന് വിട്ടുതരാൻ ക്ഷേത്രാധികാരികൾ തയാറാണ്.

ഇപ്പോൾ നടപ്പാക്കാനുദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ പൂർത്തിയായാൽപോലും 300 ഹെക്ടർ വരുന്ന പാടശേഖരങ്ങളിൽ 150 ഹെക്ടർ ആയക്കട്ട് മാത്രമേ ഉപയോഗക്ഷമമാവൂ. ഇതും പമ്പ് സെറ്റ് സ്ഥാപിച്ചാൽ മാത്രമേ ശരിയായ പ്രയോജനം ലഭിക്കൂ. ബാക്കി 40% പാടശേഖരങ്ങൾക്കും പ്രയോജനം ലഭിക്കുന്നില്ല.

കുളങ്ങൾ കെട്ടി സംരക്ഷിക്കേണ്ടവ പമ്പ് സെറ്റ് സ്ഥാപിക്കേണ്ടവ

വാർഡ്	ആകെ കുളം	കെട്ടിസംരക്ഷിക്കേണ്ടവ	പമ്പ്സെറ്റ് വേണ്ടവ
1.	3	2	3
2	2	1	2
3.	9	8	9
4.	4	2	4
5	7	2	2
6	2	1	2
7.	1	–	1
8.	6	2	6
9.	5	4	5
10	8	3	8
11	7	3	7

നഗരൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിടെയും കുളങ്ങളുടെയും എണ്ണവും പേരുവിവരവും

വാർഡ്	പാടശേഖരങ്ങളുടെ എണ്ണവും പേരും	പൊതുകുളങ്ങളുടെ എണ്ണവും പേരും
1.	കരോട്ടുകോണം ഏല, മുട്ടയം ഏല ചിന്ത്രനല്ലൂർ ഏല (3)	കൊറ്റം കോടു ചിറ, ചാവരുകുളം അമ്പലക്കുളം(3)
2.	ഈഞ്ചമൂല ഏല മലയൻകാവ് ഏല	വേടരുകുളം മലയൻകുളം (2)
3.	കീഴ്പേരൂർ ഏല, വിലവൂർകോണം ഏല താമരശ്ശേരി ഏല, മാത്തയിൽ ഏല, വെള്ളല്ലൂർ ഏല	കുന്നൻകോട് കുളം, കോണത്തുകുളം പൊട്ടൻകുളം, കോയിക്കൽ കുളം കിഴക്കിൻകര കുളം, കാഞ്ഞിലിക്കോട്ടു കുളം. പഞ്ചായത്ത് പുറമ്പോക്കു കുളം, പുളിയിലഴികത്തു കോണം, മാത്തയിൽ കുളം
4.	കേശവപുരം ഏല, തിരുവറ്റൂർ ഏല, മുട്ടച്ചൽ ഏല, മാടപ്പാട് - ഈഞ്ചമൂല ഏല	കേശവപുരത്തു കുളം, തിരുവറ്റൂർ കുളം മണ്ണൂർകോണത്ത് കുളം, ഭൂതത്താൻചിറ

നഗരൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിടെയും കുളങ്ങളുടെയും എണ്ണവും പേരുവിവരവും

വാർഡ്	പാടശേഖരങ്ങളുടെ എണ്ണവും പേരും	പൊതുകുളങ്ങളുടെ എണ്ണവും പേരും
5.	രാമേലിക്കോണം ഏല, കുറിയിടത്തുകോണം ഏല കുന്നാട്ടുകോണം ഏല രാലൂർക്കാവ് ഏല,	രാമനല്ലൂർ ചിറ, വാര്യവീട്ടിൽ കോണം ചിറ കുറിയിടത്തുകോണം ചിറ, ഇരട്ടച്ചിറക്കുളം നടുവാരത്തുകുളം, കുന്നാട്ടുകോണം കുളം, പെരുന്തിയോട്ടുകോണം.
6.	മാടപ്പാട് തേക്കിൻ കാട് ഏല മുണ്ടെക്കോണം ഏല, കുടവൂർക്കോണം ഏല	കുടവൂർകോണം കുളം, വലിയകാട് കുളം
7.	–	അർത്താണ്ടൻ ചിറ
8.	നഗരൂർ നന്തായ് വനം ഏല മവേലിക്കോണം ഏല	മുണ്ടുക്കോണം പുളിനിൽക്കുന്ന ചിറ കുളങ്ങരക്കുളം, ഭൂതത്താൻ ചിറ, കോയിക്കൽ ചിറ, തോട്ടാശ്ശേരിക്കുളം.
9.	ഇറത്തി ഏല, ചെമ്മൻകോട് ഏല കടപ്പാവിൽ ഏല, തണ്ണിക്കോണം ഏല	ചെമ്മൻകോട് കുളം, ചാത്തൻ വിളക്കുളം ചിറയിൽക്കുളം, ചിനക്കോട്ട് കുളം.
10.	അയിരൂർകോണം ഏല, പൊതിയിൽക്കോണം ഏല, ചെക്കാലക്കോണം ഏല, ഇടവൂർക്കോണം ഏല, കോയിക്കമൂല ഏല, ദർശനാവട്ടം ഏല, മഠത്തിൽ വാതുക്കൽ ഏല, കോട്ടറക്കോണം ഏല.	അയിരൂർക്കോണം ചിറ, ആലിന്റെ മൂട് കരിക്കകം ചിറ, വെള്ളം കൊള്ളിക്കുളം, വലിയമഠം കുളം, പൊതിയിൽക്കോണം കുളം, ചെക്കാലക്കോണം രണ്ടു ചിറകൾ, ഇടവൂർക്കോണം ചിറ.
11.	കടവിള കോട്ടയ്ക്കൽ ഏല	കടവിള പാവൂർകോണം ചിറ, ഓണം പള്ളിച്ചിറ, കുടവൂർകോണം ചിറ, ഇരുംകുളം, വിരിപ്പൂർ കുളം, അനിച്ചുളം കുളം

ഗ്രാമസഭാ ചർച്ചകളിലൂടെയും പഠന പര്യടനത്തിലൂടെയും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ടതായ ചില പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. മണ്ണ് പരിശോധന കൂടാതെയുള്ള അശാസത്രീയമായ കൃഷി രീതിയാണ് ഇന്ന് നില നിൽക്കുന്നത്.
2. ചെറുതും വലുതുമായ 20 കുന്നുകൾ ഉൾപ്പെടുന്ന നഗരൂർ പഞ്ചായത്തിൽ മണ്ണൊലിപ്പിന്റെ തോത് വളരെ കൂടുതലാണ്.
3. ഇടവിളകൃഷികൾ ഫലപ്രദമായി ചെയ്ത് ഭൂമിയിൽ നിന്ന് പരമാവധി ആദായം എടുക്കുന്നതിന് കഴിയുന്നില്ല.
4. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും കൂലിക്കൂടുതലും.
5. നെൽപ്പാടങ്ങൾ വ്യാപകമായി നികത്തപ്പെട്ടുകൊണ്ടിരിക്കുന്നു.
6. ശാസ്ത്രീയമായ സ്ഥല ജല മാനേജുമെന്റിന്റെ അഭാവം.
7. കീടബാധയും അശാസ്ത്രീയമായ കീടനാശിനി പ്രയോഗവും.
8. ഇരിപ്പുകൃഷിക്ക് ശേഷം 6 മാസത്തോളം

കൃഷിഭൂമി തരിശിടുന്ന അവസ്ഥ.

9. കാർഷികോത്പന്നങ്ങൾക്കുള്ള വിലക്കുറവ്.
10. രാസവളങ്ങളുടെ ഉയർന്ന വില.
11. യന്ത്രോപകരണങ്ങളുടെ ലഭ്യതക്കുറവ്.
12. ചിലപ്രദേശങ്ങളിൽ ജലസേചനത്തിനുള്ള ജലം വേണ്ടത്ര ലഭിക്കുന്നില്ല.
13. നിലവിലുള്ള ജലസേചന ഉപാധികൾ ശരിയായി പ്രവർത്തിക്കുന്നില്ല.
14. ജലസേചന പദ്ധതികളുടെ കുറവ്.
15. കൃഷിക്ക് മഴയെത്തന്നെ ആശ്രയിക്കേണ്ടി വരുന്നു.
16. ജൈവ വളങ്ങളുടെ ലഭ്യതക്കുറവ്.
17. നെൽപ്പാടങ്ങൾ തെങ്ങ് കൃഷിക്ക് വഴിമാറുന്നു.
18. മരച്ചീനികൃഷിയും കശുമാവ്, വൃക്ഷവിളകൾ എന്നിവയുടെ കൃഷിയും റബ്ബർകൃഷിക്ക് വഴി മാറുന്നു.
19. നല്ല നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.
20. ഉല്പാദനക്ഷമത കുറഞ്ഞു വരുന്നു.
21. അശാസ്ത്രീയമായ രാസവളപ്രയോഗം നിമിത്തം മണ്ണിന്റെ ഉർവ്വരത നഷ്ടപ്പെടുന്നു.
22. കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള ബുദ്ധിമുട്ട്.
23. നീർക്കെട്ട് തേങ്ങ ഉല്പാദനത്തെ ഗണ്യമായി കുറയ്ക്കുന്നു.
24. ജൈവ കീടനാശന ഉപാദികളുടെ ലഭ്യതക്കുറവ്.
25. പരമ്പരാഗത കൃഷിരീതിയിൽ നിന്നും ആധുനിക കൃഷി സങ്കേതങ്ങളിലേക്ക് മാറാനുള്ള വിമുഖത.
26. രൂക്ഷമായ എലി ശല്യം.
27. കാർഷിക മേഖലയ്ക്ക് പ്രോത്സാഹനമാകേണ്ടിയിരുന്ന കൃഷി ഡിപ്പാർട്ടുമെന്റിന്റെ ഉദാസീനത.
28. കൃഷിയുമായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ സഹകരണക്കുറവ്.
29. കർഷകർക്കുള്ള ഗവൺമെന്റാനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്ന അവസ്ഥ.
30. ഗ്രൂപ്പ് ഫാമിംഗിന്റെ പരാജയം.
31. കാർഷികമേഖലയിൽ ഫലപ്രദമാക്കാവുന്ന ആധുനിക സാങ്കേതിക വിദ്യയുടെ അഭാവമോ പ്രചാരക്കുറവോ.
32. വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നില്ല.
33. ഗ്രേ ഏരിയ ആയി പ്രഖ്യാപിച്ചിരിക്കുന്ന ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെടുന്നതാണ് നഗരൂർ പഞ്ചായത്ത്. ഇത് മൂലം ലീഡ് ബാങ്കുകൾക്ക് വായ്പ തരാൻ പറ്റാത്ത അവസ്ഥ.
34. കൃഷിഭൂമികളുടെ തുണ്ടുവല്ക്കരണം.
35. വളം സബ്സിഡിയുടെ അശാസ്ത്രീയത.
36. ഉഴവ് മാടുകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.
37. ഒരു ഏലായിൽത്തന്നെ പലയിനം വിത്തുകളും പലതരം കൃഷിരീതികളും നടത്തുന്നു.
38. പാടശേഖരങ്ങളിലേക്കുള്ള ഗതാഗതസൗകര്യക്കുറവ്.
39. മഴക്കാലത്ത് വെള്ളം കേറി കൃഷി നശിക്കുന്നു.
40. കൃഷിഭവന്റെ പ്രവർത്തനക്ഷമതക്കുറവ്.
41. വശങ്ങൾക്കെട്ടി സംരക്ഷിക്കപ്പെട്ടിട്ടുള്ള ബേബി ടാങ്ക് ഇല്ലാത്ത കുളങ്ങളലെ ജല വിതാനം പെട്ടെന്ന് താഴുന്നു. തന്നിമിത്തം നിർഗ്ഗമന കവാടത്തിൽക്കൂടി ജലം കൊണ്ടുപോകുന്നതിന് സാധിക്കുന്നില്ല.
42. അധിക പരിരക്ഷയും ശുശ്രൂഷയും വേണ്ടി വരുന്ന പച്ചക്കറി കൃഷിചെയ്യുന്നതിനുള്ള വിമുഖത.
43. ഏലാവികസന സമിതിയുടെ പ്രവർത്തനമില്ലായ്മ.
44. കേരവികസന സമിതിയുടെ പ്രവർത്തനക്കുറവ്.
45. കിഴങ്ങുവർഗ്ഗ കൃഷികളോടുള്ള കൃഷി ഡിപ്പാർട്ടുമെന്റിന്റെ പ്രോത്സാഹജനകമല്ലാത്ത നിലപാട്.
46. കൃഷിത്തൊഴിലിനുള്ള സാമൂഹ്യ മാന്യതക്കുറവ്.
47. കാർഷികോത്പന്നങ്ങൾ അസംസ്കൃത വസ്തുവായുള്ള വ്യവസായങ്ങളുടെ അഭാവം.
48. കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചോ കൃഷിത്തൊഴിലിൽ ആഭിമുഖ്യമുണ്ടാക്കാനോ ഉതകാത്ത വിദ്യാഭ്യാസ വ്യവസ്ഥിതി.
49. കാർഷിക മേഖലയിൽ കൃഷിക്കാരുടെയും അതുപോലെ തന്നെ ഡിപ്പാർട്ടുമെന്റുകളുടെയും കൂട്ടായ്മ ഇല്ലായ്ക.

എന്നാൽ പ്രശ്നങ്ങളുടെ ഇരുട്ടിലും സാദ്ധ്യത

കളുടെ കൈത്തിരി വെളിച്ചം നമുക്ക് കാണാം. നഗരൂർ പഞ്ചായത്തിലെ കാർഷികമേഖലയിലെ സാദ്ധ്യതകൾ എന്തെല്ലാമെന്ന് പരിശോധിക്കാം.

1. ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുകയാണെങ്കിൽ ഉല്പാദനക്ഷമത കൂട്ടാം.
2. തോട് രജിസ്റ്ററിൽ പറഞ്ഞിട്ടുള്ള എല്ലാ ഏലാതോടുകളും വശങ്ങൾ കെട്ടി സംരക്ഷിച്ച് ജല നിർഗമനപാത സുഗമമാക്കിയാൽ വേനൽക്കാലത്ത് ജലം ലഭ്യമാക്കാം. പ്രധാനമായും വെള്ളല്ലൂർ-നഗരൂർ തോടിന്റെ ഇരുവശവും കെട്ടി 200 മീറ്റർ ഇടവിട്ട് തടയണകൾ നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്ത് പ്രദേശത്തെ ഏഴ് വാർഡുകളിൽപ്പെടുന്ന 200 ഹെക്ടർ പ്രദേശത്ത് പച്ചക്കറി കൃഷി വ്യാപകമായി ചെയ്യാൻ കഴിയും. ഇതിനു വേണ്ടി പമ്പുസെറ്റുകൾ സ്ഥാപിക്കണം. ലിഫ്ട് ഇറിഗേഷൻവഴി ജലം ലഭ്യമാക്കാം. വെള്ളല്ലൂർ നഗരൂർ തോടിൽ ഇന്ന് നിലവിലുള്ള തടയണകളും ക്രോസ്ബാറുകളും കേടുപാടുകൾ തീർക്കണം. പ്രവർത്തനരഹിതമായ പമ്പ് സെറ്റുകൾ കേടുപാടുകൾ തീർക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

വാമനപുരം ആറിലെ കരിയിലക്കടവിൽ സംഭരണവിയർ കെട്ടി പെരുമാമലയിൽ ടാങ്ക് കെട്ടി വെള്ളമെത്തിച്ചാൽ 200 ഹെക്ടർ കൃഷി ഭൂമിയിൽ പച്ചക്കറിക്കൃഷി നടത്താനും വേനൽക്കാലത്ത് കരക്കൃഷിക്ക് വെള്ളമെത്തിക്കാനും കഴിയും. പഞ്ചായത്തിന്റെ എല്ലാഭാഗത്തും ഈ വെള്ളമെത്തിക്കാൻ കഴിയും.

ഭൂതത്താൻചിറകളും അർത്താണ്ഡൻചിറയും പുളിനിൽക്കുന്ന് ചിറയും വൃത്തിയാക്കി അരികുതോട് കെട്ടി സംരക്ഷിച്ചാൽ നന്തായ്വനം ഏല (50 ഹെക്ടർ) മൂന്നുപൂ കൃഷി ചെയ്യാം. നന്തായ്വനം-തേക്കിൻകാട് തോടിലെ ക്രോസ്ബാറുകൾ കേടുപാടുതീർത്ത് തടയണകൾ കെട്ടണം. വശങ്ങളും കെട്ടി സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ നീരുറവകൾ വൃത്തിയാക്കണം. ചാവരുപച്ച, കളത്തറക്കോണം, വട്ടവിള, കരവായ്ക്കോണം, കരിമ്പാലോട്, കമുകറക്കോണം, ഇളവൻമഠം, മാവേലിക്കോണം എന്നിവിടങ്ങളിലെ നീരുറവകൾ കുഴിച്ച് വൃത്തിയാക്കിയാൽ പച്ചക്കറിക്കൃഷിക്ക് 50 ഹെക്ടർ പ്രദേശത്ത് ജലമെത്തിക്കാൻ കഴിയും.

കമുകറക്കോണം, ചിറയിൽവാതുക്കൽ, വിട്ടിയോട് എന്നിവിടങ്ങളിൽ കുളം കുഴിക്കുകയാണെങ്കിൽ 50 ഹെക്ടർ ഏലായിൽ വരൾച്ച സമയത്ത് പച്ചക്കറിക്കൃഷിക്ക് ഇത് ഉപയോഗപ്പെടുത്താം.

3. വെറ്റിലക്കൃഷിക്ക് സാദ്ധ്യതയുണ്ട്. 10 സെന്റ് സ്ഥലമുള്ളവർക്ക് പമ്പ് സെറ്റ് അനുവദിക്കുക.
4. കെട്ടി സംരക്ഷിക്കാത്ത കുളങ്ങൾ കെട്ടുക. എല്ലാ കുളങ്ങളിലും പമ്പ്സെറ്റ് സ്ഥാപിക്കുക. തോടുകളിൽ തടയണകൾ കെട്ടി പമ്പ്സെറ്റ് സ്ഥാപിക്കുക ഇങ്ങനെ 200 ഹെക്ടർ പ്രദേശത്ത് പച്ചക്കറികൃഷിക്ക് ജലമെത്തിക്കാൻ കഴിയും.
5. കൃഷിയുമായി ബന്ധപ്പെട്ട വിവിധ കൃഷി ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.
6. ജൈവ മതിലുകൾ പ്രോത്സാഹിപ്പിച്ച് പച്ചിളവളം നിർമ്മിക്കാം.
7. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഭക്ഷ്യസംസ്കരണ സംഘങ്ങൾ സ്ഥാപിക്കുക.
8. TGDRI വികസിപ്പിച്ചെടുത്ത് ട്രോപ്പ് ബാക് ട്രിൻ എന്ന ജീവാണു വളം നിർമ്മിക്കുന്ന സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.
9. വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുക.
10. നഗരൂർ പഞ്ചായത്ത് പ്രദേശത്തോടുള്ള ഗ്രേഡിയ സമീപനം പുനപ്പരിശോധിക്കുക.
11. പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും അതിന്റെ ഈടിന്മേൽ വായ്പ അനുവദിക്കുകയും ചെയ്യുക.
12. നെല്ല് ഉയർന്നവിലയിൽ സർക്കാർ സംഭരിക്കുക.
13. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുക.
14. നിലം നികത്തൽ തടയുക.
15. റബ്ബർ കൃഷി ചെയ്യുന്നിടത്തും പുരയിടങ്ങളിലും അനുയോജ്യമായ ഔഷധസസ്യങ്ങൾ കൃഷി ചെയ്യുക.
16. ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ കയറ്റുമതി സാദ്ധ്യതയുള്ള ഉദ്യാനക്കൃഷികൾ പ്രോത്സാഹി

പ്പിക്കുക.

17. ഉത്പ്പാദനശേഷിയും പ്രതിരോധശേഷിയുമുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുക.

18. പച്ചക്കറി കിറ്റുകളുടെ വിതരണം സാർവ്വത്രികമാക്കുക.

19. കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

20. എല്ലാ വാർഡുകളിലും കൃഷിഭവനുകളുടെ യൂണിറ്റുകൾ സ്ഥാപിക്കുക. വില്ലേജടിസ്ഥാനത്തിൽ കൃഷിഭവൻ സ്ഥാപിക്കുക.

21. വിള ഇൻഷ്വറൻസ് സാർവ്വത്രികവും കാര്യക്ഷമവുമാക്കുക.

22. ആവർത്തനക്കൃഷിയ്ക്ക് (ആശ്വാസ ഫണ്ട്)അടിയന്തിരമായി ലഭ്യമാക്കുക.

23. പാടശേഖരങ്ങളിലേയ്ക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

24. വിവിധ കർഷകസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഇവ കൂടുതൽ ജനകീയമാക്കുക.

25. ട്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുക. ആവശ്യത്തിന് ജലസേചനത്തിലൂടെ കൂടുതൽ ഉത്പ്പാദനക്ഷമതയുണ്ടാക്കാം.

26. പൊതുമാർക്കറ്റുകൾ നവീകരിക്കുക. രാലൂർക്കാവ് ഇലഞ്ഞിമൂട്ടിലും മാറയത്തും മാവേലി, പുല്ലുതോട്ടം എന്നിവിടങ്ങളിലും ഓരോ പൊതുമാർക്കറ്റുകൾ സ്ഥാപിക്കുക.ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

27. മാർക്കറ്റിംഗ് സൊസൈറ്റികളോ അഗ്രികൾച്ചർ പ്രൊഡ്യൂസേഴ്സ് ആന്റ് കൺസ്യൂമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോ സ്ഥാപിക്കുക.

28. പപ്പായ വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുക.

29. വിപുലമായ കാർഷികമേളകൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. അവാർഡുകൾ വിതരണം ചെയ്യുക.

30. മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി രാമച്ചം കൂടുതൽ വേരുകളുള്ള പുല്ലുവർഗ്ഗങ്ങൾ എന്നിവ അതിരുകളിൽ നട്ടുപിടിപ്പിക്കുക.

31. മൈനർ ഇറിഗേഷൻ പദ്ധതിപ്രകാരം തോടു കെട്ടി സംരക്ഷിക്കുമ്പോൾ ഒരുവശം പുരയിടമായാൽ അതിൽകെട്ടിക്കൊടുക്കുകയും മണ്ണൊലിപ്പ് തടയുകയും ചെയ്യുക.

32. പുരയിടക്കൃഷിക്ക് (വൃക്ഷവിളകളുൾപ്പെടെ) കൃഷി ചെയ്യുന്നതിനും പുരയിടസംരക്ഷണത്തിനും ധനസഹായം നൽകുക.

33. അത്യുൽല്പാദനശേഷിയുള്ളതും വേഗത്തിൽ ഫലം തരുന്നതുമായ വൃക്ഷവിളകളുടേയും തോട്ടവിളകളുടേയും തൈകൾ ലഭ്യമാക്കുന്നതിനുവേണ്ടി നഴ്സറികൾ സ്ഥാപിക്കുക.

34. തെങ്ങുരോഗങ്ങളെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള മരുന്ന്തളിയും പരിചരണമുറകളും അവലംബിക്കുക.

35. രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റുന്നതിന് ധനസഹായവും അതുപോലെ റീപ്ലാന്റിന് രോഗപ്രതിരോധശേഷിയുമുള്ള തെങ്ങിൻതൈ നൽകുക.

36. 48.71% വരുന്ന ഉല്പാദനക്ഷമത ഇല്ലാത്ത തെങ്ങുകൾ മുറിച്ചുമാറ്റി പകരം അത്യുൽപ്പാദനശേഷിയുള്ള തൈകൾ നടുക.

37. ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായ വിധത്തിൽ അഗ്രോ ക്ലീനിക്കുകൾ സ്ഥാപിക്കുക.

38. കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുക.

39. വാമനപുരം നദിയിൽനിന്ന് ലിഫ്ടി ഇറിഗേഷൻ വഴി കടവിളച്ചിറയിൽ വെള്ളം സംഭരിച്ചാൽ നെൽപ്പാടങ്ങൾ ഉൾപ്പെടെ 150 ഹെക്ടർ കൃഷിഭൂമിക്ക് പ്രയോജനപ്പെടും.

40. വാർഡടിസ്ഥാനത്തിൽ മാതൃകാ പച്ചക്കറി കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുക.


41. ഒരു വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുക.

42. മണ്ണ് സംരക്ഷണപ്രവർത്തനങ്ങളുടെ മേഖല വിപുലപ്പെടുത്തുക.

43. വാമനപുരം ജലസേചനപദ്ധതിയിൽ നിന്നും ജലം കനാൽ വഴി നഗരൂർ പഞ്ചായത്തിലെ കൃഷിയ്ക്ക് ഉപയോഗപ്രദമായരീതിയിൽ എത്തിക്കണം.

44. കൃഷിയോഗ്യമായ പുറമ്പോക്കു ഭൂമി പഞ്ചായത്തിൽനിന്നും പാട്ടത്തിന് കൊടുക്കുന്നതിന് സംവിധാനമുണ്ടാക്കുക.

മൃഗസംരക്ഷണം



കാർഷിക ചരിത്രം പരിശോധിച്ചാൽ കൃഷിയും കന്നുകാലി വളർത്തലും അഭേദ്യമായി ബന്ധപ്പെട്ടിരുന്നതായി കണാം. മുൻ കാലങ്ങളിൽ കന്നുകാലി വളർത്തൽ പ്രത്യേക ശ്രദ്ധവേണ്ടാത്ത മേഖലയായിരുന്നു. നാടൻ കന്നുകാലി വർഗ്ഗങ്ങളും ധാരാളം പുൽ പ്രദേശങ്ങളും അന്നുണ്ടായിരുന്നു. കാലിവളർത്തലിന് ചെലവ് അന്ന് വളരെ കുറവായിരുന്നു. നിലം ഉഴുന്നതും വളപ്രയോഗവും കാലി വളർത്തലിനെ ആശ്രയിച്ചിരുന്നു. എന്നാൽ 1950-60 കാലഘട്ടത്തോടെ ഈ സ്ഥിതി മാറി. യന്ത്രവത്കൃത കൃഷി രീതി വരുകയും കൃഷി മുഖ്യതൊഴിൽ അല്ലാതാകുകയും കർഷകർ ജീവിത വൃത്തിക്ക് വേണ്ടി മറ്റ് മേഖലകളെ ആശ്രയിക്കുയും ചെയ്തപ്പോൾ ഈ വ്യവസ്ഥ തകരുകയുണ്ടായി. സങ്കരവർഗ്ഗ പശുക്കളുടെ പ്രചരണവും ആധുനിക മൃഗ സംരക്ഷണ ഉപാധികളും കാലി വളർത്തൽ ഏറെ ചെലവുള്ളതാക്കി. ആധുനിക വിദ്യാഭ്യാസം യുവതലമുറയെ കാലിവളർത്തലിൽ നിന്ന് അകറ്റി ഈ പശ്ചാത്തലത്തിലാണ് കാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക മൃഗ സംരക്ഷണ സംവിധാനങ്ങളുടെ ഫലപ്രദമായ ഉപയോഗവും വിലയിരുത്തപ്പെടേണ്ടത് .

ഈ പഞ്ചായത്തിലെ 65% ആൾക്കാരും കർഷകരും കർഷകത്തൊഴിലാളികളുമാണ്. 10 % ഉദ്യോഗസ്ഥരും 5% ആൾക്കാർ മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടും ജീവിക്കുന്നു. മുഖ്യമായും പാൽ ഉല്പാദനത്തിന് വേണ്ടിയാണ് ഇവിടെ മൃഗങ്ങളെ വളർത്തുന്നത്. നാമമാത്രമായി ഉഴുന്നതിനും മൃഗങ്ങളെ ഉപയോഗിക്കുന്നുണ്ട്. പണ്ടുകാലത്തുണ്ടായിരുന്ന നാടൻ ഇനം പശുക്കളെക്കാൾ ഇന്ന് അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനങ്ങളെയാണ് ഉപയോഗിക്കുന്നത് നാടൻ ഇനങ്ങൾ നാമമാത്രമായി ഉണ്ട്. ആടുവളർത്തൽ ഗണ്യമായി കുടുന്നുണ്ട്. നാടൻ ഇനം ആടുകളേ ഇന്നും ഇവിടെയുള്ളു സങ്കരയിനം ആടുകൾ ഈ പ്രദേശത്തില്ല.

മുട്ടയ്ക്കായി കോഴി, താറാവ് ഇവയെയും ഇവിടെ വളർത്തുന്നുണ്ട്. കോഴി മിക്കവാറും എല്ലാ വീടുകളിലുമുണ്ട്. എന്നാൽ താറാവ് വളർത്തൽ ഭാഗികമായി മാത്രമേയുള്ളു.

ഒരു ഡയറിഫാമും രണ്ട് ബ്രോയിലർഫാമുകളും ഒരു ആടുവളർത്തൽ കേന്ദ്രവും ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇടവനക്കോണം ഹരിജൻ കോളനിയിൽ 15 കോഴിവളർത്തൽ യൂണിറ്റുകൾ ആരംഭിച്ചു. 8 പശുവളർത്തൽ യൂണിറ്റുകളും ഒരു യൂണിറ്റിൽ 3 ആടുകൾ വീതമുള്ള 7 ആടുഴളർത്തൽ യൂണിറ്റുകളും ആരംഭിച്ചു. കൂടാതെ വീട്ടുവളപ്പിൽ കോഴിവളർത്തൽ പദ്ധതി പ്രകാരം 1 യൂണിറ്റിൽ 7 കോഴികൾ വീതമുള്ള 15യൂണിറ്റുകൾ ആരംഭിച്ചു.

ആവശ്യമായ മേൽനോട്ടം നടത്തുവാൻ കഴിയാതിരുന്നതു കൊണ്ട് ഈ യൂണിറ്റുകൾക്ക് ഉദ്ദേശിച്ച ഫലം കിട്ടിയില്ല. ഇത്തരം യൂണിറ്റുകൾ പഞ്ചായത്തിലാകമാനം ആരംഭിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ഉല്പാദന വിതരണ സംഘമുണ്ടാക്കി മേൽനോട്ടം വഹിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ

സംവിധാനത്തിൽ ഒരു മൃഗാശുപത്രിയും രണ്ട് ICDP സെന്ററുകളും പ്രവർത്തിക്കുന്നു. ICDP സെന്ററുകളിൽ ഒരെണ്ണം വിരാലൂർക്കാവിലും മറ്റൊന്ന് പേരൂരുമാണ്. നഗരൂർ, വെള്ളല്ലൂർ എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ നഗരൂർ വില്ലേജിന്റെ ഒരറ്റത്താണ് മൃഗാശുപത്രി. ഈ പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് ആശുപത്രിയിൽ എത്താൻ 4 കി.മി. മുതൽ 10കി.മി. വരെ സഞ്ചരിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള മൃഗാശുപത്രിയുടെയും ICDP സെന്ററുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ വെള്ളല്ലൂർ വില്ലേജിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുകയും നന്തായ്വനത്തും പഞ്ചായത്തിൽ വാർഡ്ടിസ്ഥാനത്തിൽ ഓരോ ICDP സബ്സെന്റർ സ്ഥാപിക്കുകയും വേണം.

ക്ഷീരവിപണനരംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല. പഞ്ചായത്തിൽ ആൽത്തറമൂട്ടിൽ സ്ഥിതിചെയ്യുന്ന ക്ഷിരോത്പാദക സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇവിടെ വർഷത്തിൽ 360000 ലിറ്റർ പാൽ വിതരണം ചെയ്യുന്നു. ഉല്പാദകർ നേരിട്ട് ഹോട്ടലുകളിലും മറ്റും വിതരണം ചെയ്യുന്ന പാലിന് പുറമേയാണിത്. പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിലൊന്നുംതന്നെ ക്ഷീരസഹകരണസംഘങ്ങളില്ല. ഇത് ക്ഷീര കർഷകരെ വളരെ പ്രതികൂലമായി ബാധിക്കുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

കാലിവളർത്തുന്നവർ അഭിമുഖികരിക്കുന്ന ഒരു പ്രധാന പ്രശ്നം കാലിത്തീറ്റയുടെ ദൗർലഭ്യമാണ്. വയലുകൾ നികത്തുന്നത് വയ്ക്കോല്ലുല്പാദനം കുറച്ചു. കാലിത്തീറ്റയുടെ വില ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. പണ്ട്കാലത്ത് കപ്പലണ്ടിപിണ്ണാക്ക്, തേങ്ങാപിണ്ണാക്ക്, പുളിയരിപ്പൊടി ഇവയാണ് കൊടുത്തിരുന്നത്. ഇന്ന് അധികമായി പ്രത്യേകതരം തീറ്റകൾ കൊടുക്കുന്നുണ്ട്. മാത്രമല്ല. കപ്പലണ്ടിപ്പിണ്ണാക്ക് മൃഗങ്ങൾക്ക് അസുഖമുണ്ടാക്കുന്നതായി പൊതുവെ പരാതിയുണ്ട്.

ഈ പഞ്ചായത്തിലെ ആൽത്തറമൂട് പബ്ലിക്ക് മാർക്കറ്റിൽ ഒരു അറവുശാല പ്രവർത്തിക്കുന്നു. ഇത് നവീകരിക്കേണ്ടിയിരിക്കുന്നു. അറവുശാലകളിൽ നിന്നും ലഭിക്കുന്ന തുകൽ വിൽക്കുന്ന വകയിൽ 435000 രൂപയും ആട്ടിൻ തോൽവിൽക്കുന്നവകയിൽ 85000 രൂപയും ഒരു വർഷം ലഭിക്കുന്നുണ്ട്. ആയതിനാൽ തുകൽ സംസ്കരണത്തിനും മാംസോല്പന്ന സംസ്കരണത്തിനും സാദ്ധ്യതയുണ്ട്.

ഇറച്ചിക്കോഴിവളർത്തൽ അങ്ങിങ്ങായി കാണുന്നുണ്ട്. ഒരു പന്നി വളർത്തൽ കേന്ദ്രവുമുണ്ട്.

ഈ പഞ്ചായത്തിൽ 1987ലെ സെൻസസും 96ലെ സെൻസസും അവലോകനം ചെയ്തുനോക്കിയാൽ 63 നാടൻ കാളകളും 25 സങ്കരയിനം കാളകളും 226 മൂരികളും 93 നാടൻ പശുക്കളും 2775 സങ്കരയിനം പശുക്കളും 38 എരുമകളും 213 പോത്തുകളും 3126 ആടുകളും 893 പട്ടികളും 42208 കോഴികളും ഉള്ളതായി കാണാം.

പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടുന്നുണ്ട്. പ്രദേശികമായി പട്ടിപിടുത്തക്കരെ കിട്ടാൻ ഇല്ലാത്തത് ഒരു പ്രശ്നമാണ്.

ജനനരജിസ്റ്റർ 1995-96

	ജനിച്ച കുട്ടികളുടെ എണ്ണം			റിമാർക്സ്
ഇനം	ആൺ	പെൺ	ആകെ	
പശു	1275	825	2100	
എരുമ	286	230	416	

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗ ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ
പശു	1300	1150	150
കിടാരി	650	425	235
എരുമ	75	60	27

അവലംബം : കന്നുകാലി സെൻസസ് റിപ്പോർട്ട്

പട്ടിക : വളർത്തുമൃഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

വാർഡു നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി
	വലുത് വർധനവ്	മറ്റുള്ളവ	വലുത് വർധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്			
I	–	2	10	36	15	25	300	196	6	12	43	380	180
II	–	7	12	48	12	12	367	189	5	3	54	408	167
III	–	14	3	39	17	13	295	149	2	10	23	300	163
IV	–	13	–	46	13	12	315	210	6	12	32	386	108
V	–	8	–	33	12	4	396	260	5	4	27	370	110
VI	–	4	–	12	11	3	278	250	4	3	14	308	63
VII	–	5	–	14	3	12	258	312	5	2	10	230	30
VIII	–	3	–	2	2	4	210	240	2	1	4	210	25
IX	–	3	–	3	2	5	190	155	3	2	6	196	28
X	–	4	–	3	3	6	186	196	–	–	–	140	30
XI	–	–	–	–	–	–	–	–	–	–	–	–	–
ആകെ		63	25	236	90	96	2795	2153	38	49	212	2928	904

അവലംബം : കന്നുകാലി സെൻസസ് റിപ്പോർട്ട്

പട്ടിക : വളർത്തുപക്ഷി സംഖ്യ

വാർഡു നമ്പർ	പുവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
I	328	1213	1240	–	–	12
II	1410	1320	1245	–	–	10
III	1340	1460	1325	–	–	5
IV	1420	1495	1285	–	–	8
V	1445	1390	1260	322	426	4
VI	1395	1480	1340	118	532	3
VII	1425	1247	1209	114	235	2
VIII	1380	1348	1286	120	224	50
IX	1645	1564	1298	–	–	27
X	1365	1290	1260	216	222	15
ആകെ	12911	13884	12748	890	1639	136

അവലംബം : കന്നുകാലി സെൻസസ് റിപ്പോർട്ട്

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	മറ്റുള്ളവ
1.	ദഹനസംബന്ധം	3060	45	1400	2	240	1400	80	4	6
2.	ശ്വാസകോശസംബന്ധം	2650	30	1300	–	210	3500	15	2	18
3.	ഉപാപചയം	300	15	210	–	40	1400	12	3	13
4.	ത്വക്ക് രോഗങ്ങൾ	3640	20	300	–	245	1500	10	16	20
5.	ധാതുലവണങ്ങളുടെഅഭാവം	1400	25	650	–	10	1450	15	43	6
6.	പരാഗരോഗങ്ങൾ	3800	35	750	4	120	5400	20	27	143
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	1150	30	240	–	–	–	–	–	–
8.	വന്ധ്യത	45	–	–	–	–	–	–	–	–
9.	അകിടുവീക്കം	450	5	450	–	–	–	–	–	–
10.	മുടന്തൻപനി	4350	10	1950	–	–	–	–	–	–
11.	പകർച്ചവ്യാധി	2310	–	950	–	–	–	–	–	–

അവലംബം : കന്നുകാലി സെൻസസ് റിപ്പോർട്ട്

പേവിഷബാധ – പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ്പ് നടത്തിയവ	–	–	–	980	–	–
കടിയേറ്റശേഷം കുത്തിവയ്പ്പ് നടത്തിയവ	130	–	240	310	–	–

അവലംബം : കന്നുകാലി സെൻസസ് റിപ്പോർട്ട്

പ്രശ്നങ്ങൾ

1. വെള്ളല്ലൂർ വില്ലേജിൽ മൃഗാശുപത്രിയില്ല.
2. കാലിത്തീറ്റയുടെ വിലക്കുടുതൽ.
3. തീറ്റപുൽ വിത്ത് കിട്ടാനുള്ള ബുദ്ധിമുട്ട്.
4. ക്ഷീര വിപണന കേന്ദ്രങ്ങൾ (പാൽസൊസൈറ്റി) കുറവ്.
5. പേപ്പട്ടിശല്യം അനുഭവപ്പെടുന്നു.
6. കോഴിയിറച്ചി, ആട്ടിറച്ചി, മാട്ടിറച്ചി എന്നിവ സംഭരിച്ച് വിതരണം ചെയ്യാൻ ഒരു കേൾഡ് സ്റ്റോറേജ് ഇല്ല.
7. ഉല്പാദകന് കിട്ടുന്ന പാല് വില ചെലവിന് അനുസൃതമല്ല.
8. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല.
9. വിപണനരംഗത്തെ അപര്യാപ്തത.
10. ഭാരിച്ച ചികിത്സാച്ചെലവ്.
11. ഇൻഷ്വറൻസ് പരിരക്ഷയുടെ അഭാവം.
12. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം .

സാധ്യതകൾ


1. പ്രദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തൽ തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.
2. പാൽ വിതരണസ്ഥാപനങ്ങൾ കർഷകർക്ക്

പ്രാപ്തമായ രീതിയിൽ പുനരാസൂത്രണം ചെയ്യുക. പാലിന് അർഹമായ വിലനൽകുക.

3. പാൽ സൊസൈറ്റിയും ധനകാര്യ സ്ഥാപനങ്ങളും കർഷകരും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാസംവിധാനം ഉണ്ടാക്കുക.
4. മൃഗാശുപത്രികളിൽ ആവശ്യമുള്ള മരുന്ന് ലഭ്യമാക്കുക.
5. പക്ഷിമൃഗാദികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
6. വർഗ്ഗോദ്ധാരണത്തിന് വേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന ക്രമത്തിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിക്കുക.
7. വനിതാ സംഘടനകളുടെ രൂപീകരണം വഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തണം.
8. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുക.
9. സമഗ്രപേവിഷബാധ നിർമ്മാർജനം നടപ്പിലാക്കുക.
10. കർഷകർക്ക് സമഗ്ര പരിശീലനം നൽകുന്നതിന് LMTC യിൽ പ്രത്യേക സൗകര്യങ്ങൾ ഉണ്ടാക്കണം.
11. സഹകരണസംഘങ്ങൾ രൂപീകരിച്ച് കോഴിവളർത്തലിൽ പരിശീലനം നൽകുകയും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്യുക.
12. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നല്ലയിനം ആട്ടിൻ കുട്ടികളെ സൗജന്യമായോ സബ്സിഡിയിനത്തിലോ വിതരണം ചെയ്യുക. ഗോട്ടു വില്ലേജുകൾ സ്ഥാപിക്കുക.
13. പന്നിക്കുട്ടികളെ വിതരണം ചെയ്ത് പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം.
14. ഇറച്ചിക്കോഴി വളർത്തൽ എഗ്ഗർ നെഴ്സറി ഇവ തുടങ്ങാൻ സാമ്പത്തികസഹായം നൽകണം.
15. കന്നുകാലി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും നല്ല കന്നുകാലികളെ വളർത്തുന്നവർക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുകയും ചെയ്യുക.
16. കുളമ്പ് രോഗം ഉൾപ്പെടെയുള്ള കന്നുകാലി രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിരോധ ചികിത്സ ഏർപ്പെടുത്തുക
17. തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കുക.
18. നഗരൂർ വില്ലേജിന്റെ വിവിധ സ്ഥലങ്ങളിൽ പാൽ ശേഖരണ ബൂത്തുകൾ സംഭരിക്കുക .
19. ഗോബർഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുക.
20. വളർത്തുനായ്ക്കൾക്ക് ലൈസൻസ്, പേവിഷബാധ പ്രതിരോധ കുത്തിവയ്പ് എന്നിവ നൽകുക.
21. ആൽത്തറമൂട് ചന്തയോട് ചേർന്ന് ഒരു കന്നുകാലിച്ചന്ത സ്ഥാപിക്കുക.
22. മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് കർഷകന് ചെലവാകുന്ന 6000 രൂപയിൽ പകുതി രൂപ ധനസഹായം നൽകണം.
23. രണ്ട് പശുക്കളെ മാതൃകാപരമായി വളർത്തുന്ന ക്ഷീരകർഷകന് പതിനായിരം രൂപ ധനസഹായം നൽകണം.
24. പട്ടിക ജാതിക്കാർ, ദുർബല വിഭാഗത്തിലുള്ളവർ, വനിതകൾ എന്നിവർക്ക് പശുവാങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകണം .
25. ക്ഷീരോല്പാദനസഹകരണസംഘത്തിൽ ആധുനികമായ പാസ്റ്റുറൈസേഷൻ പ്ലാന്റു സ്ഥാപിച്ചു ഗുണമേന്മയുള്ള പാൽ വിതരണം നടത്തുന്നതിന് ധനസഹായം നൽകണം.
26. വെള്ളല്ലൂർ വില്ലേജ് കേന്ദ്രമാക്കി ഒരു ക്ഷീരോത്പാദക സഹകരണസംഘം സ്ഥാപിക്കുക .

*****

വ്യവസായം



നഗരൂർ ഗ്രാമപഞ്ചായത്ത് പ്രദേശം വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. തികച്ചും കൃഷിയെ ആശ്രയിച്ച് കഴിഞ്ഞിരുന്ന ജനങ്ങൾക്ക് വ്യാവസായിക മേഖല ഇന്നും അപരിചിതമാണ്. വ്യാവസായിക മേഖലയിലേക്ക് കഴിവുറ്റ വ്യക്തികളെ ആകർഷിക്കുന്നതിനോ പരിശീലിപ്പിക്കുന്നതിനോ ആധുനിക വ്യവസായങ്ങളുമായി പരിചയപ്പെടുത്തുന്നതിനോ ഉള്ള സംവിധാനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് ഇല്ല. കമ്പോളവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹത്തിൽ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന നഗരൂർ പഞ്ചായത്തിന് സമഗ്രമായ ഒരു വ്യാവസായിക അടിത്തറ കരുപ്പിടിപ്പിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്ത് പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനം എന്നു പറയുന്നത് സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന അഞ്ചാം വാർഡിലെ കാഷ്യൂ ഫാക്ടറിയാണ്. ഇവിടെ ആയിരത്തോളം പേർ ജോലി ചെയ്തിരുന്നു. എന്നാൽ ഇന്ന് ഈ ഫാക്ടറി അടച്ചിട്ടിരിക്കുകയാണ്. ഈ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ നഗരൂർ പഞ്ചായത്ത് പ്രദേശത്തെ വനിതകളുടെ തൊഴിലില്ലായ്മയുടെ രൂക്ഷത കുറക്കുവാൻ കഴിയും.

നഗരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നാല് സാമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി മുപ്പത് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവിടെ തടിയിലധിഷ്ഠിതമായ അഞ്ച് ഫർണിച്ചർ യൂണിറ്റുകളും ഒരു കടച്ചിൽ യൂണിറ്റും ചെറിയ തോതിൽ പ്രവർത്തിക്കുന്ന പത്തോളം യൂണിറ്റുകളും ഉണ്ട്. ഫർണിച്ചർ യൂണിറ്റുകളിൽ രണ്ടെണ്ണം മാത്രമേ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ.

ഈ പ്രദേശത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് ബേക്കറി യൂണിറ്റുകൾ ഉണ്ട്. ഈ യൂണിറ്റുകളിൽ എല്ലാംകൂടി ഒൻപത് തൊഴിലാളികൾ ജോലി ചെയ്യുന്നു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പതിനൊന്ന് റൈസ് ആന്റ് ഫ്ളവർ മില്ലുകളും ആറ് ഓയിൽ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഈ മില്ലുകളിൽ എല്ലാം കൂടി നാല്പത് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. പ്രസ്തുത റൈസ് ആന്റ് ഫ്ളവർ മില്ലുകളിൽ പ്രധാനമായും ചെയ്ത് വരുന്നത് പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ നെല്ല് കുത്തിക്കൊടുക്കുകയും അരി ഗോതമ്പ് എന്നിവ പൊടിച്ചും ആട്ടിയും കൊടുക്കലാണ്. എന്നാൽ നാമമാത്രമായി മാത്രം ഈ പ്രദേശത്ത് മാവ് പായ്ക്കറ്റിലാക്കി കടകളിൽ വിൽക്കുന്ന സമ്പ്രദായവും നിലവിലുണ്ട്. ഇനിയും പായ്ക്കറ്റിലാക്കിയ മാവിന്റെ ഡിമാന്റ് പൂർണ്ണമായും ചൂഷണം ചെയ്യുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഈ പ്രദേശത്തെ ഓയിൽ മില്ലുകൾ മിക്കതും തേങ്ങ സംഭരിച്ച് കൊപ്ര ആക്കി അതാത് മില്ലുകളിൽ ആട്ടി ഈ പഞ്ചായത്ത് പ്രദേശത്തും മറ്റു പ്രദേശങ്ങളിലും വിൽപ്പന നടത്തുന്നു. എന്നാൽ ഈ ഓയിൽ മില്ലുകളെ അടിസ്ഥാനമാക്കി അനുബന്ധ വ്യവസായം എന്ന നിലയ്ക്ക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ച് കുറഞ്ഞ വിലക്ക് പഞ്ചായത്ത് പ്രദേശത്ത് കാലിത്തീറ്റ ലഭ്യമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ റൈസ് ആന്റ് ഫ്ളവർ മില്ലുകളും ഓയിൽ മില്ലുകളും നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം വൈദ്യുതി ക്ഷാമമാണ്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് രണ്ട് വെൽഡിംഗ് വർക്ക്ഷോപ്പുകൾ ഉണ്ട്. ഇവയിൽ രണ്ടിലും കൂടി പതിനഞ്ചിൽപ്പരം പേർ ജോലി ചെയ്യുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലേക്കും ഭവന നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ ഈ വർക്ക് ഷോപ്പുകളിലാണ് നിർമ്മിക്കുന്നത്.

ഒരു കാലത്ത് നഗരൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി ചുടുകല്ല് വ്യവസായം നടന്നിരുന്നു. ഏകദേശം അഞ്ഞൂറോളം തൊഴിലാളികൾ പ്രസ്തുത ചൂളകളിൽ ജോലി ചെയ്തിരുന്നു. ഈ ചൂളകളിലേക്ക് ആവശ്യമായ കളിമണ്ണ് എടുത്തിരുന്നത് വയലുകളിൽ നിന്നാണ്. എന്നാൽ ഇന്ന് ചുടുകല്ല് വ്യവസായം നാമമാത്രമായിട്ട് മാത്രമേ പഞ്ചായത്ത് പ്രദേശത്തുള്ളൂ.

മുകളിൽ പറഞ്ഞ വ്യവസായ സ്ഥാപനങ്ങൾ കൂടാതെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അലൂമിനിയം പാത്ര നിർമ്മാണ യൂണിറ്റ് ഒരു ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ്, ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, രണ്ട് സോഡാ നിർമ്മാണ യൂണിറ്റ്, ഒരു പ്രസ്സ് എന്നിവയാണ്. ഇതുവരെ വിവരിച്ച എല്ലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്.

നഗരൂർ പഞ്ചായത്തിലെ എട്ടാം വാർഡിൽ ഖാദി ബോർഡിന്റെ കീഴിൽ ഒരു നെയ്ത്ത് ശാല പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഇരുപത്തി അഞ്ചോളം തൊഴിലാളികൾ പണിചെയ്യുന്നുണ്ട്. ഇത് കൂടാതെ ഈ പഞ്ചായത്ത് പ്രദേശത്ത് സ്വകാര്യ മേഖലയിൽ ചെറുതും വലുതുമായ കൈത്തറി നെയ്ത്ത് ശാലകൾ ഉണ്ട്. ഇവിയിൽ എല്ലാം കൂടി മുന്നൂറോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവർക്ക് തുച്ഛമായ വേതനം മാത്രമേ ലഭ്യമാകുന്നുള്ളൂ. കൈത്തറി നെയ്ത്ത് വ്യവസായത്തിന്റെ പുരോഗതിക്കായി ഒരു കൈത്തറി നെയ്ത്ത് സഹകരണ സംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ ഈ വ്യവസായത്തെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയും.

പഞ്ചായത്ത് പ്രദേശത്തെ മറ്റൊരു പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമെന്നു പറയുന്നത് പാറ വ്യവസായമാണ്. പാറ പൊട്ടിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പാറ, ചല്ലി എന്നിവയാക്കിക്കൊടുക്കുന്ന രീതിയാണ് ഇവിടെ നിലനിൽക്കുന്നത്. ഏകദേശം മുന്നോറോളം തൊഴിലാളികൾ ഈ വ്യാവസായിക മേഖലയിൽ ജോലി ചെയ്യുന്നു. ഈ പാറമടകളിലെ ഒരു പ്രത്യേകത പാറമടകൾ നടത്തുന്ന കോൺട്രാക്ടർമാരും ഇവിടത്തെ പണിക്കാർ ആണ് എന്നുള്ളതാണ്. ഈ മേഖലയിൽ പുരുഷൻമാരോടൊപ്പം തന്നെ സ്ത്രീ തൊഴിലാളികളും ജോലി ചെയ്ത്വരുന്നു. ഒൻപതാം വാർഡിലെ പൊങ്ങൻ വിളയിലുള്ള നാലോളം പാറമടകൾ ഇപ്പോൾ കോടതിയിൽ നിന്നും സ്റ്റേ ആയിക്കിടക്കുയാണ്. ഇതുമൂലം അൻപതോളം തൊഴിലാളികൾക്ക് പണിയില്ലാത്ത ഒരവസ്ഥയാണ് നിലവിലുള്ളത്. ഇനിയും പുതുതായി ധാരാളം പാറമടകൾ തുടങ്ങാനുള്ള സാദ്ധ്യത ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്. എന്നാൽ ഈ പാറമടകളോടനുബന്ധിച്ച് ഹോളോ ബ്രിക്സ്, കൺസ്ട്രക്ഷൻ മെറ്റീരിയൽസ് യൂണിറ്റ്, കിണറിന് ഉപയോഗിക്കുന്ന ഉറ നിർമ്മിക്കുന്ന യൂണിറ്റ് എന്നിവക്ക് വളരെയേറെ സാദ്ധ്യതകൾ ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്.

നഗരൂർ പഞ്ചായത്ത് പ്രദേശത്ത് ചെറിയ തോതിൽ മണൽ വ്യവസായവും നിലവിലുണ്ട്.

കാഷ്യൂ ഫാക്ടറി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. ഗുണ നിലവാരമുള്ള തോട്ടണ്ടിയുടെ ദൗർലഭ്യം.
2. മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള തോട്ടണ്ടിയുടെ അനധികൃത കടത്ത്.
3. കാര്യക്ഷമമല്ലാത്ത മാനേജ്മെന്റ്
4. അനുബന്ധ വ്യവസായങ്ങളുടെ അഭാവം

സാദ്ധ്യതകൾ

1. കാഷ്യൂ ഫാക്ടറി സർക്കാർ ഏറ്റെടുക്കുക.
2. ഗുണനിലവാരമുള്ള തോട്ടണ്ടി ഇറക്കുമതി ചെയ്യുകയും കുത്തക സംഭരണം ഏർപ്പെടുത്തുകയും ചെയ്യുക.
3. വിദേശ വിപണികൾ കണ്ടുപിടിക്കുക.
4. അന്യ സംസ്ഥാനങ്ങളിലേക്കുള്ള കശുവണ്ടിയുടെ കടത്ത് തടയുക.
5. അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുക.

ഓയിൽ മില്ലുകളുടെ പ്രശ്നങ്ങൾ

1. വൈദ്യുതിയുടെ ദൗർലഭ്യം
2. വിപണന സൗകര്യക്കുറവ്
3. വെളിച്ചെണ്ണയിൽ അധിഷ്ഠിതമായ വ്യാവസായിക യൂണിറ്റുകളുടെ അഭാവം.

നഗരൂർ ഗ്രാമപഞ്ചയത്ത് പ്രദേശത്തെ വ്യവസായവും തൊഴിലെടുക്കുന്നവരുടെ എണ്ണവും

ക്രമ നമ്പർ	വ്യവസായത്തിന്റെ പേര്	തൊഴിലെടുക്കുന്നവർ ആകെ	ആൺ	പെൺ
1.	കാഷ്യൂഫാക്ടറി (പ്രവർത്തനം ഇല്ല)	1000	20	980
2.	സാമില്ലുകൾ	30	30	–
3.	ബേക്കറി	9	6	3
4.	റൈസ് ആന്റ് ഫ്ളവർമിൽ, ഓയിൽമിൽ	40	36	4
5.	വെൽഡിംഗ്	15	15	–
6.	ചുടുകല്ല്	150	90	60
7.	ഖാദിയൂണിറ്റ്	25	2	23
8.	കൈത്തറി നെയ്ത്ത്	300	12	288
9.	പാറ	300	170	130
10.	റെഡിമെയ്ഡ് നിർമ്മാണം	10	2	8
11.	സോഡ നിർമ്മാണം	4	4	–
12.	പ്രസ്സ്	3	3	–

സാദ്ധ്യതകൾ

1. ആവശ്യമായ വൈദ്യുതി ലഭ്യമാക്കുക.
2. കൊപ്രാ സംഭരണത്തിന് സബ്സിഡിയോട് കൂടിയ ലോൺ നൽകുക.
3. തേങ്ങാപ്പാൽ സംസ്കരിച്ചത്, തേങ്ങാപൊടി, തേങ്ങ വെള്ളം കൊണ്ട് പാനീയം ഉണ്ടാക്കുന്ന യൂണിറ്റുകളും മറ്റ് അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുക.

ഇഷ്ടിക വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

1. ഇഷ്ടിക ഉണ്ടാക്കുന്നതിനാവശ്യമായ കളിമണ്ണിന്റെ അഭാവം.
2. വിറകിന്റെ വിലക്കൂടുതൽ

സാദ്ധ്യത

1. സാമൂഹ്യ വനവൽക്കരണത്തിലൂടെ കുറഞ്ഞ വിലക്ക് വിറക് ലഭ്യമാക്കുക.

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. വിപണന സൗകര്യക്കുറവ്
2. വൻകിട കമ്പനികളുടെ റെഡിമെയ്ഡ് വസ്ത്രങ്ങളുമായി കിടപിടിക്കാനുള്ള ശേഷിക്കുറവ്.
3. ആധുനിക ഡിസൈനിങ്ങിന്റെ അഭാവം.

സാദ്ധ്യതകൾ

1. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
2. തയ്യൽ ജോലി അറിയാവുന്നവർക്ക് സബ്സിഡി ഇനത്തിൽ തയ്യൽ മിഷ്യൻ ലോണായി നൽകുക.
3. മികച്ച ഇനം തുണികൾ ലഭ്യമാക്കുക.
4. ഫാഷൻ ടെക്നോളജിയിൽ പരിശീലന കേന്ദ്രം തുടങ്ങുക.

ഖാദി വ്യവസായത്തിന്റെ പ്രശ്നങ്ങൾ

1. വിദഗ്ധ പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം.
2. വളരെ കുറഞ്ഞ കൂലി നിരക്ക്
3. ഗുണ നിലവാരമുള്ള നൂലിന്റെ വിലക്കൂടുതലും ലഭ്യതക്കുറവും
4. മാർക്കറ്റിംഗിന് സൗകര്യമില്ലായ്മ

5. പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ തൊഴിലാളികളിൽ നിന്ന് ശേഖരിക്കുന്ന പണത്തിന് രേഖ നൽകാതിരിക്കൽ.

സാദ്ധ്യതകൾ

1. ഖാദി ബോർഡിന്റെ കീഴിലുള്ള സൊസൈറ്റികളിൽ കാലാകാലങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തുകയോ പഞ്ചായത്ത് ഏറ്റെടുക്കുകയോ ചെയ്യുക.
2. തൊഴിലാളികൾക്ക് ട്രെയിനിംഗ് സൗകര്യം ഏർപ്പെടുത്തുക.
3. വേതന നിരക്ക് ഉയർത്തുക
4. ഗുണനിലവാരമുള്ള നൂലുകൾ കുറഞ്ഞ വിലക്ക് ഖാദീ ബോർഡ് വഴി വിതരണം ചെയ്യുക.
5. പി. എഫ്., ക്ഷേമനിധി ആനുകൂല്യം തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
6. യന്ത്രത്തറി സ്ഥാപിക്കുക.
7. വിപണന സൗകര്യത്തിനായി വാഹനങ്ങൾ ഏർപ്പെടുത്തുക.
8. പഞ്ചായത്തിന്റെ ഷോപ്പിംങ് കോംപ്ലക്സ് പോലുള്ള സൗകര്യങ്ങൾ കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ ഒരു സെയിൽസ് ഡിപ്പോ ആരംഭിക്കുക.

കൈത്തറിയുടെ പ്രശ്നങ്ങൾ

1. കൈത്തറി സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
2. ഗുണ നിലവാരം കുറഞ്ഞ നൂലും കളറുകളുമാണ് ഉപയോഗിക്കുന്നത്.
3. പുതുതായി സംഘത്തിൽ അംഗത്വം എടുക്കുന്ന തൊഴിലാളികൾക്ക് ഉൽപാദനം തുടങ്ങാനുള്ള അനുമതി കിട്ടാൻ കാലതാമസം നേരിടുന്നു.
4. വിപണന സൗകര്യങ്ങളുടെ അപര്യാപ്തത
5. കുറഞ്ഞ വേതന നിരക്ക്

സാദ്ധ്യതകൾ

1. കൈത്തറി സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. ഗുണ നിലവാരമുള്ള നൂലുകളും കളറുകളും വിലകുറച്ച് ലഭ്യമാക്കുക.
3. നെയ്ത്ത് ഉപകരണങ്ങൾ സബ്സിഡി ഇനത്തിൽ തൊഴിലാളികൾക്ക് ലഭ്യമാക്കുക.
4. കൈത്തറി തുണികൾക്കുള്ള റിബേറ്റ് വർദ്ധിപ്പിക്കുകയും യഥാ സമയം സംഘങ്ങൾക്ക് സഭ്യമാക്കുകയും ചെയ്യുക.
5. കൈത്തറി തൊഴിലാളികൾക്ക് E.S.I. ആനുകൂല്യം ലഭ്യമാക്കുക.

പാറ വ്യവസായത്തിന്റെ പ്രശ്നങ്ങൾ

1. സർക്കാരിന്റെ അനുമതി കിട്ടാനുള്ള വിഷമം
2. പാറപൊട്ടിക്കുന്നതിനാവശ്യമായ സ്ഫോടക വസ്തുക്കൾ ശേഖരിച്ചുവയ്ക്കുന്നതിന് ലൈസൻസ് കിട്ടുന്നതിനുള്ള വിഷമം.
3. അപകടസാദ്ധ്യത
4. യുവതലമുറയുടെ പങ്കാളിത്തക്കുറവ്.
5. പാറയിൽ അധിഷ്ടിതമായ വ്യവസായ സ്ഥാപനങ്ങളുടെ അഭാവം.
6. പാറപൊടിയിക്കാനുപയോഗിക്കുന്ന സ്ഫോടക വസ്തുക്കളുടേയും തൊഴിലുപകരണങ്ങളുടേയും വിലവർദ്ധനവ്.
7. പാറമടകളിലേക്കുള്ള റോഡുകളുടെ ശോചനീയാവസ്ഥ.

സാദ്ധ്യതകൾ

1. തൊഴിലാളികൾക്ക് ഇൻഷ്വറസ് ഏർപ്പെടുത്തുക.
2. സർക്കാരിൽ നിന്ന് അനുമതി കിട്ടുന്നതിനുള്ള നിയമം ഉദാരമാക്കുക.
3. പാറ കോൺട്രാക്ടർമാർക്ക് ഒരു നിശ്ചിത അളവിൽ സ്ഫോടകവസ്തുക്കൾ ശേഖരിച്ചു വയ്ക്കുന്നതിനുള്ള ലൈസൻസ് ലഭ്യമാക്കുക.
4. പാറതൊഴിലാളി സൊസൈറ്റി രൂപീകരിക്കുക.
5. പാറ വ്യവസായത്തോടനുബന്ധിച്ച് ക്രഷർ യൂണിറ്റ്, കൺസ്ട്രക്ഷൻ മെറ്റീരിയൻസ് നിർമ്മിക്കുന്ന യൂണിറ്റ് ഹോളോബ്രിക്സ്, കിണറിന് ഉപയോഗിക്കുന്ന ഉറകൾ നിർമ്മിക്കുന്ന യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുക.
6. പാറമടകളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുക.

1. പുതിയ പാറമടകൾ തുടങ്ങാനുള്ള സാദ്ധ്യത ഉണ്ടാക്കുക.
2. പാറ ക്വാറികളുടെ നിയന്ത്രണവും അവകാശവും പഞ്ചായത്തിനെ ഏൽപ്പിക്കുക.

നൂതന വ്യവസായ സാദ്ധ്യതകൾ

1. പപ്പായ ഉപയോഗിച്ച് ഫ്രൂട്ടി ഉണ്ടാക്കുന്ന യൂണിറ്റ്
2. പാറ-ഗ്രാനൈറ്റ് പോളിഷ് ചെയ്ത് കയറ്റുമതി ചെയ്യുന്നതിനുള്ള ഫാക്ടറി
3. മെഴുകുതിരി നിർമ്മാണ യൂണിറ്റ്
4. തീപ്പെട്ടി നിർമ്മാണ യൂണിറ്റ്
5. ചന്ദനത്തിരി നിർമ്മാണ യൂണിറ്റ്
6. പോളിത്തീൻ ബാഗുകൾ, കവറുകൾ, ബുക്കുകൾ
7. കശുമാങ്ങ സംസ്കരിച്ച് സ്കോഷ് ഉണ്ടാക്കുന്ന യൂണിറ്റ്.
8. അച്ചാർ, ചിപ്പ്സ്, വിനാഗിരി നിർമ്മാണ യൂണിറ്റ്
9. കേരോൽപ്പന്നങ്ങൾ കൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ്.
10. സോപ്പ്-ഡിറ്റർജന്റ് നിർമ്മാണ യൂണിറ്റ്
11. ഫർണിച്ചർ നിർമ്മാണ യൂണിറ്റ്
12. തേനീച്ച വളർത്തൽ
13. പ്രിന്റിംഗ്, ബൈൻഡിംഗ് യൂണിറ്റ്.
14. വിവിധ കരകൗശല യൂണിറ്റുകൾ
15. റബർ പാൽ, ചകിരി, പഞ്ഞി എന്നിവയുപയോഗിച്ച് മെത്ത നിർമ്മിക്കുന്ന യൂണിറ്റ്.
16. തയ്യൽ ഉപകരണങ്ങളുടെ റിപ്പ്റിംഗ് യൂണിറ്റ്.
17. ടൈൽസ് ഫാക്ടറി
18. തുകൽ വ്യവസായ യൂണിറ്റ്
19. ഇലക്ട്രോണിക് സാമഗ്രികളുടെ നിർമ്മാണ യൂണിറ്റ്.
20. ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റ്.
21. അരി, ഗോതമ്പ്, മുളക് എന്നിവ പൊടിച്ച് ഫുഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്ന യൂണിറ്റ്.
22. സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റ്
23. സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റ്.
24. സോഡാ നിർമ്മാണ യൂണിറ്റ്.
25. കളിമൺപാത്ര നിർമ്മാണ യൂണിറ്റ്.
26. ഇരുമ്പ് കൊണ്ടുള്ള പണിയായുധ നിർമ്മാണ യൂണിറ്റ്.
27. സഹകരണ അടിസ്ഥാനത്തിൽ ബീഡി നിർമ്മാണ യൂണിറ്റ്.
28. പ്രിന്റിംഗ് പ്രസ്സ്
29. ടയർ റീട്രെഡിംഗ്
30. റബർ തടി സംസ്കരിച്ച് ഫർണിച്ചർ വ്യവസായത്തിന് ഉപയോഗിക്കുവാനുള്ള യൂണിറ്റ്.

മുകളിൽ സൂചിപ്പിച്ച വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ പഞ്ചായത്ത് പ്രദേശത്ത് ലഭിക്കുകയും ആരംഭിക്കുന്ന വ്യവസായങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുവാനുള്ള സാഹചര്യവും പഞ്ചായത്തിൽ ഉണ്ട്.

പാറയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സർക്കാർ വക പാറകളും പുറമ്പോക്കും ഈ പ്രദേശത്തുണ്ട്. ഈ പാറകളും പുറമ്പോക്കും പഞ്ചായത്തിന് വിട്ടു കിട്ടിയാൽ വ്യവസായം തുടങ്ങാൻ കഴിയും മറ്റ് വ്യവസായങ്ങൾക്ക് പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ ചെറുകിട യൂണിറ്റുകൾ ആരംഭിച്ച് പഞ്ചായത്ത് തലത്തിൽ വിപണനം നടത്താവുന്നതാണ്.

"ഉപജീവനത്തിനാവശ്യമായ
ഉപാധികളുടെ വിലയായിരിക്കും
ഒരു തൊഴിലാളിയുടെ അദ്ധ്വാനത്തിന്റെ
വിലയെ നിർണ്ണയിക്കുന്നത്."

- കാറൽ മാർക്സ്

ടൂറിസം



ആയിരവില്ലിക്കുന്ന്

പ്രകൃതി സൗന്ദര്യത്തിന്റേയും പൗരാണിക ദേവാലയങ്ങളുടേയും കാര്യത്തിൽ അനുഗ്രഹീതമാണ് നഗരൂർ പഞ്ചായത്തു പ്രദേശം. വിനോദ സഞ്ചാര മേഖലയുടെ അനന്തസാധ്യതകൾ ഇവിടെ ചൂഷണം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

കിളിമാനൂർ-ആറ്റിങ്ങൽ റൂട്ടിൽ വെള്ളംകൊള്ളി ജംഗ്ഷന് പടിഞ്ഞാറ് രണ്ട് ഫർലോങ്ങ് അകലെ പച്ചവിരിപ്പിട്ട നെൽപ്പാടങ്ങൾക്കുമപ്പുറത്ത് ഗ്രാമീണ തനിമയും പ്രകൃതിയുടെ രമണീയകതയും കൊണ്ട് നയനാനന്ദകരമായ ആയിരവില്ലി കുന്നും, കുന്നിലെ ക്ഷേത്രവും പേരുപോലെ തന്നെ കുറ്റിക്കാടുകളും കാട്ടുപൊന്തകളും നിറഞ്ഞ അക്കരക്കാട് കുന്നിൻ പ്രദേശവും കാണാം. ഇവയെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടൊരു റോപ്പ്വേ, കുട്ടികളുടെ പാർക്ക്, അക്കരകാടിലെ വൃക്ഷത്തണലുകളിലും ലതാനികുഞ്ജങ്ങളിലും സ്വാഭാവിക വിശ്രമ സങ്കേതങ്ങൾ എന്നിവയൊരുക്കുക. യാന്ത്രിക ജീവിതത്തിന്റെ തിരക്കുകളിൽ നിന്ന് മനസ്സിന് അല്പം ആശ്വാസത്തിനും, ലളിതമായ ഒരു മല കയറ്റത്തിന്റെ അനുഭൂതിക്കും, തീർത്ഥയാത്രയുടേതായ പ്രശാന്തിയും തേടി ധാരാളം ജനങ്ങൾ ഇവിടെയെത്തിച്ചേരും എന്ന കാര്യത്തിൽ സംശയമില്ല. ആയിരവില്ലി കുന്നിലെ പാറയിലുള്ള ഒരിക്കലും വറ്റാത്ത ഉറവയും ഒരാകർഷണമാണ്.

ആയിരവില്ലിക്കുന്നിനോട് ചേർന്നുള്ള കടലുകാണിപ്പാറ ചലച്ചിത്ര ചിത്രീകരണത്തിന് കാര്യമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതാണ്. ചില സിനിമകളുടെയും ടി.വി. സീരിയലുകളുടെയും ചിത്രീകരണം ഇതിനകം തന്നെ ഇവിടെ നടന്നിട്ടുണ്ട്. കടലുകാണിപ്പാറയ്ക്ക് മുകളിൽനിന്നാൽ കടലും സൂര്യാസ്തമനവും കാണാൻ കഴിയും.


പൗരാണികമായ ശിലാശില്പങ്ങൾ കൊണ്ടലംകൃതവും അന്യം നിന്നുപോയ വാസ്തു ശില്പ



ഉത്സവദൃശ്യം

മാതൃകകളുടെ മകുടോദാഹരണങ്ങളുമായി പ്രാചീന സംസ്കാരത്തിന്റെ ബാക്കി പത്രങ്ങൾപോലെ നിലകൊള്ളുന്ന, ക്ഷേത്രങ്ങളേയും മതമൈത്രിയുടേയും ആചാര വിശേഷങ്ങളുടേയും സവിശേഷതകൾ കൊണ്ട് ശ്രദ്ധേയമായ പള്ളികളേയും ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളേയും ചരിത്ര ഗവേഷകരേയും ആകർഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കണം. വിവധ ആരാധനാലയങ്ങളിൽ നടക്കുന്ന ഉത്സവങ്ങളേയും പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ കണക്കിലെടുക്കണം. ഇതെല്ലാം ഒരുപക്ഷേ ലോക വിനോദ സഞ്ചാരഭൂപടത്തിൽ തന്നെ നഗരൂർ സ്ഥാനം പിടിച്ചു കൂടായ്കയില്ല.

വിദ്യാഭ്യാസം



അറിവു സമ്പാദിക്കുകയും വ്യക്തിത്വം വികസിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. സമൂഹത്തിലെ അംഗം എന്ന നിലയിൽ തന്റെ കർത്തവ്യം ഏറ്റവും ഭംഗിയായി നിർവ്വഹിക്കുന്നതിന് വ്യക്തിയെ പ്രാപ്തനാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ നമ്മുടെ വിദ്യാഭ്യാസരംഗം ഇന്ന് ഈ ലക്ഷ്യത്തിൽ നിന്ന് അകന്നു പോകുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽ ഈ പ്രദേശത്ത് ജനങ്ങൾ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ പങ്ക് വഹിച്ചിരുന്നു. കുടിപ്പള്ളിക്കൂടങ്ങളിൽ ആരംഭിച്ച വിദ്യാഭ്യാസപ്രവർത്തനം ആധുനിക കമ്പ്യൂട്ടർ വിദ്യാഭ്യാസ സംവിധാനങ്ങളിൽ എത്തിനിൽക്കുന്ന ഇന്ന് വിദ്യാഭ്യാസം ഒരുവന്റെ ജീവിതവൃത്തിക്ക് സഹായകരമാകാത്ത അവസ്ഥയാണുള്ളത്..

ഇന്ത്യയിലെ വിദ്യാഭ്യാസം പാശ്ചാത്യ മാതൃകയിലായിരിക്കണം, ഇംഗ്ലീഷ് ഭാഷയായിരിക്കണം ബോധനമാധ്യമം എന്ന മെക്കാളെയുടെ ഇന്ത്യൻ വിദ്യാഭ്യാസനയം ആഴത്തിൽ പരിശോധിച്ചാൽ അടിസ്ഥാനപരമായ മാറ്റമില്ലാതെ ഇന്നും ഇവിടെ തുടരുന്നതായി കാണാം. ഉദ്യോഗസ്ഥസമൂഹത്തെ സൃഷ്ടിക്കുന്ന ഈ കൊളോണിയൽ വിദ്യാഭ്യാസ സംസ്കാരം ഇന്നലെകളുടെ ആവർത്തനമായി ഇന്നും തുടരുന്നു.

ഇന്നു നമ്മുടെ വിദ്യാഭ്യാസരംഗം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവമാണ്. വളരെ പെട്ടെന്ന് മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾക്കൊപ്പം വിദ്യാഭ്യാസ രീതിയും മാറേണ്ടിയിരിക്കുന്നു. ഇതിന് ഈ മേഖല ദീർഘവീക്ഷണത്തോടുകൂടി ശാസ്ത്രീയമായി പുനസംവിധാനം ചെയ്യേണ്ടിയിരിക്കുന്നു. ഇതിനു വേണ്ടി ആദ്യം ചെയ്യേണ്ടത് കോഠാരി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പാക്കുക എന്നുള്ളതാണ് റിപ്പോർട്ടിലെ വിദ്യാഭ്യാസ പദ്ധതി അതേ പോലെ നടപ്പാക്കുകയും സ്കൂൾ കോളേജ് ഘട്ടങ്ങളിൽ ബോധന മാധ്യമം മാതൃഭാഷയാക്കുകയും ഉന്നത വിദ്യാഭ്യാസ ത്തിന് പോലും പ്രാദേശികഭാഷകൾ ബോധനമാധ്യമമാക്കുകയും ചെയ്തുകൊണ്ട്

ഭാഷാനയം സംബന്ധിച്ച നിർദ്ദേശങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കുകയും വേണം. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിറങ്ങുന്ന ഓരോ വിദ്യാർത്ഥിയും സ്വന്തമായി ഒരു തൊഴിൽ ചെയ്ത് ജീവിക്കുവാൻ പ്രാപ്തിയുള്ളവനായി തീരുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസ സംസ്കാരം ഉണ്ടായേ തീരൂ.


നമ്മുടെ വിദ്യാഭ്യാസമേഖലയെക്കുറിച്ചും വിദ്യാലയങ്ങളിലെ ഇന്നത്തെ ബോധന സമ്പ്രദായത്തെക്കുറിച്ചും പരീക്ഷാ സമ്പ്രദായത്തെക്കുറിച്ചും സാമാന്യമായെങ്കിലും മതിപ്പുള്ളവരെ കണ്ടെത്താൻ പ്രയാസമാണ്.. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം നാടിന്റെ ആവശ്യങ്ങളുമായും വികസന സാദ്ധ്യതകളുമായും പൊരുത്തപ്പെടുന്നതല്ല. നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായം അടിമുടി ഉടച്ചു വാർത്ത് കാലോചിതമായി പരിഷ്ക്കരിക്കണം.

നഗരൂർ പ്രദേശത്ത് 1917-ൽ തന്നെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച് പ്രവർത്തിച്ച് തുടങ്ങിയിരുന്നു. ഗാന്ധിജിയുടെ വാർധാ സ്കീം വിദ്യാഭ്യാസസമ്പ്രദായം പോലും ഇതിനും ഇരുപതുവർഷങ്ങൾക്കുശേഷമാണ് (1937) ജന്മമെടുത്തത്. ഈ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളോടുള്ള താല്പര്യം സ്കൂളുകൾ സ്ഥാപിക്കുക, സൗജന്യമായി സ്കൂൾകെട്ടിടങ്ങൾക്ക് സ്ഥലം നൽകുക, സ്കൂൾ കെട്ടിടം നിർമ്മിക്കുക, വിദ്യാഭ്യാസപ്രവർത്തനങ്ങൾ വിലയിരുത്തുക എന്നീ രീതിയിൽ വളരെ സജീവമായിരുന്നു.

ഈ പഞ്ചായത്ത് പ്രദേശത്ത് ഒരു ഹൈസ്കൂളും നാല് അപ്പർ പ്രൈമറി സ്കൂളും രണ്ട് ലോവർ പ്രൈമറി സ്കൂളുമാണുള്ളത്. സർക്കാർ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ഇടപെടൽ വളരെ സജീവവും ക്രിയാത്മകവുമാണ്. എന്നാൽ സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളുടെ പ്രവർത്തനം പൊതുവെ മെച്ചമാണെങ്കിലും സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടലുകൾ വേണ്ടത്ര സജീവമല്ല. ഈ സ്കൂളുകളിൽ പി.റ്റി.എ.യുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്കെല്ലാം 80 വർഷത്തിൽ കുറയാത്ത പഴക്കവുമുണ്ട്.

നഗരൂർ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏകസ്വാശ്രയകോളേജ് വിരാലൂർ കാവിലെ ശ്രീശങ്കര കോളേജാണ്. ബി.കോം., ബി. എസ്.സി.(കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ്) എന്നീ കോഴ്സുകളാണ് ഇവിടെയുള്ളത്. പഞ്ചായത്ത് പ്രദേശത്ത് മറ്റ് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. രണ്ട് പാരലൽ കോളേജുകളും 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമുണ്ട് സ്വകാര്യ അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയയ്ക്കുന്ന പ്രവണത ഇപ്പോൾ കൂടിവരുന്നതായാണ് കാണുന്നത്. ഈ പ്രവണതയെ നിരുത്സാഹപ്പെടുത്തുന്നതിനും ജനങ്ങളിൽ മാതൃഭാഷയോടുള്ള അവഗണന മാറ്റിയെടുക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് സജീവമാണെങ്കിലും നിരക്ഷരത്വം പൂർണ്ണമായി തുടച്ചുനീക്കി പ്രാഥമിക വിദ്യാഭ്യാസം തികച്ചും ജനകീയമാക്കാൻ ഇനിയും വളരെ ദൂരം പോകേണ്ടതുണ്ട്..



ഗവൺമെന്റ് എച്ച്. എസ്സ്. നെടുമ്പറമ്പ്

അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
							കെട്ടിടം		ഫർണീച്ചർ	
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
1	2	3	4	5	6	7	8	9	10	11
ഗവ. എച്ച്. എസ്. നെടുമ്പറമ്പ്			33	442	439	881		✓		✓
ഗവ. യു.പി.എസ്. പേരൂർ വടശ്ശേരി			12	148	141	289	✓			✓
വി. യു.പി.എസ്. വെള്ളല്ലൂർ			9	98	74	172	✓			✓
എം.എം.യു.പി.എസ് പേരൂർ			14	189	166	355	✓			✓
ഗവ. എൽ. പി. എസ്. വെള്ളല്ലൂർ				134	126	260		✓		✓
ഗവ. വി.എസ്.എൽ.പി.എസ്. നഗരൂർ			6	69	79	148				
പ്രതിഭാ ഇംഗ്ലീഷ് മീഡിയം എൽ.പി. എസ്.			15	78	83	161				
ഗുരുദേവ് യു.പി.എസ്. ദർശനാവട്ടം			17	214	216	430				
ആകെ				1372	1324	2723				

സ്കൂളുകളുടെ പൊതുവിവരം

സ്കൂളിന്റെ പേര്	ഹൈസ്കൂൾ യു.പി./ എൽ.പി./പ്രീപ്രൈമറി	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെഎണ്ണം			അദ്ധ്യാപകരുടെ എണ്ണം				സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
		സർക്കാർ	എയിഡഡ്	അൺഎയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവർ				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
ഗവ. എച്ച്.എസ് നെടുമ്പറമ്പ്	H S	അതെ				442	439	881	34	33	1	ഇല്ല	3 ഏക്കർ	ഇല്ല	2 ഏക്കർ	ചുറ്റുമതിലില്ല ഫർണീച്ചർ റിപ്പയറില്ല
ഗവ. യു.പി.എസ്. പേരൂർ വടശ്ശേരി	UP S	അതെ				148	141	289	12	12	ഇല്ല	ഇല്ല	70 സെന്റ്	5 സെന്റ്	ഇല്ല	ചുറ്റുമതിൽ പൂർണ്ണമല്ല
ഗവ. വി.എസ്. എൽ.പി.എസ്. നഗരൂർ	L.P. S	അതെ				96	79	175	6	6	ഇല്ല	ഇല്ല	116 സെന്റ്	50 സെന്റ്	40 സെന്റ്	ചുറ്റുമതലില്ല ഫർണീച്ചർ റിപ്പയറില്ല
ഗവ. എൽ.പി.എസ്. വെള്ളല്ലൂർ	L.P. S	അതെ				131	122	257		6	ഇല്ല	ഇല്ല				"
വെള്ളല്ലൂർ വി. യു.പി.എസ്.	UP S		അതെ			98	74	172	9	9	ഇല്ല	ഇല്ല	150 സെന്റ്	100 സെന്റ്	ഇല്ല	"
എം. എം. യു. പി. എസ്. പേരൂർ	UP S		അതെ			189	166	355	14	14	ഇല്ല	ഇല്ല	150 സെന്റ്	ഇല്ല	75 സെന്റ്	
ഗുരുദേവ് യു.പി.എസ്.	UP S		അതെ			214	216	430	17	17	ഇല്ല	ഇല്ല	150 സെന്റ്	ഇല്ല	ഇല്ല	ചുറ്റുമതിലില്ല
പ്രതിഭാ ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ	L.P. S				അതെ	80	84	164		15			40 സെന്റ്	20 സെന്റ്	ഇല്ല	

സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾഎണ്ണം			മുറികൾ എണ്ണം			താൽക്കാലികം	ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരുസമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെഎണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല	വൈദ്യുതികരണം ഉണ്ട്/ഇല്ല	പാചകമുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചുകൾ മതിയാകുമോ/ഇല്ല	ഇനി ആവശ്യമായവ				
		സ്ഥിരം	അർദ്ധസ്ഥിരം	എയിഡഡ്	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം													ഡസ്ക	ബഞ്ച്	മേശ	കസേര	ഓഫിസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
ഗവ. എച്ച്.എസ് നെടുമ്പന്ന	24	1	3	2	12	13	5	18	ഉണ്ട്	3	25		3	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	50	50	10	15	ആവശ്യമായ മേശ, കസേര
ഗവ. യു.പി.എസ്. പേരൂർ വടശ്ശേരി	9	2	1		8	3			ഇല്ല	1	4	1	1		ഉണ്ട് കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	18	10	5	5	
ഗവ. വി.എസ്. എൽ.പി.എസ്. നഗരൂർ	5	1			1			2	ഉണ്ട്			2			കിണർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	35	10		5	ആവശ്യമായ
ഗവ. എൽ.പി.എസ്. വെള്ളല്ലൂർ	8	1			1			3	ഉണ്ട്	1		1			കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	51	25	3	6	ആവശ്യമായ മേശ, കസേര
വെള്ളല്ലൂർ വി. യു.പി.എസ്.	6	3			10				ഇല്ല	4	4		1		കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	10	10	5	8	ആവശ്യമായ മേശ, കസേര
എം. എം. യു. പി. എസ്. പേരൂർ	10	2	1		2 മൂറി	12 മൂറി			ഉണ്ട്	3	5	2	2	1	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	70	15	5	10	ആവശ്യമായ മേശ, കസേര
ഗവൺമെന്റ് യു.പി.എസ്.	14	1	3		6	11		1	ഇല്ല	1	2	2	1	1	കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	തീയാകും	55	65	25	5	10	ആവശ്യമായ സ്റ്റാൻഡിനോടുകൂടിയ ഒന്ന് ഫാൻ
പ്രതിഭാ ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ	6	3			11			2	ഉണ്ട്	2	10		1		കിണർ പമ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	55	65	3	20	ആവശ്യമായ സ്റ്റാൻഡിനോടുകൂടിയ ഒന്ന് ഫാൻ

സ്കൂളിന്റെ അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/ഇല്ല	ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ഇല്ല	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ/വി.സി.പി.	സിനിമ പ്രൊജക്ടർ	സ്ലൈഡി പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്	95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം	സമരത്തിലൂടെ നഷ്ടപ്പെട്ടത്	പ്രത്യേക അവധി	മാതൃസംഗമം	ക്ലാസ്സ് റൂംപി.റ്റി.എ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
ഗവ. എച്ച്.എസ് മൈലമ്പാറ	ഉണ്ട്	ഉണ്ട് സയൻസ് കോർണർ	ഉണ്ട്	ഉണ്ട്	പ്രവർത്തിക്കുന്നു	ഇല്ല	ഇല്ല	ഇല്ല	2	2	ഇല്ല	24	16	193	5	4	സജീവം	ഇല്ല
ഗവ. യു.പി.എസ്. പേരൂർ വടശ്ശേരി	ഇല്ല	ഉണ്ട് സയൻസ് കോർണർ	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	9	194	1	5	സജീവം	പ്രവർത്തിക്കുന്നു
ഗവ. വി.എസ്. എച്ച്.പി.എസ്. നഗരൂർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	4	195	-	5	സജീവം	പ്രവർത്തിക്കുന്നു
ഗവ. എച്ച്.പി.എസ്. വെള്ളല്ലൂർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	195	-	5	സജീവം	പ്രവർത്തിക്കുന്നു
എം. എം. യു. പി. എസ് കോരാണി	ഉണ്ട്	ഉണ്ട് സയൻസ് കോർണർ	ഉണ്ട്	ഉണ്ട്	പ്രവർത്തിക്കുന്നു	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	7	7	193	2	4	സജീവം	പ്രവർത്തിക്കുന്നു
ഗവ.മുസ്ലീം യു.പി.എസ്.	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	9	194	3	5	സജീവം	പ്രവർത്തിക്കുന്നു
പ്രതിഭാ ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	11	11	-	-	-	സജീവം	പ്രവർത്തിക്കുന്നു

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരവും അക്കാഡമിക്ക് നിലവാരവും

സ്കൂളിന്റെ പേര്	മെരിറ്റ് സ്കോളർഷിപ്പ്	ലംസം ഗ്രാന്റ്	മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	30% ൽ താഴെ മാർക്കു വാങ്ങിയവർ	30%-40%	40%-50%	50%-60%	60% ന് മുകളിൽ
1	2	3	4	5	6	7	8	9	10
ഗവ. എച്ച്.എസ് നെടുമ്പറമ്പ്	4	189	7	4	16.4	31.9	24.7	14.6	12.8
ഗവ. യു.പി.എസ്. പേരൂർ വടശ്ശേരി	–	79	28	1	14.4	33.9	20.7	14.2	13.2
ഗവ. വി.എസ്. എൽ.പി.എസ്. നഗരൂർ	–	33	–	2	31	25.3	11.5	11.5	20.7
ഗവ. എൽ.പി.എസ്. വെള്ളല്ലൂർ	–	–	–	–	39.4	16.7	5.3	11.3	27.2
വെള്ളല്ലൂർ വി. യു.പി.എസ്.	–	57	1	–	50.3	9	7.2	8.4	25.1
എം. എം. യു. പി. എസ്. പേരൂർ	–	33	1	1	10.3	58.8	24.8	8.3	.76
ഗുരുദേവ് യു.പി.എസ്.	–	115	2	4	5.8	35.2	30.2	15.2	17.5
പ്രതിഭാ ഇംഗ്ലീഷ് & മലയാളം മീഡിയം സ്കൂൾ	–	–	–	–	–	–	–	–	–

പഞ്ചായത്തു പ്രദേശത്തെ സ്കൂളുകളിൽ ആകെ 2723 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 303 പേർ പട്ടിക ജാതിവിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. പഠിത്തം നിർത്തിയവർ 19 പേർ. പഠിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ 0.76% കുറവാണ്.

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

സ്കൂളിന്റെ പേര്	S.C./S.T. കുട്ടികളുടെ എണ്ണം		S.C./S.T. പഠനം നിർത്തിയവർ		പഠനം നിർത്തിയ മറ്റുള്ളവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഗവ. എച്ച്.എസ്. നെടുമ്പറമ്പ്	11	8	3	1	9	3
ഗുരുദേവ് UPS	57	58	0	1	0	1
ഗവ. UPS പേരൂർ വടശ്ശേരി	10	15	0	1	0	1
ഗവ. VSLPS നഗരൂർ	20	13	0	0	0	0
ഗവ. LPS വെള്ളല്ലൂർ	37	42	3	0	3	1
VUPS വെള്ളല്ലൂർ	6	3	0	0	0	0
MMUPS പേരൂർ	15	18	0	0	3	5
പ്രതിഭാ ഇംഗ്ലീഷ് ആന്റ് മലയാളം മീഡിയം	2	1	–	–	–	–
ആകെ	158	158	6	3	15	11

പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളുടെ ചരിത്രവും പൊതുവിവരങ്ങളും

നെടുമ്പറമ്പ് ഗവ. ഹൈസ്കൂൾ

ശ്രീനാരായണഗുരുവിന്റെ "വിദ്യകൊണ്ട് പ്രബുദ്ധരാവുക" എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് ചെപ്പള്ളിയിൽ ശ്രീമാൻ കൃഷ്ണനാശാൻ ഈ സ്കൂൾ 1917-ൽ സ്ഥാപിച്ചു. ഇതോടൊപ്പം തന്നെ അദ്ദേഹം തേക്കിൻകാട്, വഞ്ചിയൂർ, ചെങ്കിക്കുന്ന്, മേവർക്കൽ എന്നീ സ്ഥലങ്ങളിലും സ്കൂളുകൾ നിർമ്മിച്ചു കൊടുത്തു. 25 കുട്ടികളുമായി ശ്രീ. ഗോപാലപിള്ള പ്രധാന അദ്ധ്യാപകനായി ആരംഭിച്ച ഈ സ്കൂളിൽ 1939-ൽ നിർദ്ധനരായ 40 കുട്ടികൾക്ക് നാട്ടുകാരുടെ സഹായത്തോടെ ഉച്ചക്കഞ്ഞി വിതരണം ചെയ്തതായി സ്കൂൾ രേഖകളിൽ കാണുന്നു. 1947-ൽ ഈ സ്കൂളും സ്ഥലവും പ്രതിഫലം വാങ്ങാതെ സർക്കാരിലേക്ക് വിട്ടുകൊടുത്തു. 1968-ൽ ഈ സ്കൂളിന് അപ്പർ പ്രൈമറിയായും 1973-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. അപ്പർ പ്രൈമറി ആയപ്പോൾ നിർമ്മിച്ച ഒരു ഇരുനിലക്കെട്ടിടമൊഴിച്ചാൽ ബാക്കി ഇന്നുള്ള സ്കൂൾ കെട്ടിടങ്ങളെല്ലാം നാട്ടുകാരുടെ പ്രയത്നത്തിന്റെ ഫലമാണ്. രണ്ടരയേക്കർ സ്ഥലം ഈ സ്കൂളിന് സംഭാവന ചെയ്തത് നാട്ടുകാരാണ്.

അദ്ധ്യാപകരുടെയും രക്ഷിതാക്കളുടേയും കൂട്ടായ്മ ഈ സ്കൂളിലെ പഠന പാഠ്യേതര നിലവാരത്തെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

കെട്ടിടങ്ങളുടെ കുറവ്, പഠനോപകരണങ്ങളുടെ അപര്യാപ്തത, പരിമിതമായ ലബോറട്ടറി സൗകര്യങ്ങൾ മോശമായ ലൈബ്രറി, കളിസ്ഥലമില്ലായ്മ, കായികോപകരണങ്ങളുടെ കുറവ് എന്നിവ ഈ വിദ്യാലയത്തെ അലട്ടുന്ന പ്രധാന പ്രശ്നങ്ങളാണ്. കമ്പ്യൂട്ടർ കോഴ്സ് ഉദ്ഘാടനം ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ചെങ്കിലും കമ്പ്യൂട്ടർ ഇതുവരെ എത്തിയിട്ടില്ല. ലക്ഷക്കണക്കിന് രൂപ ഇതിനായി പഞ്ചായത്തും

പി.റ്റി.എ.യും വികസനസമിതിയും ചേർന്ന് സംഭാവന പിരിച്ച് സർക്കാരിന് അടച്ചിട്ടുണ്ട്.

ഹൈസ്കൂളിനെ സംബന്ധിച്ച് മറ്റൊരു പ്രശ്നം ഇതിനോടനുബന്ധിച്ചുള്ള എൽ.പി.സ്കൂൾ 1 കി.മീ. അകലെയാണെന്നുള്ളതാണ്. ഇത് ഭരണപരമായ ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. പ്രധാന അദ്ധ്യാപകന് രണ്ടു സ്കൂളുകളിലെയും കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു. അതുകൊണ്ട് എൽ.പി. വിഭാഗത്തിന് പ്രത്യേകിച്ച് പ്രധാന അദ്ധ്യാപകനെ നിയമിക്കണം. എൽ.പി. എസിൽ കുടിവെള്ള സൗകര്യങ്ങളോ, ആ ഭാഗത്തേയ്ക്ക് യാത്രാസൗകര്യമോ ഇല്ല.

തികച്ചും ഗ്രാമീണാന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന് ഭൗതിക സാഹചര്യങ്ങളിൽ പരിമിതികളുണ്ടെങ്കിലും കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയശതമാനത്തിൽ ഒന്നാംസ്ഥാനത്തുനിൽക്കുന്ന സ്കൂളാണ് ഇതെന്നുള്ളത് തികച്ചും അഭിമാനകരമാണ്. ആകെ 881 കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നു. ഇതിൽ 21.34% പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പഠനം നിർത്തിയവർ 16 പേരാണ്. ഇവരിൽ 25% പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. 94-95 വർഷത്തിൽ 84% വിദ്യാർത്ഥികളും 95-96 വർഷത്തിൽ 76% വിദ്യാർത്ഥികളും എസ്.എസ്.എൽസി. പരീക്ഷ പാസ്സായി. ജില്ലാ സംസ്ഥാനതല കായിക മത്സരങ്ങളിൽ ഒരവാർഡുപോലും ഈ സ്കൂളിന് ലഭിച്ചിട്ടില്ല. സ്കൂളിന് ഗ്രൗണ്ടില്ലാത്തതും പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യക്ഷമതക്കുറവും വിലയിരുത്തപ്പെടണം.

നെടുമ്പറമ്പ് ഗവ. എച്ച്.എസ്. ലെ
എസ്.എസ്.എൽ.സി. വിജയശതമാനം

ക്രമനമ്പർ	വർഷം	വിജയശതമാനം
1	91-92	47%
2	92-93	52%
3	93-94	56%
4	94-95	84%
5	9596	76%

പേരൂർ -വടശ്ശേരി ഗവ. യൂ.പി.എസ്.

80 വർഷംമുമ്പ് തെങ്ങുവിളയിൽ ശ്രീ. കാസിം കുഞ്ഞ് തന്റെ വീട്ടിലാരംഭിച്ച കുടിപ്പള്ളിക്കൂടം ആണിത്. ഈ സ്കൂൾ ശ്രീ. പൊയ്കയിൽ അബ്ദുൽ ഖാദർ, ശ്രീ. ഋഷിമംഗലം നീലകണ്ഠപ്പിള്ള എന്നിവരുടെ ശ്രമഫലമായി സർക്കാർ സ്കൂളായി മാറി. 1980-ൽ ഇത് യൂ.പി.എസ് ആയി മാറി. 74 സെന്റ് പുരയിടം സ്കൂൾ വകയായിട്ടുണ്ട്. ഇതിനോട് ചേർന്ന് രണ്ടര ഏക്കർ പുറമ്പോക്കു ഭൂമികൂടിയുണ്ട്. ഇത് കൂടി സ്കൂളിനോട് ചേർത്താൽ ഇതിനെ ഒരു ഹൈസ്കൂളാക്കി ഉയർത്താൻ സാധിക്കും. പ്ലസ് ടൂ അടക്കമുള്ള വിദ്യാഭ്യാസ സംവിധാനങ്ങൾ ഉണ്ടാക്കുവാനുള്ള സൗകര്യം ലഭിക്കുകയും ചെയ്യും. നല്ല പാനിലവാരം പുലർത്തുന്ന ഈ സ്കൂൾ കലോത്സവങ്ങളിലും കായിക മത്സരങ്ങളിലും ശാസ്ത്രപ്രദർശനങ്ങളിലും അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. 1980-ൽ തറക്കല്ലിട്ട കെട്ടിടത്തിന് പണി അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

ആകെ 289 കുട്ടികൾ പഠിക്കുന്നു. 27.68% പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്. അത്യാവശ്യമായി ഡസ്ക്, ബഞ്ച്, മേശ, കസേര എന്നിവയുണ്ടാകണം. ലൈബ്രറിയില്ല. ലൈബ്രറി ആരംഭിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാകണം. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

ഗവ. എൽ.പി.എസ്. തേക്കിൻകാട്

ഈ പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും പഴക്കമുള്ള ലോവർ പ്രൈമറി സ്കൂളുകളിൽ ഒന്നാണ് തേക്കിൻകാട് ലോവർ പ്രൈമറി സ്കൂൾ. സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളും അദ്ധ്യാപകരും കൂട്ടായ്മയോടെ പ്രവർത്തിക്കുന്നു. ഈ സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഇവിടെ പ്ലസ് ടൂ കോഴ്സ് തുടങ്ങുന്നതിന് സ്ഥലസൗകര്യമുണ്ട്. എന്നാൽ സ്കൂളിന്റെ ഭൂമി ചിലർ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുകയാണ്. സ്കൂളിന്റെ വസ്തുവകകൾ അന്യാധീനപ്പെട്ടുപോകാതിരിക്കുവാൻ പി.റ്റി.എ. യുടെ നേതൃത്വത്തിൽ നിയമനടപടികൾ നടത്തിവരുന്നു. ഇതിൽ സർക്കാരും കക്ഷിചേരണം. കേസ്

നടത്തിപ്പിന് വേണ്ടിയുള്ള പണം പൊതുജനങ്ങളിൽനിന്ന് പിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇത് മതിയാകാത്ത അവസ്ഥയാണിന്നുള്ളത്. ഇപ്പോഴുള്ള സ്കൂൾ കെട്ടിടം പഴകി ദ്രവിച്ചതാണ്. അത് പൊളിച്ച് ആധുനികസൗകര്യങ്ങളോടു കൂടിയ ഒരു കെട്ടിടം പണിയണം. പാചകപ്പുരയും ചുറ്റുമതിലും പണിയണം. കുടിവെള്ളമെത്തിക്കുന്നതിനുള്ള സംവിധാനവുമുണ്ടാകണം. ആകെ 175 കുട്ടികൾ പഠിക്കുന്നു. ഇതിൽ 18.86% പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പഠനം നിർത്തിയവരില്ല. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

ഗവ. എൽ.പി.എസ്. വെള്ളല്ലൂർ

ഒരു നൂറ്റാണ്ടോളം പഴക്കമുള്ള സ്കൂളാണിത്. ആരംഭകാലത്തെക്കുറിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ല. സ്കൂൾ പി.റ്റി.എ. കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലസൗകര്യമുണ്ട്. ഇപ്പോഴുള്ള സ്കൂൾ കെട്ടിടം 50 വർഷം പഴക്കമുള്ളതാണ്. ഈ സ്കൂൾ യു.പി.എസ് ആക്കി ഉയർത്തണം. ഇപ്പോൾ 8 ഡിവിഷനുകളാണുള്ളത്. എന്നാൽ 5 ക്ലാസ്സ്റൂമുകളെയുള്ളു. ആകെ 257 കുട്ടികൾ പഠിക്കുന്നു. ഇതിൽ 79 കുട്ടികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്.

പാചകപ്പുര പണിയുക, കുടിവെള്ള ലഭ്യതയ്ക്കുള്ള സംവിധാനങ്ങളുണ്ടാക്കുക, വൈദ്യുതീകരിക്കുക മുതലായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

സ്വകാര്യമാനേജ്മെന്റ് സ്കൂളുകൾ

വി.യു.പി.എസ്. വെള്ളല്ലൂർ, ഗുരുദേവ് യു.പി.എസ്., എം.എം.യു.പി.എസ്. പുലിക്കുഴി ഇവ സ്വകാര്യമേഖലയിൽപ്പെട്ട എയിഡഡ് സ്കൂളുകളാണ്. ഈ സ്കൂളുകളിലെ പി.റ്റി.എ. കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. സ്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മാനേജ്മെന്റുകൾ ശ്രദ്ധിക്കേണ്ടതാണ്.

വി.യു.പി.എസ്. വെള്ളല്ലൂർ

5 മുതൽ 7 വരെ സ്റ്റാൻഡേർഡുകളിലായി 172 കുട്ടികൾ പഠിക്കുന്നു. ഇതിൽ 34.3% പേർ പട്ടികജാതി വിഭാഗക്കാരാണ്. ലൈബ്രറി, ലബോറട്ടറി എന്നിവയുടെ പ്രവർത്തനം കൂടുതൽകാര്യക്ഷമമാക്കണം. മാതൃസംഗമം സജീവമാക്കുകയും വിദ്യാഭ്യാസനിലവാരം ഉയർത്തുകയും വേണം.

എ.എം.യു.പി.എസ്.പേരൂർ

1 മുതൽ 7 വരെ സ്റ്റാൻഡേർഡുകളിലായി 355 കുട്ടികൾ പഠിക്കുന്നുണ്ട്. ഇവരിൽ 9.29% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പഠനം നിർത്തിയ 8 കുട്ടികളുണ്ട്. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തണം.

ഗുരുദേവ് യു.പി.എസ്.

1 മുതൽ 7 വരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന 430 കുട്ടികളാണുള്ളത്. ഇതിൽ 115 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കളിസ്ഥലവും സ്കൂളിന് ചുറ്റുമതിലും അത്യാവശ്യമാണ്. ശുദ്ധജലം ലഭ്യമാക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

പ്രതിഭാ ഇംഗ്ലീഷ് ആന്റ് മലയാളം മീഡിയം സ്കൂൾ

1 മുതൽ 4 വരെ ഡിവിഷനുകളിലായി 161 കുട്ടികൾ പഠിക്കുന്നു. ഇവരിൽ 3 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

സാക്ഷരത

ഐക്യരാഷ്ട്ര സഭ ലോക സാക്ഷരതാ വർഷമായി ആചരിച്ച 1990 നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് "അക്ഷരകേരളം പദ്ധതി" ആവിഷ്ക്കരിക്കയുണ്ടായല്ലോ. അക്ഷരകേരളം പദ്ധതിയുടെ ഭാഗമായി നഗരൂർ ഗ്രാമപഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം സജീവമായി നടക്കുകയുണ്ടായി.

1990 ഏപ്രിൽ 8-ാം തീയതി നടന്ന സർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിൽ 6 നും 60 നും ഇടയിൽ പ്രായമുള്ള 2892 നിരക്ഷരരുള്ളതായി തെളിഞ്ഞു. ഇതിൽ 1840 സ്ത്രീകളും 1052 പുരുഷന്മാരുമാണുള്ളത്. നിരക്ഷരതാ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ എല്ലാവാർഡുകളിലുമായി 188

പഠനകേന്ദ്രങ്ങൾ ആരംഭിക്കുകയും 2156 നിരക്ഷരരെ പഠനകേന്ദ്രങ്ങളിലെത്തിക്കുകയും ചെയ്തു.

1991 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടന്ന മൂല്യനിർണ്ണയത്തിൽ 2062 പേർ സാക്ഷരർ ആയതായി കണ്ടെത്തി. പഞ്ചായത്തിലെ പതിനൊന്നാം വാർഡിലാണ് സമ്പൂർണ്ണ സാക്ഷരത ആദ്യമായി പ്രഖ്യാപിച്ചത്. 1991 ഏപ്രിൽ 10-ാം തീയതി നഗരൂർ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി പ്രഖ്യാപിച്ചു.

നിരക്ഷരരായവരിൽ 75% പേരെയും പഠനകേന്ദ്രങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞു. അവരിൽ 95.64% സാക്ഷരരായെങ്കിലും രണ്ടാംഘട്ട സാക്ഷരതാ പരിപാടി കാര്യക്ഷമമാക്കാൻ കഴിഞ്ഞില്ല. അതിനാൽ പഞ്ചായത്തിലെ സാക്ഷരത നിലനിർത്തുവാൻ കഴിഞ്ഞില്ല. 1991 സെൻസസ് പ്രകാരം ആകെ ജനസംഖ്യയുടെ 24.53% പേർ നിരക്ഷരരാണ്. ഗ്രാമപഞ്ചായത്ത് അധികാരത്തിൽ വന്നശേഷം സാക്ഷരതാ കോ ഓഡിനേറ്ററെ നിയമിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്.

തുടർവിദ്യാഭ്യാസ പരിപാടി ഗൗരവതരമായി കാണുകയും നവസാക്ഷരരെ അറിവിന്റെ ലോകവുമായി ബന്ധപ്പെടുത്തുകയും വേണം. നിത്യജീവിതാനുഭവങ്ങളോട് ബന്ധപ്പെട്ട ഹൃദ്യമായ ഗ്രന്ഥങ്ങൾ നവസാക്ഷരർക്ക് ലഭ്യമാക്കണം. അവ വായിച്ച് ആസ്വദിക്കുന്നതിനാവശ്യമായ പരിശീലനം അവർക്ക് നൽകണം. ആ സംസ്കാരം ജീവിത പുരോഗതിക്ക് പ്രയോജനപ്പെടുത്താൻ അവരെ പ്രാപ്തരാക്കുകയും വേണം. ഈ പ്രവർത്തനം തുടർവിദ്യാഭ്യാസ പഠനകേന്ദ്രങ്ങളിലൂടെ നിർവ്വഹിക്കപ്പെടാൻ പഞ്ചായത്ത് സാക്ഷരതാസമിതി ശ്രമിക്കുകയാണ്.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

എൽ.പി.സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി വിദ്യാഭ്യാസം ആരംഭിക്കണം. കേന്ദ്രസർക്കാരിന്റെ ഐ.സി.ഡി.എസ്. പദ്ധതിപ്രകാരം നടത്തിവരുന്ന പോഷകാഹാരവിതരണം, കുട്ടികളുടെ വളർച്ച, ആരോഗ്യപരിശോധന, റഫറൽ സർവ്വീസ്, പ്രതിരോധകുത്തിവയ്പ്, പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നിവയിൽ പ്രീ സ്കൂൾ വിദ്യാഭ്യാസം മാത്രമേ ഇവിടെനിന്നും ലഭിക്കുന്നുള്ളു. ആയതിനാൽ പ്രീ പ്രൈമറി സ്കൂൾ തുടങ്ങുമ്പോൾ ഈ കുട്ടികളെ കേന്ദ്രസർക്കാരിന്റെയും യൂണിസെഫിന്റെയും സഹായത്തിൽ നടത്തുന്ന ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരേണ്ടതാണ്.

പ്രശ്നങ്ങൾ

1. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്തില്ല.
2. സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല.
3. സ്വകാര്യ മാനേജുമെന്റ് സ്കൂളുകളിലെ പി.റ്റി.എ ശരിക്കു പ്രവർത്തിക്കുന്നില്ല.

സാദ്ധ്യതകൾ

1. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക.
2. രണ്ടുവില്ലേജുകൾ ചേർന്ന നഗരൂർ പഞ്ചായത്ത് പ്രദേശത്ത് വെള്ളല്ലൂർ വില്ലേജിൽ ഒരു ഹൈസ്കൂൾ അനുവദിക്കുക.
3. സ്കൂളുകളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. തിരുവനന്തപുരം ജില്ലയിൽ കോളേജുകളില്ലാത്ത ഏകമണ്ഡലമായ കിളിമാനൂരിൽ ഒരു ഗവ. കോളേജ് സ്ഥാപിക്കുക. വിരാലൂർക്കാവ് ക്ഷേത്രം വക 20 ഏക്കർ സ്ഥലമുണ്ട്. ഇത് ശങ്കര ട്രസ്റ്റിന്റെ കീഴിലാണ്. ഇവിടെ ഒരു സ്വാശ്രയ കോളേജുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് ബി.എസ്.സി. കോഴ്സുകൾ നടത്തുന്നുണ്ടെങ്കിലും പരിശീലനത്തിന് മറ്റ് സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. വിരാലൂർക്കാവിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്നതിനുള്ള ഭൗതികസാഹചര്യങ്ങളൊരുക്കുകയും കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും കോളേജ് സ്ഥാപിക്കുവാൻ ഏറ്റവും പറ്റിയ സ്ഥലമെന്ന് സർവ്വകലാശാലാ സമിതികൾ റിപ്പോർട്ട് ചെയ്ത സ്ഥലമാണിത്. കോളേജ് വിദ്യാഭ്യാസത്തിന് ആറ്റിങ്ങൽ, തിരുവനന്തപുരം, വർക്കല, നിലമേൽ എന്നിവിടങ്ങളിലെ കോളേജുകളെയും പാരലൽ കോളേജുകളെയുമാണ് ആശ്രയിക്കുന്നത്.


5. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവ. എൽ.പി.സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഇടമുണ്ട്. എച്ച്.എസ്. കളിലെ യു.പി. വിഭാഗം ഇതിനോട് ചേർത്താൽ എച്ച്. എസ്. കളിൽ പ്ലസ് ടു കോഴ്സുകൾ തുടങ്ങുന്നതിന് സൗകര്യമുണ്ടാക്കാം.
6. എല്ലാ സ്കൂളുകളിലും സംസ്കൃത അദ്ധ്യാപകൻ മാരെ നിയമിക്കുക.
7. മാനേജ്മെന്റൽ പഠനത്തിന് കൂടുതൽ സൗകര്യ മുണ്ടാക്കുക.
8. പഞ്ചായത്ത് പ്രദേശത്ത് ഒരു പ്രീ-പ്രൈമറി ടീച്ചേഴ്സ് ആന്റ് അംഗൻവാടി ട്രെയിനിംഗ് ഇൻ സ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
9. ഒരു ഇൻഡസ്ട്രീയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
10. പഞ്ചായത്തിന്റെ കീഴിൽ ഒരു ചെറുകിടവ്യവ സായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക. ഇൻസ്റ്റിറ്റ്യൂട്ടിൽ താഴെപ്പറയുന്ന കോഴ്സുകൾ ഉൾക്കൊള്ളിക്കുക.

1. മാർക്കറ്റിംഗ് മാനേജ്മെന്റ്
2. ഫാഷൻ ടെക്നോളജി (ഗാർമെന്റ്സ്)
3. സ്കൂൾ ബാഗ്, ചെരുപ്പ് , കുട, മറ്റ് ബാഗുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം.
4. അച്ചാറുകൾ, ജാം, വിനാഗിരി, ബ്രഡ്, പാൽ ഉൽപ്പന്നങ്ങൾ, ചിപ്സ്, മിനറൽ വാട്ടർ, റബ്ബർ കോട്ട് തുടങ്ങിയവ നിർമ്മിക്കുന്നതിന് വനിതകൾക്ക് ആറുമാസം നീണ്ടുനിൽക്കുന്ന പരിശീലനം.
5. റബ്ബർ, പച്ചക്കറി, വാഴ, ഔഷധച്ചെടിക്കൃഷി, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷിക്ക് ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുക.
11. എൽ.പി.എസ്. കളോടൊപ്പം പ്രീ-പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുക.
12. പഞ്ചായത്ത് പ്രദേശത്തുള്ള പുറമ്പോക്കുഭൂമികൾ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രയോജനപ്പെടുത്താം.

"വിദ്യാലയങ്ങളുടെ പ്രാഥമിക കർത്തവ്യം
ശിശുക്കൾക്ക് സഹകരണാത്മകവും
പരസ്പര സേവനപരവുമായ ജീവിതത്തിന്
പരിശീലനം നൽകുകയാണ്"

ജോൺ ഡ്യൂയി

പൊതുജനാരോഗ്യം



ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യമെന്നാൽ ആ പ്രദേശത്തെ ജനങ്ങളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതിയാണ്. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുകയെന്നുള്ളതാണ് ആരോ ഗ്യകേന്ദ്രങ്ങളുടേയും ആരോഗ്യപ്രവർത്തക രുടെയും പ്രഥമമായ കർത്തവ്യം ആരോഗ്യബോധ വൽക്കരണം, പകർച്ചവ്യാധി നിർമ്മാജ്ജനം, പ്രതി രോധ കുത്തിവെയ്പ്പ്, ശുചിത്വപരിപാലനം, പോഷ കാഹാര വിതരണം, ആരംഭദശയിൽ തന്നെ രോഗ ത്തെതിരിച്ചറിഞ്ഞുള്ള ചികിത്സാസൗകര്യം, അമ്മമാ ർക്കും കുട്ടികൾക്കുമുള്ള പ്രത്യേക ആരോഗ്യ പരി രക്ഷ ഇവയെല്ലാം യഥാസമയം ജനങ്ങൾക്ക് ലഭ്യമാ ക്കേണ്ട ചുമതല ആരോഗ്യപ്രവർത്തകരിൽ നിക്ഷിപ്തമാണ്.

നഗരൂർ പഞ്ചായത്തിൽ 1996 നവംബർവരെ യുള്ള കണക്കനുസരിച്ച് പൊതുമരണ നിരക്ക് 18.22% ആണ്. ഇത് '93 ലേതിനെ അപേക്ഷിച്ച് 2.37% കുറവാണ്. കേരളത്തിലെ പൊതുമരണനിരക്കും പഞ്ചായത്തു പ്രദേശത്തെ മരണനിരക്കും തമ്മിൽ ഗണ്യമായ അന്തരമുണ്ട്. പഞ്ചായത്തുപ്രദേശത്തെ മരണനിരക്ക് കേരളത്തിലെ പൊതുമരണനിരക്കി ലേക്കാൾ 12.32% കൂടുതലാണ്. ഇതിനുള്ള കാരണ ങ്ങൾ ഗൗരവതരമായി വിലയിരുത്തപ്പെടേണ്ടി യിരിക്കുന്നു. മരണനിരക്കിലുള്ള ഈ ഭീമമായ വ്യത്യാസം പഞ്ചായത്തുപ്രദേശത്തെ അനാരോഗ്യകര മായ പൊതുജനാരോഗ്യ പ്രശ്നത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പഞ്ചായത്ത് പ്രദേശത്തെ ശിശുമരണ നിരക്ക് പരിശോധിച്ചാലും നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ ശിശുമരണനിരക്ക് കേരളത്തിലെ ശിശു മരണനിരക്കിന്റെ ശരാശരിയെക്കാൾ കൂടുതലാണെന്ന് കാണാം.

ജനപങ്കാളിത്തത്തോടെ ആരോഗ്യ ബോധവൽ ക്കരണവും പബ്ലിക് ഹെൽത്ത് വിംഗിന്റെ ഏകോ പിച്ചുള്ള പ്രവർത്തനവും ആശുപത്രിയുടെ സുഗമ മായ പ്രവർത്തനം കൂട്ടിയോജിപ്പിച്ചുകൊണ്ട് ആരോ

ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ

ഏതുവിഭാഗം ചികിത്സാ സംവിധാനം	ആശുപത്രി		ഡിസ്പെൻസറി		മാതൃശിശുസംരക്ഷണം		മൊത്തംജീവനക്കാരുടെ എണ്ണം
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
അലോപ്പതി	1						52
ഹോമിയോപ്പതി	1		1	1			4
ആയുർവേദം			1	1		1	4
മാതൃശിശു സംരക്ഷണകേന്ദ്രം					1		

ഗ്യ പ്രവർത്തനങ്ങളുടെ ഗുണമേ വർദ്ധിപ്പിക്കേണ്ടതാണ്. ഗവൺമെന്റും ജീവനക്കാരും അല്പം ശ്രദ്ധിച്ചാൽ ഈ പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയും.

രോഗാതുരത

ക്ഷയരോഗബാധിതരുടെ എണ്ണം നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് 1000 ന് 1 - എന്ന തോതിലാണ്. കുഷ്ഠരോഗബാധിതരുടെ എണ്ണം 1000 ൽ 1-ന് താഴെയാണ്. എന്നാൽ സമീപകാലത്ത് ക്യാൻസർ രോഗബാധിതരുടെ എണ്ണംകൂടിവരുന്നതായാണ് കാണുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ അപൂർവ്വമായി മലമ്പനി ബാധിതരായി എത്തിച്ചേരാറുണ്ട്. തിമിരബാധിതരും ധാരാളം ഉണ്ട്. പഞ്ചായത്ത് പ്രദേശത്ത് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗങ്ങൾ വാതം, ആസ്മ, വിളർച്ച, വിരശല്യം, വയറിളക്കരോഗങ്ങൾ തുടങ്ങിയവും, എക്സിമ കരപ്പൻ, ചൊറി, ചിരങ്ങ് മുതലായവ തൊക്ക് രോഗങ്ങളും ആണ്. മഞ്ഞപ്പിത്തം, ഹെർണിയ മുതലായ രോഗങ്ങളും ഉണ്ട്.

കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുന്ന വസ്തുത റിപ്പോർട്ടുചെയ്യപ്പെടുന്ന രോഗികളിൽ (അപകടങ്ങളുൾപ്പെടെ) 10.84% പേർ വാതരോഗികളും 11.25% പേർ തൊക്ക് രോഗികളുമാണ്

കേശവപുരം C.H.C. I/O O/P രജിസ്റ്റർ

വർഷം	J/P No.	O/P No.	തൊക്ക്	വാതം	പകർച്ചവാധി	വിഷം	മറ്റുള്ളവ
1992-1993	2715	40289	5115	6200			
1993-94	2573	42189	4210	5500	840		
1994-95	2489	41528	4300	6010	664		
1995-96	3451	45325	5118	4915	586		

പകർച്ചവ്യാധികൾ

വർഷം	ജലജന്യം	വായുജന്യം	പ്രാണിജന്യം	മറ്റുള്ളവ
1993-94	810		30	
1994-95	633		34	
1995-96	550		36	

Govt. ആയുർവേദ ആശുപത്രി
O/p Rigister

വർഷം	രോഗികൾ (M)	രോഗികൾ (F)	രോഗികൾ (C)	ആകെ
1992-93	6732	14630	5277	26339
1993-94	7640	15641	3253	26334
1994-95	9626	15556	5860	21042
1995-96	6564	21070	4696	32330

Govt. ഹോമിയോപ്പതി

വർഷം	രോഗികൾ (M)	രോഗികൾ (F)	രോഗികൾ (C)	ആവർത്തിക്കുന്നരോഗികൾ	ആകെ
1992	1014	2266	2980	18785	25045
1993	843	1572	2142	18529	23086
1994	1092	1996	2411	24652	30153
1995	1069	1825	1807	25164	29865
1996	1083	1406	1404	14821	23714

പ്രായഘടന

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 13.05% പേർ 6 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളാണ്. ഇതിൽ 1623 പെൺകുട്ടികളും 1520 ആൺകുട്ടികളും ആണ്. പൊതുമരണനിരക്ക് കൂടുതലാണെങ്കിലും 60 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ എണ്ണം കൂടി വരികയാണ്.

വൈകല്യനിരക്ക്

പഞ്ചായത്തിൽ ആകെ അംഗവൈകല്യം ബാധിച്ചവരുടെ എണ്ണം ജനസംഖ്യയുടെ 0.89% വരും. സ്ത്രീകളക്കാൾ കൂടുതൽ പുരുഷന്മാരാണ്. അംഗവൈകല്യം ബാധിച്ചവർ. അംഗവൈകല്യം ബാധിച്ചവരിൽ 40.65% നാൽപത്തഞ്ചിനും അൺപതിനുമിടയ്ക്ക് പ്രായമുള്ളവരാണ് 28.5% .പതിനെട്ടിനും 25 നും ഇടയ്ക്ക് പ്രായമുള്ളവരാണ് 6% 5 വയസ്സിനു താഴെ പ്രായമുള്ളവരാണ്.

കുട്ടികളുടെ പോഷണ നിലവാരം വളരെ താഴ്ന്നതാണ്. ആകെ കുട്ടികളുടെ 31.72 %ത്തോളം പോഷണകുറവുള്ളവരാണ്. 7.53% കുട്ടികൾ മിതമായ മായ പോഷണകുറവുള്ളവരാണ്. പട്ടികജാതി മേഖലകളിലും താഴ്ന്നവരുമാനക്കാരുടെ കുടുംബ ങ്ങളിലെ കുട്ടികളിലുമാണ് പോഷണക്കുറവ് കൂടുതലായിട്ടുള്ളത്.

ഈ പഞ്ചായത്തിൽ മൂന്ന് വിഭാഗങ്ങളിലായി മൂന്ന് ഗവൺമെന്റ് ആശുപത്രികളാണ് പ്രവർത്തി ക്കുന്നത്. അവ കേശവപുരം സി. എച്ച്.സി. ഗവൺ മെന്റ് ഹോമിയോ സിസ്പെൻസറി, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നിവയാണ്.

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	5വയസ്സുള്ളവർ		5നും10നും		10നും 18നും		18-25		25-45		45-60		60മേൽ		ആകെ	
	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
1		1			3	2	3	1			4	2	3		13	6
2		1			1	4	6	4			9	3	4	2	20	14
3	1	1			2		1	3			1	10		3	5	17
4	1			1			4	6			10	4	1		16	11
5							3				3			1	6	1
6		1				3	3	3			5	6	1	1	9	14
7		1			2	2	2				4	4	1		9	7
8	1	2				2	2				3	1			6	5
9	1	1			3		3	1			4	5			11	7
10				1			2	4			1				3	5
11	1				4	4	1	9			5	3	1	1	12	17

കുട്ടികളുടെ അരോഗ്യപോഷണനിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	
1 വയസിൽതാഴെ	28	35	4	6	2	4	
1-3 വയസ്സ്	54	48	16	22	4	10	
3-4 വയസ്സ്	112	95	18	24	4	4	

1-ാം ഗ്രേഡ് - ലഘുവായ പോഷണകുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണകുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണകുറവുള്ളവർ

കിളിമാനൂർ, ആറ്റിങ്ങൽ, തിരുവനന്തപുരം എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികളിലും രോഗികൾ ചികിത്സക്കായി പൊകാറുണ്ട്. ഗവൺമെന്റ് ആശുപത്രിയിലെ ആധുനിക ചികിത്സസൗകര്യങ്ങളുടെ അപര്യാപ്തത ചിലവേറിയ സ്വകാര്യ ആശുപത്രികളിലേക്ക് പോകുവാൻ ഈ പ്രദേശത്തെ ജനങ്ങളെ നിർബന്ധിതരാക്കുന്നു. തികച്ചും സാമ്പത്തിക പരാധീനതയുള്ളവർക്ക് സർക്കാർ ആശുപത്രികളെ മാത്രമേ ആശ്രയിക്കാൻ കഴിയുള്ളു.

നഗരൂർ പഞ്ചായത്തിലെ ആർട്ട്സ് ആന്റ് സ്പോർട്ടസ് ക്ലബ്ബുകളും, സി. എച്ച്. സി. യും ചേർന്ന് വിവിധ പരിശോധനാക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്.

ആരോഗ്യരംഗത്ത് സർക്കാർ ചെലവിടുന്ന തുക വളരെ അപര്യാപ്തമാണ്. രോഗപ്രതിരോധ ആവശ്യത്തിനും, കൊതുകുനിവാരണം, ക്ലോറിനേഷൻ ആരോഗ്യശുചിത്വ ബോധവൽക്കരണ പരിപാടികൾ, ചികിത്സാക്യാമ്പുകൾ, രോഗികൾക്ക് ആവശ്യമരുന്നുകൾ, ആധുനിക രോഗനിർണ്ണയ ഉപകരണങ്ങൾ എന്നിവയ്ക്ക് വേണ്ട ചെലവുകൾക്ക് ഈ തുക പര്യാപ്തമല്ല. മാത്രമല്ല പബ്ളിക്ക് ഹെൽത്ത് പരിപാടികൾക്കുവേണ്ട തുക എളുപ്പത്തിൽ കിട്ടുന്നതുമില്ല.

35% ജനങ്ങൾ വ്യത്തിയുള്ള കക്കൂസുകൾ ഉപയോഗിക്കുന്നു. 45% കുടുബാംഗങ്ങൾക്ക് ഇതിനായി സഹായം ആവശ്യമുണ്ട്. നഗരൂർ ജംഗ്ഷനിലും കേശവപുരം സി.എച്ച്.സി യിലും ഒരോ പബ്ളിക്ക് കംഫർട്ട് സ്റ്റേഷൻ വേണം.

പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ഫലപ്രദമായ ഒരു സംവിധാനവും ഇന്ന് പഞ്ചായത്തിനില്ല. നഗരൂർ ജംഗ്ഷനിലെ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഹോട്ടലുകളിൽ നിന്നുമുള്ള മാലിന്യങ്ങളും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈച്ച, കൊതുക് എന്നിവ പെരുകുന്നു. പഞ്ചായത്ത് പ്രദേശത്തെ കൊതുകു നിവാരണത്തിന് അടിയന്തരപ്രാധാന്യം കൽപ്പിക്കണം. കേശവപുരം സി. എച്ച്. സി യുടെ പരിസരമാലിന്യങ്ങളും ഒരു പ്രശ്നമാണ് ഇതും ചന്ത സ്ഥലങ്ങളിലെ മാലിന്യങ്ങളും മറ്റുപൊതുസ്ഥലങ്ങളിലെ മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൊതുകു നിവാരണം, ആരോഗ്യശുചിത്വബോധവൽക്കരണം എന്നിവ പബ്ളിക്ക് ഹെൽത്ത് ഉദ്യോഗസ്ഥന്മാർ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കണം. സി. എച്ച്. സി. യിലെ ചികിത്സാവിഭാഗം പൊതുജനാരോഗ്യ വിഭാഗം ഇവ കൂടുതൽ കൂട്ടായ്മയോടെ പ്രവർത്തിക്കണം.

ആശുപത്രികളുടെ പൊതുസ്ഥിതി

കേശവപുരം സി.എച്ച്.സി. ഒരു ഡിസ്പെൻസറി ആയി 27-3-1957 ൽ ആരംഭിച്ച ഈ ആശുപത്രിക്ക് ഏക്കർ സ്ഥലം സംഭാവനയായി നൽകിയത് തോട്ടുവാശ്ശേരി മഠത്തിൽ ബ്രഹ്മശ്രീ കുഞ്ഞുകൃഷ്ണ പോറ്റിയാണ്. 1-6-1964 ഇതിനെ പി.എച്ച് സി. യാ ഉയർത്തി. 25 വർഷങ്ങൾക്ക് ശേഷം 5-1-1984 ഇതിനെ സി. എച്ച്. സി. യായി ഉയർത്തി. പി.എച്ച്.സികളുടെ റഫറൽ ആശുപത്രികൂടിയാണ് ഇത്. 1996 - ൽ ഇതിനെ ബേബി ഫ്രെണ്ട്ലി

ഹോസ്പ്പിറ്റലായി പ്രഖ്യാപിച്ചു. ഈ പഞ്ചായത്ത് പ്രദേശത്ത് 4 സബ് സെന്ററുകൾ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഒരണ്ണം സി.എച്ച്.സി.യോടൊപ്പവും ബാക്കി മൂന്നണ്ണം നന്തായിവനം, ഭർശനാവട്ടം, വട്ടവിള എന്നിവിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഒരുദി വസം ശരാശരി 150 രോഗികൾ ഒ.പി.യിലും 12 രോഗികളും ഐ.പി.യിലും എത്തുന്നു.

കെട്ടിട സൗകര്യങ്ങൾ

ആശുപത്രിയുടെ ആകെ കെട്ടിട ഏരിയ 1191 ചതുരശ്ര മീറ്ററാണ്. ഇതിൽ ജനറൽ വാർഡായി പ്രവർത്തിക്കുന്ന കുളങ്ങര ഗോവിന്ദൻ പിള്ള മെമ്മോറിയൽ വാർഡ് അദ്ദേഹത്തിന്റെ മക്കൾ സംഭാവനയായി നിർമ്മിച്ചു നൽകിയതാണ്. ആശുപത്രിയിൽ ആകെ 26 ബെഡ്ഡുകൾ ആണ് ഉള്ളത്. ഒരു ദിവസം ശരാശരി 12 രോഗികളെ അഡ്മിറ്റ് ചെയ്യുമ്പോൾ ഇത് തീരെ അപര്യാപ്തമാണെന്ന് കാണാം. ബെഡ്ഡുകിട്ടാത്ത രോഗികൾ വാർഡിൽ നിലത്തും വരാന്തയിലും മറ്റുമാണ് കിടക്കുന്നത്. രണ്ട് ചെറിയ വാർഡ് കെട്ടിടങ്ങളുടെ പണി ഇപ്പോൾ നടന്നു വരുന്നു. ഈ രീതിയിലുള്ള കെട്ടിടം പണി തുടർന്നാൽ ഭാവി വികസനത്തിന് ഭൂമി ലഭ്യമല്ലാതാകും. ഈ രീതി മാറി വാർഡുകൾ ബഹുനില കെട്ടിടങ്ങളാകണം.

ഇപ്പോഴുള്ള വാർഡുകളിലെ സൗകര്യങ്ങൾ വളരെ കുറവാണ്. ജനറൽ വാർഡായി ഉള്ളത് ആകെ ഒരു ചെറു കെട്ടിടമാണ് ഇതു തന്നെയാണ് സ്ത്രീകളുടേയും പുരുഷന്മാരുടേയും വാർഡ്. അപകടത്തിൽ പെട്ടവരേയും പകർച്ചവ്യാധികൾ ബാധിച്ചവരേയും മറ്റുരോഗികളേയും പ്രത്യേകം കിടത്തി പരിചരിക്കുന്നതിനുള്ള സംവിധാനങ്ങളില്ല. രോഗികൾക്ക് കൂട്ടിരിക്കുന്നവർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കംഫർട്ട് സ്റ്റേഷൻ ഇല്ല. ഇപ്പോൾ ലേബർ റൂമും ഗർഭിണികളുടേയും കുട്ടികളുടേയും വാർഡും പ്രവർത്തിക്കുന്നിടത്തു വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

ആശുപത്രിയ്ക്കകത്തെ ലബോറട്ടറി സംവിധാനം കാര്യക്ഷമമല്ല. മിക്ക ടെസ്റ്റുകൾക്കും സ്വകാര്യ ലബോറട്ടറിയെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ആധുനിക ലാബ് ഉപകരണങ്ങളോ ടെസ്റ്റുകൾക്ക് ആവശ്യമായ രാസപദാർത്ഥങ്ങളോ ഇവ സൂക്ഷിക്കുന്നതിനുള്ള സംവിധാനമോ ഇല്ല.

X - Ray വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. X - Ray ഫിലിം ആവശ്യത്തിന് സമയത്ത് കിട്ടുന്നില്ല. ആവശ്യത്തിന് അറ്റൻഡർ ഇല്ല. യന്ത്രത്തിന് കേടുപാടുകൾ സംഭവിച്ചാൽ ഉടനടി കേടുപാടു തീർക്കാനുള്ള സംവിധാനമില്ല.

പ്രാഥമിക നേത്ര പരിശോധന നടത്തുന്നതിനു വേണ്ടി ഒരു റിഫ്രാക്ഷനിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. ഇത് ഇപ്പോൾ പ്രവർത്തിക്കുന്നത് കോൺഫറൻസ് ഹാളിലാണ്. ഡാർക്ക് റൂമോ ഡയലൈറ്റ് ചെയ്യുന്നതിനുള്ള സംവിധാനമോ ഇല്ല. കമ്പ്യൂട്ടർ നേത്രപരിശോധനയുടെ ഈ കാലത്ത് C.H.C. യിലെ ഈ സംവിധാനം രോഗികൾക്ക് ഒട്ടും പ്രയോജനപ്രദമല്ല. ഒഫ്താൽമോളജിസ്റ്റ് ഇല്ല. ഹൃദ്രോഗികൾ എത്തുന്ന ഈ ആശുപത്രിയിൽ E.C.G. പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല. ധാരാളം അപകടകേസുകൾ റിപ്പോർട്ടു ചെയ്യുന്ന ആശുപത്രിയാണിത്. പക്ഷാഘാത രോഗികളും ധാരാളം എത്തുന്നു. സ്കാനിഗ് സംവിധാനം ഒന്നും തന്നെ ഇവിടെയില്ല.

ധാരാളം ഗർഭിണികൾ എത്തുന്നതും പ്രസവങ്ങൾ നടക്കുന്നതുമായ ഈ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റില്ല എന്നുള്ളത് വളരെ പ്രധാനമായി പരിഹരിക്കേണ്ട പ്രശ്നമാണ്.

ആശുപത്രിയിൽ ശുദ്ധജല വിതരണത്തിനുള്ള സംവിധാനം അപര്യാപ്തമാണ്. ആശുപത്രി നേരിടുന്ന ഒരു ഗുരുതരമായ പ്രശ്നം മാലിന്യങ്ങളും സർജറി, ഡ്രസ്സിഗ് അവശിഷ്ടങ്ങൾ എന്നിവ പരിസരമലിനീകരണം കൂടാതെ നശിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലെന്നുള്ളതാണ്.

ആശുപത്രിയ്ക്കകത്തെ ചെമ്മൺ റോഡിൽ നിന്ന് വാഹനഗതാഗതം മൂലവും മറ്റും പൊടി പറന്ന് രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു.

ദിവസേന ധാരാളം രോഗികളെ മെഡിക്കൽ കോളജിലേക്ക് റഫർ ചെയ്യുന്ന കേശവപുരം C.H.C. യിൽ മെഡിക്കൽ കോളേജിലേക്ക് ബസ് സൗകര്യമില്ല.

ആശുപത്രിക്ക് കോമ്പൗണ്ട് വാളോ ആവശ്യമായ സെക്യൂരിറ്റി സംവിധാനങ്ങളോ ഇല്ല.

മുന്നൂറോളം ഫീൽഡ് വർക്കർമാരുടെ പ്രവർ

കേശവപുരം സി. എച്ച്. സി സ്റ്റാഫ് പാറ്റേൺ

ക്രമനമ്പർ	തസ്തികകളുടെ പേര്	എണ്ണം	ഇപ്പോഴുള്ളത്
1	മെഡിക്കൽ ഓഫീസർ	8	6
2.	ഹെഡ് നഴ്സ്	3	2
3.	സ്റ്റാഫ് നഴ്സ്	6	5
4.	നഴ്സിംങ് അസിസ്റ്റന്റ്	3	3
5.	ഹെൽത്ത് അസിസ്റ്റന്റ് (ഗ്രേഡ് 1)	2	2
6	" (ഗ്രേഡ് 2)	10	9
7.	ഫാർമസിസ്റ്റ്	2	2
8.	ലാബ് ടെകനിഷ്യൻ	2	2
9.	റേഡിയോഗ്രാഫർ	1	1
10.	റിഫ്രാക്ഷനിസ്റ്റ്	1	1
11.	ഹെൽത്ത് സൂപ്പർ വൈസർ	1	1
12.	ലേഡി ഹെൽത്ത് സൂപ്പർവൈസർ	1	1
13.	ലേഡി സെൽത്ത് ഇൻസ്പെക്ടർ	1	–
14.	ഹെൽത്ത് ഇൻസ്പെക്ടർ	1	1
15.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് II)	2	2
16.	നോൺ മെഡിക്കൽ സൂപ്രണ്ട്	1	1
17.	ലേഡി ഇൻസ്പെക്ടർ	1	1
18.	ജൂനിയർ പബ്ളിക്ക് ഹെൽത്ത് നഴ്സ്	4	4
19.	ഹെഡ് ക്ലാർക്ക്	1	1
20.	യു.ഡി. ക്ലാർക്ക്	2	2
21.	എൽ. ഡി. ക്ലാർക്ക്	1	1
22.	ക്ലാർക്ക് ടൈപിസ്റ്റ്	1	1
23.	പ്യൂൺ	2	2
24.	പാർട്ട് ടൈം സെർവന്റ്	1	1
25.	ഡ്രൈവർ	1	1

കേശവപുരം സി. എച്ച്.സി രോഗ ചികിത്സാ വിവരങ്ങൾ

ക്രമനമ്പർ	രോഗം	93-94	94-95	95-96
1.	പ്രമേഹം	5560	6100	5050
2.	രക്ത സമ്മർദ്ദം	5500	5600	4500
3.	ക്യാൻസർ	-	-	-
4.	കുഷ്ഠം	18	15	6
5.	ക്ഷയം	14	23	12
6.	ഹൃദ്രോഗം	3	2	1

പ്രതിരോധകുത്തി വയ്പ്പു നടത്തിയ കുട്ടികളുടെ എണ്ണം

1.	ഒരു വയസ്സിനു താഴെ പ്രായമുള്ളവർ	2083
2.	ഒരു വയസ്സിനു മുകളിൽ പ്രായമുള്ളവർ	2079

ആകെ ഗർഭിണികൾ	2423

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

ക്രമനമ്പർ	സ്ത്രീകളുടെ പ്രായം	എണ്ണം
1	15-19	322
2.	20-24	612
3.	25-29	1038
4.	30-34	720
5.	35-39	225
6.	40-44	162

അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ)			കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ	
1.	ഒരു കുട്ടി 558	1	ഒരു കുട്ടി	531
2.	രണ്ട് കുട്ടി 1244	2	രണ്ട് കുട്ടി	1180
3.	രണ്ടിൽ കൂടുതൽ കുട്ടികൾ 982	3	രണ്ടിൽ കൂടുതൽ	759

ത്തനം ഏകോപിപ്പിക്കുന്ന പബ്ലിക് ഹെൽത്ത് വിംഗ് C.H.C. യിൽ ഉണ്ട്. കുടുംബക്ഷേമ പരിപാടികൾ, കുഷ്ഠരോഗ നിർമ്മാർജ്ജനം, മസൂരി നിർമ്മാർജ്ജനം എന്നീ പരിപാടികൾ നടപ്പാക്കാൻ നിർണ്ണായക പങ്കുവഹിക്കുകയും നിരവധി സമ്മാനങ്ങളും പ്രശംസയും പിടിച്ചു പറ്റുകയും ചെയ്ത ഒരു വിഭാഗമാണിത്. എന്നാൽ ഇന്ന് ഇതിന്റെ പ്രവർത്തനം ചുരുക്കം ആരോഗ്യ രക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. കാര്യമായ ഫീൽഡു വർക്കിന്റെ അഭാവം പ്രവർത്തനങ്ങളിൽ പ്രകടമാണ്. ആശുപത്രികളിൽ റിപ്പോർട്ടു ചെയ്യപ്പെടുന്ന രോഗങ്ങളുടെ 60% ഉം ജലജന്യവും പ്രാണിജന്യവുമായ പകർച്ചവ്യാധികളാണ്. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നാൽ ഇത് ഗണ്യമായി കുറയും. ഇത്തരം രോഗങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടാലുടൻ തന്നെ അത് പടർന്ന് പിടിക്കാതെ നോക്കുന്നതിനുള്ള സംവിധാനം പൊതുജനാരോഗ്യ വിഭാഗത്തിനുണ്ട്. പൊതുജനാരോഗ്യ പ്രശ്നങ്ങളിൽ നിർണ്ണായക പങ്കു വഹിക്കേണ്ടതായ ആശുപത്രിയിലെ ഈ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

കേന്ദ്ര സർക്കാരിന്റെ C.H.C. സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എട്ട് ഡോക്ടർമാർ വേണ്ടിടത്ത് ഇപ്പോൾ 6 ഡോക്ടർ മാരെയുള്ളൂ. ജനറൽ മെഡിസിൻ, സർജറി, പീടിയാട്രിക്, ഓർത്തോ, ദന്തൽ തുടങ്ങി ഏഴ് യൂണിറ്റുകളിലായി സ്പെഷ്യലിസ്റ്റ് ഡോക്ടറന്മാരെ നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഇങ്ങനെ ചെയ്താൽ സ്വകാര്യ ആശുപത്രികളെ അഭയം പ്രാപിക്കേണ്ടിവരുന്ന ദുർബ്ബല ജന വിഭാഗങ്ങൾക്ക് അതൊരനുഗ്രഹമായിരിക്കും. കിളിമാനൂർ, വാമനപുരം എന്നീ പ്രദേശങ്ങളിലെ രോഗികൾക്ക് കേശവപുരം C.H.C. യാണ് ഒരാശ്രയം. 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തി യൂണിറ്റടിസ്ഥിനത്തിൽ ഡോക്ടർമാരെ നിയമിച്ച് പുനഃക്രമീകരണം നടത്തേണ്ടതാണ്.

ആശുപത്രി വികസന നിർദ്ദേശങ്ങൾ

1. ബഹുനില കെട്ടിടം പണിഞ്ഞ് കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വേണ്ട ബഡ്ഡുകൾ അനുവദിക്കണം.
2. രോഗികൾക്ക് ആഹാരം കൊടുക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
3. ആധുനിക ഉപകരണങ്ങൾ വാങ്ങി ലാബോറട്ടറി നവീകരിക്കുക.
4. ഓപ്പറേഷൻ തീയേറ്റർ നവീകരിക്കുക.
5. ആശുപത്രിയിലെ ഫാർമസി വിഭാഗം ശക്തിപ്പെടുത്തുക. രോഗികൾക്ക് ആശുപത്രിയിൽ കൂടി സൗജന്യമായി ലഭ്യമാക്കാൻ കഴിയാത്ത മരുന്നുകൾ ആശുപത്രി യോടൊപ്പം ഒരു ന്യായവില മെഡിക്കൽ സ്റ്റോർ തുറന്ന് ലഭ്യമാക്കുക.
6. ഇ. സി. ജി., സ്കാനിംങ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. ആശുപത്രിക്ക് സ്വന്തമായി ആംബുലൻസ് നൽകുക.
8. 7 യൂണിറ്റുകളാക്കി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക.
9. സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുക.
10. ആശുപത്രിയ്ക്കകത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ജനറേറ്റർ സൗകര്യം കാര്യക്ഷമമാക്കുക.
11. സബ് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. നന്തായ്വനത്ത് പ്രവർത്തിക്കുന്ന സബ് സെന്ററിന് സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ചു നൽകുക. കൂടുതൽ സബ് സെന്ററുകൾ സ്ഥാപിക്കുക.
12. പബ്ലിക് ഹെൽത്ത് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. ഇതിന്റെ പ്രവർത്തനം ശാസ്ത്രീയമാക്കുക.
13. മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു ഇൻസിനേറ്റർ സ്ഥാപിക്കുക.
14. നേത്ര പരിശോധനകൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറി

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ പഞ്ചായത്തു കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടം നിർമ്മിച്ച് ഇതിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ പ്രവർത്തനം കാലാനുസൃതമായി പരിഷ്കരിക്കണം.

പാർശ്വഫലങ്ങൾ ഇല്ലാത്ത ചികിത്സാ രീതിയെന്ന നിലയിൽ ഹോമിയോ ചികിത്സ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ദിവസേന 50 - ഓളം രോഗികൾ ചികിത്സക്ക് എത്താറുണ്ട്.

ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി

നഗരൂർ ജംഗ്ഷനടുത്ത് പുല്ലുവിളയിലുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ വളരെ അപര്യാപ്തമാണ്. ആവശ്യത്തിന് ഫർണിച്ചറോ ഔഷധങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളോ ഇല്ല. അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനനുവദിക്കുന്ന പണം തീരെ അപര്യാപ്തമാണ്. ഈ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തണം. ആശുപത്രി സ്ഥാപിക്കാൻ സംഭാവനയായി കിട്ടിയ സ്ഥലത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനമുൾപ്പെടെയുള്ള കെട്ടിടം നിർമ്മിച്ചു നൽകണം. ദിവസേന 88 രോഗികൾ ചികിത്സക്ക് എത്താറുണ്ട്.

സ്റ്റാഫ് പാറ്റേൺ (ആയുർവ്വേദ, ഹോമിയോ ഡിസ് പൻസറികൾ)

ഡോക്ടർ

ഫാർമസിസ്റ്റ്

അറ്റെൻഡർ

പി.റ്റി.എസ്.


ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നെല്ലൂർ കേന്ദ്രമാക്കി ഒരു ഫാമിലി വെൽഫെയർ സെന്ററും മാമാത്തിക്കാവ് വിളയിൽക്കട ഭാഗത്ത് ഒരു ഫാമിലി വെൽഫെയർ സെന്ററും സ്ഥാപിക്കുക.
2. കേശവപുരത്ത് കുളത്തിൽ ആശുപത്രിയിലെ മലിനജലം മഴക്കാലത്തെത്തുന്നത് തടയുക.
3. സാനിട്ടറി ഇൻസ്പെക്ഷൻ നടത്തുക.
4. സബ് സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ ഒരു ദിവസം ലഭ്യമാക്കണം.
5. സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ കഴിവില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുക.



കേശവപുരം സി.എച്ച്.സി.

കുടിവെള്ളം



കുടിക്കുവാനുള്ള വെള്ളത്തിനും മറ്റ് ഗാർഹിക ആവശ്യങ്ങൾക്കും കൃഷിക്കുമുള്ള വെള്ളത്തിന്റെ ലഭ്യത നഗരൂർ, വെള്ളല്ലൂർ വാട്ടർ സപ്ലൈ സ്കീം, പൊതു കിണറുകൾ, കുഴൽകിണറുകൾ, 54 പൊതു കുളങ്ങൾ, വാമനപുരം ആറ്, വെള്ളല്ലൂർ-നഗരൂർ വലിയതോട് എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഇതിൽ നഗരൂർ-വെള്ളല്ലൂർ വാട്ടർ സപ്ലൈ സ്കീം ഇതു വരെ കമ്മീഷൻ ചെയ്തിട്ടില്ല. ഫെബ്രുവരി മുതൽ മെയ് അവസാനം വരെ രൂക്ഷമായ കുടിവെള്ളക്ഷാമം പഞ്ചായത്ത് പ്രദേശത്ത് അനുഭവപ്പെടുന്നു. ഈ സമയത്ത് വാട്ടർ ടാങ്കുകളിൽ ജലം സംഭരിച്ച് ലോറികളിൽ പഞ്ചായത്ത് പ്രദേശത്തെ വിവിധ സ്ഥലങ്ങളിൽ വേനൽക്കാലത്ത് എത്തിക്കാറുണ്ട്. ഇത് അത്ര ഫലപ്രദമല്ലല്ലോ. 19 കുന്നിൻപ്രദേശങ്ങളുള്ളതിൽ എല്ലാറ്റിലും ജനവാസമുണ്ട്. ഇവിടെ മഴക്കാലം കഴിയുന്നതോടെ ജലക്ഷാമം അനുഭവപ്പെടുന്നു. വർഷത്തിൽ മുഴുവൻ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുമുണ്ട്.

ഉറവകൾ

ഒന്നാംവാർഡിൽ ചാവരുപച്ച, കളത്തറക്കോണം, വടക്കേക്കോണം എന്നിവിടങ്ങളിലും രണ്ടാം വാർഡിൽ വട്ടവിള, കരവായ്ക്കോണം, കരിമ്പാലോട്, കമുകറക്കോണം എന്നിവിടങ്ങളിലും എട്ടാം വാർഡിൽ ഇളവൻമഠം, മാവേലിക്കോണം ക്ഷേത്രത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തും ആറാം വാർഡിലെ കമുകറക്കോണത്തും ഒരിക്കലും വറ്റാത്ത ഉറവകളുണ്ട്. ഈ ഉറവകൾ വികസിപ്പിച്ച് ചുറ്റുപാടുമുള്ള കോളനികളിലേയ്ക്കും മറ്റു കുടുംബങ്ങളിലേയ്ക്കും ശുദ്ധജലവിതരണം സാധിക്കാം.

ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുമ്പോൾ കുഴൽക്കിണറുകളിൽ നിന്നും വരുന്ന ജലത്തിൽ ഓരിന്റെ അംശവും തൂരുമ്പും കൂടുതലായുണ്ട്. പലപ്പോഴും ഇത് കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

വാർഡ്	ഉറവകൾ	പൊതുകിണർ	വാട്ടർടാപ്പുകൾ	കുഴൽക്കിണർ	കുളം
1	3	7	–	1	3
2	4	2	–	2	2
3	–	1	–	1	9
4	–	4	–	2	4
5	–	2	–	2	7
6	1	3	–	2	2
7	–	5	–	1	1
8	2	10	–	1	6
9	–	–	–	–	5
10	–	7	–	4	8
11	–	5	–	–	7

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ

വാർഡ്	പ്രദേശം
1	മണ്ഡപക്കുന്ന്, കാക്കോട്ടുകോണം, മുളവനക്കുന്ന്, നെല്ലൂർ
2	വട്ടവിള, കരിമ്പാലോട് ഹരിജൻ കോളനി, പാറക്കുന്ന്
3	തൈക്കൂട്ടം, മാത്തയിൽ, കിഴക്കുംകരകുന്ന്, തെറ്റിക്കുഴി
4	മാടപ്പാട്ട്കുന്ന്, ഈഞ്ചമൂല, കേശവപുരം, ഇടവനക്കോണം
5	കുറിയിടത്തുകോണം ഹരിജൻകോളനി, കുന്നാട്ടുകോണം, കുഴിവിള
6	കൊടുവൻമല, വലിയകാട്, ശീമവിള, മുണ്ടയിൽക്കോണം, പുളിമൂട്കുന്നിൽ, പച്ചയിൽ
7	വേലൻകോണം
8	നെടുമ്പറമ്പ് കാട്ടിൽ സ്കൂൾപ്രദേശം, മാവേലിക്കോണം, കേളമ്പിവിള കോളനി, ഇറത്തി, കമുകറക്കോണം ലക്ഷംവീട് കോളനി, വലിയാർ പൊയ്ക.
9	ശബരിമലക്കുന്ന്, തണ്ണിക്കോണം, വിളയിൽക്കട, ചിനക്കോട്മല, കല്ലിടുക്കിൽ കോളനി ഒറ്റപ്പുരയ്ക്കൽ കോളനി, തോട്ടത്തിൽ കോളനി, വിളയ്ക്കകം, ആയിരവില്ലി ഭാഗം
10.	ചെക്കാലക്കോണം, പെരുമാമല, ഗേറ്റ്മുക്ക്, തെറ്റിക്കുഴി, വില്ലേജാഫീസ്, പാറയിൽക്കട
11.	തേക്കുവിള, കോട്ടയ്ക്കൽ മൈലാടുംപാറ, കടവിള-വലിയവിള, പുല്ലുതോട്ടം ഹരിജൻ കോളനി, മലയത്തുവിള.

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും സ്ഥിരമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളുണ്ട്.
2. മിക്ക വാർഡുകളിലും കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ മണ്ണിനടിയിൽ പാറകളുള്ളതിനാൽ കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു. കുഴിച്ചാൽ വെള്ളം കിട്ടാറില്ല.
3. കുഴൽക്കിണറുകളിലെ വെള്ളം ഓരും തുരുമ്പും, കാരണം ഉപയോഗിക്കുവാൻ പറ്റുന്നില്ല.
4. വാമനപുരം നദിയിലെ ജലനിരപ്പ് മഴക്കാലം കഴിഞ്ഞാലുടനെ താഴുന്നു. മണലൂറ്റ് ഇതിനൊരു പ്രധാന കാരണമാണ്. നദിയിലെ ജലനിരപ്പ് താഴുന്നതിനാൽ ചുറ്റുപാടുമുള്ള കിണറുകളിലെ ജലം പെട്ടെന്നു വറ്റുന്നു.
5. മുളവനക്കുന്ന് മിനി വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്തെങ്കിലും ഭാഗികമായേ പ്രവർത്തിക്കുന്നുള്ളു.

സാദ്ധ്യതകൾ

1. നഗരൂർ, വെള്ളല്ലൂർ പദ്ധതികൾ എത്രയുംവേഗം കമ്മീഷൻ ചെയ്യുക. വെള്ളല്ലൂർ, നഗരൂർ പദ്ധതികൾ തമ്മിൽ യോജിപ്പിക്കുകയും നഗരൂർ പദ്ധതിയിൽ ഗ്യാലറി പമ്പ് ഫിറ്റ് ചെയ്ത് വെള്ളല്ലൂർ ടാങ്കിലേ യ്ക്ക് ജലം ലഭ്യമാക്കുകയും ചെയ്താൽ പഞ്ചായത്ത് പ്രദേശത്തെ ജലദൗർലഭ്യം വലിയൊരളവുവരെ പരിഹരിക്കാം.
2. ഇടവനക്കോണം ഐ.എച്ച്.ഡി.പി. കോളനിയിലെ വാട്ടർ സപ്ലൈ സ്കീം എക്സ്റ്റന്റ് ചെയ്യുക. വല്ലക്കോട് ഐ.എച്ച്.ഡി.പി. കോളനിയിലെ മിനി വാട്ടർ സപ്ലൈ സ്കീം എത്രയും പെട്ടെന്ന് നടപ്പിലാക്കുക.
3. ചെക്കാലക്കോണം ഹരിജൻ കോളനിയിലെ കിണറിനോടനുബന്ധിച്ച് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.
4. വാർഡ് 1,2,6,8 എന്നിവിടങ്ങളിലെ ഉറവകൾ വികസിപ്പിച്ച് അതിനോടനുബന്ധിച്ച് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കിയാൽ 1500 കുടുംബങ്ങൾക്ക് (പട്ടികജാതി കോളനികൾ ഉൾപ്പെടെ)ശുദ്ധജലം ലഭ്യമാക്കാൻ കഴിയും.
5. നഗരൂർ പദ്ധതിയിലെ വാട്ടർ സപ്ലൈ സ്കീം മാമ

ത്തിക്കാവ് മുതൽ വിളയിൽവിളയിൽക്കട വരെയും കോട്ടയ്ക്കലിലേയ്ക്ക് എക്സ്റ്റന്റ് ചെയ്യുക.

6. ശബരിമലക്കുന്ന്, ഇറത്തിചെറിയകുളം, ചിറയിൽക്കുളത്തിന് സമീപമുള്ള ചെറിയകുളം, തണ്ണിക്കോണം പൊതുകിണർ, കുഴയ്ക്കാട്ടുകുളം, കാളക്കുളം, പണയിൽ ചിനക്കോട്ടുകുളം, കുടവൂർക്കോണം കുളം, വലിയകാട്കുളം, ഇളവൻ മഠം ടാങ്ക് എന്നിവിടങ്ങളിൽ മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

7. മുളവനക്കുന്ന് വാട്ടർ സപ്ലൈ സ്കീം പൂർണ്ണമായും പ്രവർത്തിപ്പിക്കുക. ഓവർ ഹെഡ് ടാങ്കിന്റെ കപ്പാസിറ്റി കൂട്ടുകയും കൂടുതൽ ടാപ്പുകൾ ഫിറ്റുചെയ്യുകയും ചെയ്താൽ പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ 300 ലധികം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

8. വാമനപുരം നദിതീരത്ത് കിണർകുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ഗേറ്റുമുക്കിൽ ഉയർന്ന സ്ഥലത്ത് ഹെഡ് ടാങ്ക് നിർമ്മിച്ച് കോട്ടയ്ക്കൽ, ദർശനാവട്ടം, തണ്ണിക്കോണം എന്നീ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുക.

9. കിഴക്കുംകരക്ഷേത്രത്തിന് താഴെ ഒരു കിണർ കുഴിച്ച് കിഴക്കുംകരകുന്നിൽ ഓവർഹെഡ്ടാങ്ക് സ്ഥാപിച്ച് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.


10. കുഴൽക്കിണറുകളിൽ പി.വി.സി. പൈപ്പ് സ്ഥാപിക്കുക.

11. വാമനപുരം നദിയിലെ മണലൂറ്റ് തടഞ്ഞ് ജലവിതാനം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.

12. മാവേലിക്കോണം, കേളമ്പിവിള ഹരിജൻ കോളനി, മാത്തുക്കാവ്, കുന്നാട്ട്കോണം, കൊടുവൻമല, പുളിമൂട്കുന്ന് മുണ്ടയിൽക്കോണം, നെടുമ്പറമ്പ് കുന്നിൻവാതുക്കൽ, കേശവപുരം, മണ്ഡപക്കുന്ന് എന്നിവിടങ്ങളിൽ ഓരോ കിണറോ, കുഴൽക്കിണറോ അടിയന്തിരമായി സ്ഥാപിച്ച് കുടിവെള്ളക്ഷാമത്തിന് താൽക്കാലിപരിഹാരം കാണണം.



ഗതാഗതം.



നഗരൂർ പഞ്ചായത്ത് പ്രദേശത്ത് റോഡു മാർഗ്ഗമുള്ള ഗതാഗതം മാത്രമേയുള്ളൂ. ജനങ്ങൾ കെ. എസ്. ആർ റ്റി. സി. ബസ്സുകളേക്കാൾ സ്വകാര്യ ബസ്സുകളെയാണ് ഗതാഗതത്തിന് ആശ്രയിക്കുന്നത്. നഗരൂർ പഞ്ചായത്ത് പ്രദേശത്തിന്റെ വിസ്തൃതിയുടെ 3.57% റോഡുകളാണ്. പഞ്ചായത്ത് പ്രദേശത്തെ P.W.D. റോഡിന്റെ നീളം 14.8 കി.മി.ആണ്.

പഞ്ചായത്ത് പ്രദേശം അഭിമുഖികരിക്കുന്ന പ്രധാന ഗതാഗത പ്രശ്നം ഗതാഗത യോഗ്യമല്ലാത്ത റോഡുകളാണ്. പ്രത്യേകിച്ചും പാടശേഖരങ്ങളിലേക്കുംകുന്നിൻ പുറങ്ങളിലേക്കുമുള്ള റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. പാടശേഖരങ്ങളിൽകൂടിയുള്ള റോഡുകളിൽ ആവിശ്യമുള്ളിടത്ത് കലങ്കുകൾ നിർമ്മിച്ച് വശങ്ങൾ കെട്ടി സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

ഈ പഞ്ചായത്ത് പ്രദേശത്തെ ഗതാഗത പ്രശ്നം പരിശോധിച്ചാൽ പരമ പ്രധാനമാണ് ഈഞ്ചമൂല പാലത്തിന്റെ നിർമ്മാണം. ഈ പാലം യാഥാർത്ഥ്യമായാൽ നന്ദായ് വനം, നെടുംപറമ്പ്, നഗരൂർ, തോക്കിൻകാട് പ്രദേശങ്ങളിലേക്കുള്ള യാത്രാ സൗകര്യം വളരെ യേറെ മെച്ചപ്പെടും. പഞ്ചായത്ത് പ്രദേശത്തെ രണ്ട് വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിലാണ് ഈ പാലം.

മറ്റൊരു പ്രധാന പ്രശ്നം K.S.R..T.C ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന റൂട്ടുകളിൽ സർവ്വീസ് റദ്ദാക്കുന്നതാണ്. ഈ പ്രദേശത്തെ പലഭാഗങ്ങളിലും എത്തിച്ചേരണമെങ്കിൽ K.S.R..T.C ബസ്സുകളെ ആശ്രയിച്ചെ പറ്റൂ. സർവ്വീസ് റദ്ദാക്കിയ ഭാഗങ്ങളിദ്ലേക്ക് K.S.R..T.C ബസ്സ്റൂട്ടുകൾ പുനരാരംഭിക്കണം. പതിയ ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള സാധ്യതകളുമുണ്ട്.

നഗരൂർ ജംഗ്ഷനിലെ ഗതാഗതകുരുക്ക് പരിഹരിക്കുകയും നാല് റോഡുകൾ ചേരുന്ന ഈകവലയടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും ചെയ്യണം. ടാകസി, ഓട്ടോ മുതലായവ സൗകര്യ പ്രദമായ സ്ഥലങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്യുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

റോഡുകൾ പുനരുദ്ധീകരിച്ചാൽ മാത്രമെ സമഗ്രവികസം സാധ്യമാകു. പഞ്ചായത്ത് പ്രദേശത്തെ റോഡുകളുടെ സ്ഥിതി വിവരപട്ടികയും ബസ്സ്റൂട്ടുകളുടെ സാധ്യതയും താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

നഗരൂർ ഗ്രാമ പഞ്ചായത്ത് റോഡ് വിവരം വാർഡ് -1

വെള്ളല്ലൂർ വില്ലേജ് വാർഡ് 1

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1.	കാട്ടുചന്ത-കുന്തള്ളൂർകാവ് - ചിന്ത്രനല്ലൂർ	ചരൽ	1400	3.5	മെറ്റലും ടാറും ചെയ്യണം.
2.	പുലിക്കുഴി മുക്ക്- സീമന്തപുരം	ടാർ	1500	8	റീ ടാർ ചെയ്യണം
3.	സീമന്തപുര y.M.A. ജംഗ്ഷൻ-പേരൂർ ക്ഷേത്രം	ചരൽ	1500	5	മെറ്റലും ടാറും ചെയ്യണം.
4.	കളത്തറമുക്ക്. വെള്ളപ്പള്ളി	ചരൽ	1300	8	"
5.	തലവിളമുക്ക്- വടശ്ശേരി ഏലാ	ചരൽ	1100	6	ഗതാഗത യോഗ്യമാക്കുക.
6.	ചുണ്ടമുക്ക്- കാട്ടുചന്ത	ടാർ	1000	5	"
7.	ചാന്നാരുകോണം- കാരോട്ട് കോണം	ചരൽ	800	5	"
8.	മുട്ടയത്ത് ഏലാ- ചാവരു പച്ച	ചരൽ	850	3	"
9.	M.M.U.P.S.കാരോട്ട് കോണം	ചരൽ	950	3.5	"
10.	മണ്ഡപകുന്ന്- പടിഞ്ഞറെ വിള	ചരൽ	800	3	"
11.	സീമന്തപുരം - പത്തനാപുരം	ചരൽ	950	4.5	മെറ്റലും ടാറും ചെയ്യണം
12.	താളിയോണത്ത് വാതുക്കൽ -ചിന്ത്രനല്ലൂർ ഏലാ	ചരൽ	850	3.5	വീതിക്കൂട്ടി ഗതാഗത യോഗ്യമാക്കുക
13.	കല്ലുവിളവാതുക്കൽ - വടക്കെവാരം	ചരൽ	700	4	"
14.	ആലുവിള- ചിന്ത്രനല്ലൂർ	ചരൽ	650	4.5	"
15.	കാട്ടുചന്തപ്പള്ളി- കാരമുക്ക്	ചരൽ	650	3.5	"
16.	പൊയ്കമുക്ക്- കാട്ടു ചന്ത	ചരൽ	650	7	"
17.	കല്ലൂരി വിള -ചിന്ത്രനല്ലൂർ	ചരൽ	650	3	"
18.	കുന്നത്തു മഠം - കൊറ്റങ്കോട്ട് ചിറ	ചരൽ	650	3.5	ക്ഷേത്രമംഗലം വാതുക്കൽ ഇടവഴിയുമായി യോജിപ്പിച്ച് വീതിക്കൂട്ടി ഗതാഗത യോഗ്യമാക്കുക
19.	പച്ചതലയ്ക്കൽ -പത്തനാപുരം	ചരൽ	600	3.5	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കണം
20.	വില്ലേജ് ആഫീസ് ജംഗ്ഷൻ മംഗ്ലാവിൽ വാതുക്കൽ	ചരൽ	350	4	മേൽപ്പേരൂർ ക്ഷേത്രം റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.
21.	മുളവന കുന്ന്- അംബേദ്കർ കോളനി	ചരൽ	350	4.0	വീതിക്കൂട്ടി മെറ്റലും ടാറും ചെയ്യുക
22.	കല്ലുവാതുക്കൽ- ചെമ്പകശ്ശേരി ഏല	ചരൽ	200	3.0	സഞ്ചാര യോഗ്യമാക്കുക
23.	പൊയ്കവിള- പത്തനാപുരം	ചരൽ	200	3.0	"
24.	വിളയിൽമുക്ക്- വലിയമഠം-കീട്ടഴി കത്തുവാതുക്കൽ	ചരൽ	300	3.0	"

വെള്ളല്ലൂർ വില്ലേജ് വാർഡ് 2

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1.	വെള്ളല്ലൂർ അമ്പലം റോഡ്	ചരൽ	1750	3	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക
2.	വലിയവിള- പ്ലാങ്കാലറോഡ്	ചരൽ	950	4	"
3.	വേടർകോണം-മൊട്ടലിൽ വാതുക്കൽ	ചരൽ	900	3.5	"
4.	മൊട്ടലിൽ വാതുക്കൽ- വട്ടവിള - ചുണ്ട മുക്ക്റോഡ്	മെറ്റൽ	1800	6	ടാർചെയ്യുക
5.	മാവിള- വെട്ടിയോട് ക്ഷേത്രം	ചരൽ	300	4	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക
6.	വലിയവിള -മാവിളവാതുക്കൽ റോഡ്	ചരൽ	2000	4	"
7.	വെട്ടിയാം കോണം റോഡ്	ചരൽ	1400	6	"
8.	കരിമ്പലോട് - കരിച്ചാഴി-മാങ്കോണം ഏലാ റോഡ്	ചരൽ	500	3.5	"
9.	വട്ടകൈത-കാട്ടുചന്ത	ചരൽ	1500	7	മെറ്റലും ടാറും ചെയ്ത് പൂർത്തിയാക്കുക
10.	ചെറുക്കര പൊയ്ക മുഴിയിൽ വാതുക്കൽ	ചരൽ	550	4	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക
11.	തെക്കെക്കുന്ന്- മാങ്കോണം ഏലാ	ചരൽ	1200	4	"
12.	വെള്ളാപ്പള്ളി- വെള്ളല്ലൂർ ക്ഷേത്രം - വെള്ളല്ലൂർ	ചരൽ	1000	6	വീതിക്കൂട്ടി മെറ്റലും ടാറും ചെയ്യുക.
13.	ചൂരോട് ഏല- കാട്ടുചന്ത	ചരൽ	850	5	ഗതാഗതയോഗ്യമാക്കുക
14.	വെള്ളല്ലൂർ ജവഹർജംഗ്ഷൻ-താന്നിക്കാട്-നന്തായ്വനം	ചരൽ	2000	4	വീതിക്കൂട്ടി സൈഡ്കെട്ടി ഗതാഗത
15.	നന്തായ്വനം ചെറുകര പോയ്ക- കോട്ടമല-കോട്ടിച്ചിറ	ചരൽ	2000	4	യോഗ്യമാക്കുക. "
16.	വെള്ളല്ലൂർ ശിവ ക്ഷേത്രം- ആലുവിള-കൊറക്കോട്ട്കോണം	ചരൽ	700	3	വീതികൂട്ടണം.

വെള്ളല്ലൂർ വില്ലേജ് വാർഡ് 3

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1.	ആൽത്തറ- ആലത്തുകാവ്	ചരൽ	2800	7	മെറ്റലും ടാറും ചെയ്യുക.
2.	മലയൻകാവ്- കുഴക്കാട്ട്	ചരൽ	750	3.5	വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
3.	പോങ്ങനാട് - കുന്നുംപുറം -പറങ്കിമാംവിള	ചരൽ	1500	5.5	വീതികൂട്ടി മെറ്റലും ടാറും ചെയ്യുക.
4.	വിലവൂർകോണംഇടവഴി	ചരൽ	350	3	വീതികൂട്ടിഗതാഗതയോഗ്യമാക്കുക.
5.	കുന്നങ്കോട്-കീഴ്പേരൂർ	ചരൽ	375	3	"
6.	കിഴക്കുംകരകുന്ന്-വിലവൂർക്കോണം	ചരൽ	230	3	"
7.	ദേവേശ്വരം- വാട്ടർ ടാങ്ക്	ചരൽ	400	3.5	"
8.	മുഴിയിൽ വാതുക്കൽ - കുഴക്കാട്	ചരൽ	810	5	"
9.	വെള്ളല്ലൂർ ക്ഷേത്രം- കുരിയിലിൽവാതുക്കൽ	ചരൽ	450	4	"
10.	മാത്തയിൽ- കിഴക്കുംകര ക്ഷേത്രം	ചരൽ	850	4.5	വീതികൂട്ടി മെറ്റലും ടാറും ചെയ്യുക.
11.	വെള്ളല്ലൂർ വില്ലേജ് ആഫീസ്- മണ്ഡപ കുന്ന് റോഡ്.	ചരൽ	350	3	വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
12.	കുഴിവിള- ചിപ്പിൽക്കട	ചരൽ	1200	4	"
13.	മാത്തയിൽ- മങ്കാട്ട്കോണം	ചരൽ	1000	3.5	"
14.	മാത്തയിൽ- വിലവൂർക്കോണംഏലാ റോഡ്	ചരൽ	500	2	"
15.	ദേവേശ്വരം- തിരുവറ്റൂർ ഏലാ റോഡ്	ചരൽ	1000	3.5	"
16.	മാത്തയിൽ- കളത്തറവാതുക്കൽ	ചരൽ	1000	3	"
17.	പറങ്കിമാംവിള- വിലവൂർക്കോണം.	ചരൽ	1000	4	"
18.	കുന്നുംപുറം- കുന്നംകോട്ട്ചിറ	ചരൽ	700	3.5	"
19.	പോങ്ങനാട് -കുന്നംകോട് കൊല്ലംവിളാകം വാതുക്കൽ റോഡ്.	ചരൽ	2000	3.5	വീതികൂട്ടി മെറ്റലും ടാറും ചെയ്യുക.
20.	കളത്തറമുക്ക്- വെള്ളാപള്ളി വെള്ളല്ലൂർ ക്ഷേത്രം വെള്ളല്ലൂർ റോഡ്	ചരൽ	3000	8	വീതിക്കൂട്ടി മെറ്റലും ടാറും ചെയ്ത് സഞ്ചായയോഗ്യമാക്കണം.
21.	കിഴക്കുംകരകുന്ന് വേലൻകോണം തമരശ്ശേരി ഏല	ചരൽ	300	2	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കണം
22.	മാത്തയിൽ താമരശ്ശേരിഏല	ചരൽ	200	2	"
23.	V.U.P.S. താമരശ്ശേരി കുരിയിലിൽ മംഗ്ലാവിൽ ജംഗ്ഷൻ	ചരൽ	500	2	"
24.	കിഴ്പ്പേരൂർ വായമശാല മൂലവാര്യവീട്	ചരൽ	300	3	"

വെള്ളല്ലൂർ വില്ലേജ് വാർഡ് 4

ക്ര നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടാതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1.	കവലവിള കേശവപുരം CHC കാട്ടുചിറ	ടാർ	1400	6	റീ ടാർചെയ്യുക.
2.	പാളയം- ഈഞ്ചമൂല -ചെറുകര പൊയ്ക	ചരൽ	900	5	വീതിക്കൂട്ടി സൈഡും കലുങ്കും കെട്ടി മെറ്റലും ടാറും ചെയ്യുക
3.	തിരുവറ്റൂർ- ചേമ്പ്പറമ്പ്	ചരൽ	1400	4.5	വീതികൂട്ടി ഗതാഗതയോഗ്യമാക്കുക
4.	ഊന്നിൻകല്ല്- ഇടവനക്കോണം- മാത്തയിൽ	ടാർ	1600	8	"
5.	മലവിള- കാവുപൊയ്ക	ചരൽ	1200	6	"
6.	ഇടവനക്കോണം-മുട്ടച്ചൽക്കാവ്- ആൽത്തറ	ചരൽ	530	4.5	ഒരു കലിങ്കുകെട്ടി വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
7.	മാടൻ നട-ആങ്ങേവിള- കേശവപുരം ഏല	ചരൽ	1250	4.5	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക.
8.	കേശവപുരം CHC മടത്തിൽ വാതുക്കൽ	ചരൽ	650	5	മെറ്റലും ടാറും ചെയ്യുക.
9.	വല്ലക്കോട്- മലവിള	ചരൽ	400	4	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക.
10.	ഊന്നൻകല്ല് അങ്ങേവിള	ചരൽ	950	8	മെറ്റലും ടാറും ചെയ്യുക.
11.	ഇടവനക്കോണം-തിരുവറ്റൂർ-കാട്ടുചിറ	ചരൽ	350	4.5	വീതികൂട്ടിസൈഡ്കെട്ടി മെറ്റലും ടാറും ചെയ്യുക
12.	എലിപ്പാറ- ആയിരവല്ലിപ്പാറ	ചരൽ	1600	4	വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
13.	അങ്ങേവിള- വയയ്ക്കൽ വാതുക്കൽ വല്ലക്കോട് കോളനി റോഡ്.	ചരൽ	1200	6	വീതിക്കൂട്ടി സൈഡ്കെട്ടി ഗതാഗതയോഗ്യമാക്കുക.
14.	പറങ്കിമാംവിള- അങ്ങേവിള	ചരൽ	1000	4	ഗതാഗതയോഗ്യമാക്കുക.
15.	മൂലയിൽവീട്. മലവിള- ആനത്തോട്ടം.	ചരൽ	900	5	"
16.	ചാങ്ങയിൽ ഇടവഴി	ചരൽ	250	2	"
17.	പന്തുവിള ഇടവഴി	ചരൽ	300	3	"
18.	വല്ലക്കോട്- മലവിള പുന്നവിള	ചരൽ	1000	6	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക.
19.	കൊട്ടുംമ്പുറം കിഴക്കുംഭാഗം ഇടവഴി.	ചരൽ	400	4	സഞ്ചാരയോഗ്യമാക്കുക.
20.	പുതുകല്ലിൽ ഇടവഴി.	ചരൽ	300	2	"
21.	കാട്ടുചിറ ഇടവഴി	ചരൽ	300	3	"

നഗരൂർ വില്ലേജ് വാർഡ് 5

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1.	ഒഴുകു പാറ- അങ്ങേവിള- ഇലഞ്ഞിമൂട് റോഡ്	ചരൽ	1250	8	മെറ്റലും ടാറും ചെയ്യുക.
2.	കുറിയിടത്ത്കോണം- ചെമ്മരത്ത്മുക്ക് ഏലാ റോഡ്.	ടാർ	1000	4.5	റീടാർചെയ്യണം.
3.	രാമനെല്ലൂർകോണം- ചെമ്മരത്ത്മുക്ക് ഏലാ റോഡ്.	ചരൽ	1000	5	സൈഡ്കെട്ടിമെറ്റലും ടാറും ചെയ്യുക.
4.	ഇലഞ്ഞിമൂട്- വിരാലൂർകാവ്- ജവഹർ ജംഗ്ഷൻ റോഡ്	ചരൽ	1000	5	"
5.	പറങ്കിമാംവിള- വിരാലൂർക്കാവ് റോഡ്	ചരൽ	400	5	വീതിക്കൂട്ടി ഗതാഗതയോഗ്യമാക്കുക.
6.	ആലിന്റുമൂട്- ഇലഞ്ഞിമൂട്- അങ്ങേവിള റോഡ്	ചരൽ	400	4	"
7.	പറങ്കിമാംവിള-കണ്ണൻമുക്ക്- വിരാലൂർക്കാവ് റോഡ്.	ചരൽ	1000	6.5	സഞ്ചാരയോഗ്യമാക്കുക.
8.	കണ്ണൻമുക്ക്- വക്കത്ത് വീട് വാതുക്കൽ	ചരൽ	1000	6	ഗതാഗതയോഗ്യമാക്കുക.
9.	രാമേലിക്കോണം-കോട്ടക്കകം-വട്ടവിള ഇടവഴി	ചരൽ	250	4	ഗതാഗതയോഗ്യമാക്കുക.
10.	വലിയവിള- കുറിയിടത്ത്കോണം.- കണ്ണൻ മുക്ക് റോഡ്	ടാർ	2000	7	റീ ടാർചെയ്യണം.
11.	ചെങ്കിക്കുന്ന്- കശുവണ്ടി ആഫീസ് - കുന്നാട്ട്ക്കോണം ഇടവഴി.	ചരൽ	200	3	ഗതാഗതയോഗ്യമാക്കുക.
12.	കുന്നാട്ടുകോണം-ബാലവാടി ഇടവഴി	ചരൽ	200	2	"
13.	ഇലഞ്ഞി മൂട്-അങ്ങേവിള-തോട്ടത്തിൽ ഇടവഴി	ചരൽ	200	4	"
14.	ചെമ്മരത്ത് മുക്ക്-കുന്നാട്ടു കോണം - കേശവപുരം	ചരൽ	1000	5	വീതികൂട്ടി സൈഡു കെട്ടി ഗതാഗത യോഗ്യമാക്കണം
15.	പുറക്കാട്ട് കോണം- വാരുവീട്ടിൽ ചിറ ഇടവഴി	ചരൽ	200	2	വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം
16.	കണ്ണൻ മുക്ക്-രാമേലിക്കോണം ഇടവഴി	ചരൽ	150	2	"
17.	രാമനല്ലൂർ കോണം-കുറിയിടത്ത്ക്കോണം ഇടവഴി	ചരൽ	100	2	"
18.	ചെമ്മരത്ത് മുക്ക്-കുന്നാട്ട്കോണംറോഡ്	ചരൽ	100	4	"
19.	അങ്ങേവിള-കുഴിവിളകോളനി റോഡ്	ചരൽ	500	4	"

നഗരൂർ വില്ലേജ് വാർഡ്-6

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1.	പാലാണി വാതുക്കൽ-കൊപ്പം	ചരൽ	1500	8	മെറ്റലും ടാറും ചെയ്യുക.
2.	കൊടുവൻ മല-കുടവൂർ കോണം	ചരൽ	200	3	സഞ്ചാര യോഗ്യമാക്കുക
3.	വലിയകാട്-പറങ്കിമാംവിള	ടാർ	1100	6.5	റീടാർ ചെയ്യണം
4.	തേക്കിൻ കാട് വി.എസ്.എൽ.പി.എസ്-പച്ചയിൽ	ചരൽ	800	4.0	മെറ്റലും ടാറും ചെയ്യണം
5.	വലിയകാട്-ശീമവിള-വേളാർകുടി	ചരൽ	300	4	"
6.	ആലിന്റെ മൂട്-ശീമവിള ജംഗഷൻ	ടാർ	1000	8	റീടാർ ചെയ്യണം
7.	വലിയകാട് കൊടുവൻ മല	ചരൽ	700	4	മെറ്റലും ടാറും ചെയ്യണം
8.	പറങ്കിമാം വിള-കല്ലുങ്ങൽ	ചരൽ	1000	3.5	"
9.	പച്ചയിൽ-കമുകറകോണം	ചരൽ	450	3.5	സഞ്ചാരയോഗ്യമാക്കുക

നഗരൂർ വില്ലേജ് വാർഡ്-7

കമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1.	തേക്കിൻകാട് ശിവൻ കോവിൽ വേലൻ കോണം	ചരൽ	1575	5	മെറ്റലും ടാറും ചെയ്യുക.
2.	പ്ലാംകാല-ചെപ്പള്ളി-വരയടിമുക്ക് വാതുക്കൽ	ചരൽ	1400	8	"
3.	നന്ദായിവനം-കല്ലിടുക്കിൽ	ചരൽ	250	2.5	വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
4.	മാറാഞ്ചേരി ഇടവഴി	ചരൽ	350	3	"
5.	കോട്ടുച്ചിറ-പയ്കാട്	ചരൽ	200	3	"
6.	വേലം കോണം-പുന്നവിള	ചരൽ	1275	6.0	"
7.	പട്ടക്കുടി വാതുക്കൽ കോട്ടുച്ചിറ	ചരൽ	950	4.5	മെറ്റലും ടാറും ചെയ്യുക.
8.	മാടംവിള-ചെമ്പള്ളിക്കോണം മൊട്ടലുവിള	ചരൽ	1000	4.5	വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.
9.	കൊല്ലോണം-തെക്കേകുരുണി വാതുക്കൽ റോഡ്	ചരൽ	350	4	"
10.	ചെറുകര പൊയ്ക-മഞ്ഞപ്പള്ളി	ചരൽ	780	4.5	"
11.	കാമൻതേരി-ചീകണ്ണി മൂഴി	ചരൽ	200	2.5	"
12.	നന്ദായിവനം-കുഞ്ചക്കുവിള	ചരൽ	1400	8	മെറ്റലും ടാറും ചെയ്യുക.
13.	അറക്കുറ്റിവിള കാഞ്ഞിര പൊയ്ക	ചരൽ	250	4	വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

നഗരൂർ വില്ലേജ് വാർഡ് 8

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1	നെടുമ്പറമ്പ് -മാവേലികോണം-മാറയത്ത് വാതുക്കൽ (കോളനി റോഡ്)	ടാർ, ചരൽ	1100	5	200 മീ. ടാർ ഉണ്ട്.ബാക്കി സൈഡ് വാൾ കെട്ടി ടാർ ചെയ്യണം
2	നെടുമ്പറമ്പ്-കാട്ടിൽ സ്കൂൾവഴി-കുന്നുവിള (കോളനി)	ചരൽ	2000	6	മെറ്റലും ടാറും ചെയ്യണം
3	പൊയ്കവിള-നന്തായവനം (ഇരമല്ലിവാതുക്കൽ)	ടാർ	1600	8	കലുങ്ക് കെട്ടി ഓടനിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം
4	പുല്ലുവിള ലക്ഷംവീട-കണ്ണങ്കര(കുന്നിൻവതുക്കൽ)	ചരൽ	650	3.5	മെറ്റലും ടാറുംചെയ്യണം
5	നെടുമ്പറമ്പ് - മാമത്തികാവ്	ചരൽ	1000	4	വീതി കൂട്ടി ഗതാഗത യോഗ്യമാക്കുക
6.	നന്തായ് വനം കുന്നത്ത് മല	ചരൽ	250	3	"
7.	നെടുംമ്പറമ്പ് നന്ദിനി പച്ച കാട്ടിൽ സ്കൂൾ റോഡ്	ചരൽ	400	4	"
8.	പാറയിൽ- കുന്നിരുവിള-എള്ളുവിള	ചരൽ	450	3 1/2	"
9.	കാട്ടിൽ സ്കൂൾ കേളമ്പിവിള-മുരുക്കറ വാതുക്കൽ(എ.കെ. ജി.സ്മാരകം,കോളനി റോഡ്)	ചരൽ	1000	4	വീതികൂട്ടി തോടിന് കുറുകെ സ്ലാബ് കെട്ടി ഗതാഗത യോഗ്യമാക്കണം
10.	കാട്ടിൽ സ്കൂൾ മാവേലി കോണം	ചരൽ	350	3	"
11.	പുല്ലുവിള ലക്ഷം വീട്-കമുകറ കോണം	ചരൽ	500	4	"
12.	മാമത്തിക്കാവ്- പുളിനിൽക്കു കുന്ന് കാട്ടാഞ്ചേരി(നന്തായ് വനം കോളനി)	ചരൽ	1000	4	മെറ്റലും ടാറും ചെയ്യണം.
13.	നെയ്ത്തുശാല- വാഴപ്പള്ളി	ചരൽ	1250	3.5	വീതി കൂട്ടി ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം
14.	നെയ്ത്ത്ശാല ഭൂതക്കുഴി-കോയിക്കച്ചിറ	ചരൽ	1000	3.5	"
15.	നഗരൂർ-കുന്നിൻകുളങ്ങരക്ഷേത്രം	ചരൽ	400	4.00	മെറ്റലും ടാറും ചെയ്യണം
16.	നഗരൂർ- ഇറമഠത്തുവാതുക്കൽ	ചരൽ	500	3.00	വീതികൂട്ടി വശംകെട്ടി ഗതാഗതയോഗ്യമാക്കണം.
17.	നഗൂർസാമിൽ - ഭൂതക്കുഴി ഇടവഴി	ചരൽ	250	2.5	"
18.	നെയ്ത്ത് ശാല- തോട്ടാശ്ശേരി-പോതുവിള	ചരൽ	600	2.5	"
19.	കാട്ടിൽ സ്കൂൾ-വലിയാറുപൊയ്ക അറകുറ്റിവിള	ചരൽ	1500	3.00	"
20	ചിറയിൽ വാതുക്കൽ-ശിവിഗിരിക്കുന്ന് ഭൂതക്കുഴി	ചരൽ	200	3.00	"

നഗരൂർ വില്ലേജ് വാർഡ് 9

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1	മാമത്തിക്കാവ്-വിളയിൽക്കട	ടാർ, ചരൽ	1350	8.5	300 മീ. ടാർ ഉണ്ട്.ബാക്കി ടാർ ചെയ്യണം
2	നെടുമ്പറമ്പ്-ചെമ്മൻകോട് വാതുക്കൽ	"	1100	4	വീതിക്കൂട്ടി മാമത്തിക്കാവ് വിളയിൽക്കട റോഡിൽ കൊള്ളിക്കണം.
3	നെടുമ്പറമ്പ്-പനവിളാകം	ചരൽ	1000	3.5	വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം
4	കടവിള - വിളയിൽക്കട	"	1500	8.5	മെറ്റലും ടാർ ചെയ്യണം
5	നെടുമ്പറമ്പ്-ചെമ്പൻകോട്	"	500	5	വീതികൂട്ടി മെറ്റലു ടാറും ചെയ്യണം
6	കുന്നിൽവാതുക്കൽ-ഇറത്തി ഇടവഴി	"	350	3	"
7	ആൽത്തറമൂട് -തണ്ണിക്കോണം-വിളയിൽക്കട റോഡ്	"	2000	5	മെറ്റലും ടാറും ചെയ്യണം.
8	തണ്ണിക്കോണം- നെയ്യാംവിളാകം	"	200	2.5	വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം
9	തണ്ണിക്കോണം-തോട്ടത്തിൽ ഹരിജൻകോളനി റോഡ്	"	500	4.5	"
10	നെടുമ്പറമ്പ്-തോട്ടുമ്പുറം	"	1150	4.5	"
11	പാറമുക്ക്-ആയിരവില്ലിക്ഷേത്രം	"	500	5	"
12	ആൽത്തറമൂട് - ചാമവിള ഇടവഴി	"	150	3	"
13	മുടിവിളാകത്തുവാതുക്കൽ - വിശ്വനാഥപുരം ശിവക്ഷേത്രം	"	750	3	"
14	കാളക്കുളം-പടത്തമ്പാറ -വെള്ളംകൊള്ളി	"	1000	2	"
15	കാളക്കുളം- പൊങ്ങൻവിള ഇടവഴി	"	500	2	"
16	ചെമ്മൻകോട് - വിളയിൽക്കട	"	500	6	"
17	കാഞ്ഞിരംവിള - തോട്ടത്തിൽ കോളനി	"	200	3	"

നഗരൂർ വില്ലേജ് വാർഡ് 10

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1	ഗേറ്റുമുക്ക് - കോയിക്കമൂല	ചരൽ	1000	8	മെറ്റലും ടാറും ചെയ്യണം
2	കുളങ്ങര പൊയ്ക - പനയറക്കോണം	"	1400	3.5	വീതികൂട്ടി ഗതാഗതയോഗ്യമാക്കണം
3	കാച്ചാൻകുഴി - മണൽകടവ്	"	1600	3.5	"
4	കോട്ടറക്കോണം - വെള്ളംകൊള്ളി	"	1500	3.5	"
5	കമുകറക്കോണം - വലിയവിള	"	200	3	"
6	ആൾത്താറമൂട് - വില്ലേജാഫീസ്	"	1700	3	വീതികൂട്ടി മെറ്റലും ടാറും ചെയ്യണം
7	നഗരൂർ ജംഗ്ഷൻ-വില്ലേജാഫീസ്	"	300	5	"
8	വെള്ളംകൊള്ളി - ഇളമ്പയിൽ - തോപ്പുമുറി	"	2500	3	വീതികൂട്ടി ഗതാഗതയോഗ്യമാക്കണം
9	ചെക്കാലക്കോണം -കോയിക്കമൂല-പാലവിള - പെരുമാമല - ലക്ഷംവീട് ഹരിജൻ കോളനി	"	1500	5.5	സൈഡ്കെട്ടി 4 കലുങ്ക്കെട്ടി വീതികൂട്ടി മെറ്റലും ടാറും ചെയ്യണം
10	മുറിവായ്ക്കൽ	"	300	3	വീതികൂട്ടി ഗതാഗതയോഗ്യമാക്കണം
11	പെരുമാംകോണം - കരിയിലക്കോണം	"	1650	4	"
12	കാവിൽകട - ഗുരുദേവ് യു.പി.എസ്. മാങ്കോട്ടു വാതുക്കൽ	"	1450	4.5	വീതികൂട്ടി മെറ്റലും ടാറും ചെയ്യണം
13	പെരുമാമല (കോയിക്കമൂല) ചെക്കാലക്കോണം ഹരിജൻകോളനി	"	1800	5	"
14	കാവുവിള -കോയിക്കമൂല	"	1500	6	വീതികൂട്ടി സൈഡ്കെട്ടി മെറ്റലും ടാറും ചെയ്യണം.
15	നഗരൂർപള്ളി - അയിരൂർക്കോണം	"	1000	4	വീതികൂട്ടി സൈഡ്കെട്ടി 4 കലുങ്ക് കെട്ടി മെറ്റലും ടാറും ചെയ്യണം.
	<u>പുതുതായി വേണ്ട റോഡ്</u>				
16.	നഗരൂർ ജംഗ്ഷൻ - മഠത്തിൽവാതുക്കൽ ഏലാ ട്രാക്ടർ റോഡ്	"	400	6	

നഗരൂർ വില്ലേജ് വാർഡ് 11

ക്രമ നമ്പർ	റോഡിന്റെ പേര്	ഇനം	നീളം മീറ്റർ	വീതി മീറ്റർ	ചെയ്യേണ്ടതായിട്ടുള്ള പണികളെ സംബന്ധിച്ച വിവരണം
1	മലയത്ത് – കൊച്ചുതട്ടാൻവിളാകം	ചരൽ	500	5	വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം
2	ചിറയിൽ ജംഗ്ഷൻ – കോട്ടയ്ക്കൽ ഏല	"	500	5	"
3	പാവൂർക്കോണം–കോട്ടയ്ക്കൽ	"	1250	5	"
4	പുല്ലുതോട്ടം – പുതുവിളാകം	"	500	4	"
5	കടവിള – മുളമൂട് – വലിയവിള	"	800	5	"
6	വെള്ളംകൊള്ളി – ഗേറ്റ്മുക്ക്–കോട്ടയ്ക്കൽ മരുതറക്കടവ് – പുല്ലുതോട്ടം	ടാർ,ചരൽ	3500	8	സംരക്ഷണഭിത്തികെട്ടി കലുങ്കുകൾ നിർമ്മിച്ച് മെറ്റലും ടാറും ചെയ്യുക (1 കി.മീ. ടാർ ഉണ്ട്)
7	ഇരമം – ഇരുംകുളം	ചരൽ	500	3.5	ഗതാഗതയോഗ്യമാക്കുക.
8	പുല്ലുതോട്ടം – ഇരമം	"	1400	6	വീതികൂട്ടി മെറ്റലും ടാറും ചെയ്യണം
9	പാറമുക്ക് – പാവൂർക്കോണം ഇടവഴി	"	750	4	സൈഡുകെട്ടി കയറ്റംകുറച്ച് ഗതാഗത യോഗ്യമാക്കുക.
10	ഗേറ്റുമുക്ക് – വെരുപ്പുക്കോണം	"	750	5	ഗതാഗതയോഗ്യമാക്കുക
11	തട്ടാൻവിളാകം – മലയത്തുവിള	"	500	4	"
12	കാട്ടിൽമുക്ക് – ഊളൻകുന്ന് – പനവിള	"	900	4	"
13	പുല്ലുതോട്ടം – കോണത്ത് ഇടവഴി	"	400	3	വീതികൂട്ടി ഗതാഗതയോഗ്യമാക്കണം
14	മങ്ങാട് ഇടവഴി	"	200	3	"
15	കടവിള – കാവിൽ ഇടവഴി	"	150	3	"
16	കടവിള – പുല്ലുതോട്ടം	ടാർ	1000	7	"
17	പുല്ലുതോട്ടം –കുന്നത്തുവീട്	ചരൽ	150	4	"
18	കടവിള – പള്ളിയ്ക്കൽ ഇടവഴി	"	200	3	"
19	കോട്ടയ്ക്കൽകാവിൽ ഇടവഴി	"	150	3	"
20	കോട്ടയ്ക്കൽ മൂലയിൽ ഇടവഴി	"	200	3	"
21	തോപ്പിൽ – തെങ്ങുവിള – കിഴക്കേവിള ഇടവഴി	"	200	3	"
22	കാട്ടിൽമുക്ക് – വെരുപ്പുക്കോണം ഇടവഴി	"	200	3	"
23	പാറമുക്ക് – കുഴിഞ്ഞാല റോഡ്	"	100	3	ഏര്യാനിശ്ചയിച്ച് അറ്റകുറ്റപ്പണികൾ ചെയ്യണം.

ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

റോഡിന്റെ സ്വഭാവം, നീളം (കി.മീ.)						മറ്റുള്ളവ	ആകെ
ചരൽ	ടാർ	മെറ്റൽ	പഞ്ചായത്ത്	PWD	NH		
152.7	12.1	1.8	166.6	14.8	ഇല്ല	–	181.4


പഞ്ചായത്ത് പ്രദേശത്ത് ആകെ 166.6 കി. മീ. നീളം റോഡുള്ളതിൽ 12.1 കി.മീ. റോഡു മാത്രമാണ് ടാർ ചെയ്തത്. ഇതിൽ 8 കി. മീ. ദൂരം അത്യാവശ്യമായി റീ ടാറിംഗ് ആവശ്യമാണ്. 64.7 കി. മീ. ദൂരം അത്യാവശ്യമായി ടാർ ചെയ്യേണ്ടതായിട്ടുണ്ട്. സമീന്തപുരം, മാത്തിക്കാവ് റോഡ് പുനരുദ്ധരിച്ച് മെറ്റലും ടാറും ചെയ്യണം.

പുനരാരംഭിക്കേണ്ട കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ


1. സീമന്തപുരം - തലവിളമുക്ക് -മെഡിക്കൽ കോളേജ്.
2. നന്തായ്വനം - നഗരൂർ - മെഡിക്കൽ കോളേജ് സ്റ്റേ ബസ്.
3. വർക്കല - കല്ലമ്പലം - നഗരൂർ - കാരേറ്റ് - മെഡിക്കൽ കോളേജ്.

സാദ്ധ്യതയുള്ള KSRTC ബസ് സർവ്വീസുകൾ

1. ചെമ്മരത്തുംമുക്ക് - വെള്ളല്ലൂർ - കല്ലമ്പലം
2. പോങ്ങനാട് - കാട്ടുചന്ത - കല്ലമ്പലം - കൊല്ലം
3. കേശവപുരം CHC - കിളിമാനൂർ - മെഡിക്കൽ കോളേജ്.
4. കിളിമാനൂർ - കേശവപുരം CHC - നന്തായ്വനം - നഗരൂർ - ആറ്റിങ്ങൽ - മെഡിക്കൽ കോളേജ്.
5. പോങ്ങനാട് - ആലത്തുകാവ് - മാത്തയിൽ - ആൽത്തറ - ചെമ്മരുത്തുംമുക്ക് - കിളിമാനൂർ.
6. പോങ്ങനാട് - വെള്ളല്ലൂർ - നന്തായ്വനം - നെടുമ്പറമ്പ് - ചാത്തമ്പറ - ആറ്റിങ്ങൽ - മെഡിക്കൽ കോളേജ്.



ഊർജ്ജം



വൈദ്യുതി,വിറക് തെങ്ങുൽപന്നങ്ങൾ റബ്ബർ കായ ത്തോട്, ബയോഗ്യാസ് ഇവയാണ് ഈ പഞ്ചായ ത്തിലെ പ്രധാന ഊർജ്ജസ്രോതസുകൾ. വാണി ജ്യമേഖലയിൽ വിറക്, വൈദ്യുതി, മണ്ണെണ്ണ ഇവയാണ് ഊർജ്ജ സ്രോതസ്സുകൾ. കാർഷിക മേഖലയിലെ ഊർജ്ജ സ്രോതസ്സ്, വൈദ്യുതി, മനുഷ്യപ്രയത്നം, മൃഗം ഇവയാണ്. ഗാർഹിക മേഖലയിൽ വൈദ്യുതി, വിറക്, ചപ്പ്ചവറുകൾ, റബ്ബർകായത്തോട്, തെങ്ങുൽപ്പന്നങ്ങൾ എന്നിവ യാണ് പ്രധാനമായും ഉപയോഗിക്കുന്ന ഉർജ്ജ സ്രോതസ്സുകൾ. വളരെക്കുറച്ച് പേർ ഗോബർഗ്യാസ് പ്രകൃതി വാതകം ഇവ ഉപയോഗിക്കുന്നുണ്ട്. വ്യാവസായിക മേഖല പൂർണ്ണമായും വൈദ്യുതിയെ ആശ്രയിക്കുന്നു.

വാണിജ്യ മേഖലയിൽ വെളിച്ചത്തിന് വൈദ്യു തിയും അങ്ങിങ്ങ് മണ്ണെണ്ണ വിളക്കും ഗ്യാസ് ലൈറ്റുകളും ഹോട്ടലുകളിൽ പാചകാവശ്യത്തിന് വിറകും ആണ് ഉപയോഗുക്കുന്നത്.

കാർഷിക മേഖലയിൽ വളരെക്കുറച്ച് പേർ മാത്രമേ വൈദ്യുതി ഉപയോഗിക്കുന്നുള്ളു. നിലം ഉഴുന്നതിന് കന്നുകാലികളെ ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 95% യന്ത്രങ്ങൾ ആണ് ഉപയോഗി ക്കുന്നത്. ഇത് ഡീസലിന്റെ ഉപഭോഗം വർദ്ധിപ്പിച്ചു.

ഗാർഹിക മേഖലയിൽ വെളിച്ചത്തിന് വൈദ്യു തിയും (ചിലയിടങ്ങളിൽ ഇന്നും മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കുന്നു.) പാചകാവശ്യത്തിന് വിറക്, മണ്ണെണ്ണ, തെങ്ങുല്പന്നങ്ങൾ റബ്ബർകായ് തോട് ഇവയാണ് ഉപയോഗിക്കുന്നത്. അങ്ങിങ്ങ് ഗോബർ ഗ്യാസും പ്രകൃതിവാതകവും വൈദ്യു തിയും ഉപയോഗിക്കുന്നുണ്ട്. ഏത് ഊർജ്ജ സ്രോതസ്സുപയോഗിച്ചാലും എല്ലാ വീടുകളിലും അടുക്കളയ്ക്ക് വെളിയിലുള്ള ഉപയോഗത്തിന് അതായത് വെള്ളം ചൂടാക്കൽ, നെല്ല് പുഴുങ്ങൽ ഇവയ്ക്കെല്ലാം തെങ്ങുൽപ്പന്നങ്ങളോ ചപ്പ് ചവറു കളോ ആണ് ഉപയോഗിക്കുന്നത്.

പുരയിടങ്ങളിലെ പാഴ്മരങ്ങളും മാവ്, കശുമാവ് തുടങ്ങിയ മരങ്ങളും വെട്ടിമാറ്റി അവിടെയെല്ലാം റബ്ബർ വച്ച് പിടിപ്പിച്ചതോടെ ഈ പഞ്ചായത്തിൽ വിറക് വാങ്ങുന്നവരുടെ എണ്ണം കൂടിക്കൊണ്ടി രിക്കുന്നു. ഇവിടങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ച് കത്തിക്കുന്ന സ്റ്റൗ വാങ്ങുന്നവരുടെ എണ്ണം ഗണ്യ മായി കൂടുന്നുണ്ട് . ഇതിന്റെ ഫലമായി മണ്ണെണ്ണ ഉപഭോഗം വർദ്ധിച്ചിട്ടുണ്ട്. സാമ്പത്തികമായി ഉയർന്ന ആളുകൾ കടകളിൽ നിന്ന് വിറക് വാങ്ങുമ്പോൾ പാവപ്പെട്ടവർ പുരയിടത്തിൽ നിന്ന് വിറക് ശേഖരിക്കുന്നു.

ബയോഗ്യാസ് അടുപ്പുകളും വിളക്കുകളും ഉപയോഗിക്കുന്നവർ നന്നേ കുറവാണ്. ക്ഷമത യേറിയ അടുപ്പ് എന്ന നിലയിൽ പരിഷത്ത് അടുപ്പുകൾ ഈ പഞ്ചായത്തിൽ ഭാഗികമായി ഉപയോഗിക്കുന്നുണ്ട്.


വോൾട്ടേജ് ക്ഷാമമാണ് ഈ പ്രദേശത്തെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കൂടാതെ പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർ കട്ടുകൾ. ഈ പ്രദേശത്തിനടുത്ത് കിളിമാനൂരിൽ ഒരു 110 K.V സബ്സ്റ്റേഷൻ ഈ നാട്ടുകാരുടെ ഒരു ചിരകാലാഭിലാഷമാണ്. പ്രധാന പ്രശ്നം ഒരു ട്രാൻസ്ഫോർമറിന്റെ കീഴിൽ അതിന്റെ കപ്പാസിറ്റി യുടെ ഇരട്ടി കണക്ഷൻസാണ് കൊടുക്കുന്നത്. ഇത് വോൾട്ടേജ് ക്ഷാമം രൂക്ഷമാക്കുന്നു. ഇത്

പരിഹരിക്കാൻ ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടണം.

ഈ പഞ്ചായത്തിൽ സൗജന്യമായി വയറിംഗ് ചെയ്ത് കഴിഞ്ഞ കുറേയധികം വീടുകളിൽ നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഇനിയും അധികം വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനായിട്ടുണ്ട്.

സ്ട്രീറ്റ് ലൈറ്റുകൾക്കായി പഞ്ചായത്ത് പ്രതിവർഷം 134928 രൂപ വൈദ്യുതി ബോർഡിനടയ്ക്കുന്നു. പക്ഷേ സ്ട്രീറ്റ് ലൈറ്റുകളുടെ ബൾബുകളും ട്യൂബുകളും മാറ്റുന്നില്ല. ഇനിയും പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനുണ്ട്.

1. 110 K.V സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണം.
2. ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടുകയും ഉള്ളവ അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുക.
3. പാവപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ കൊടുക്കുക.
4. C.F.L. ലാമ്പുകളുടെ പ്രചരണം വർദ്ധിപ്പിക്കുക.
5. നഗരൂർ ഓവർസിയർ ഓഫീസ് സെഷൻ ഓഫീസായി ഉയർത്തുക.
6. എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.
7. കേശവപുരം C.H.C. യിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
8. തെരുവ് വിളക്കുകൾ എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
9. തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്റെയും ബൾബുകൾ മാറ്റി ഇടുന്നതിന്റെയും ചുമതല പഞ്ചായത്ത് ഏറ്റെടുക്കുക.
10. വൈദ്യുതി എത്തിയിട്ടില്ലാത്ത ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിക്കുക.
11. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത മുളവനക്കുന്ന് മാവേലിക്കോണം ശബരിമലക്കുന്ന് ആയിരവില്ലിക്കുന്ന് മണ്ഡപക്കുന്ന് പെരുമാമല കൊടുവൻമല ഈ പ്രദേശങ്ങളിലുണ്ട് ഇത് പൂഷണം ചെയ്യേണ്ടത് അത്യാവശ്യമാണ്.
12. സൗരോർജ്ജ വിളക്കുകൾ സൗരോർജ്ജ അടുപ്പുകൾ, സൗരോർജ്ജ പമ്പ് സെറ്റ് തുടങ്ങിയവ കൂടുതൽ സബ്സിഡിയോടുകൂടി വ്യാപകമായി വിതരണം ചെയ്യുക.
13. കേശവപുരം CHC യിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.
14. അനർട്ട് ഉൽപ്പന്നങ്ങൾ ഈ മേഖലയിൽ വിതരണം ചെയ്യാനുള്ള നടപടി ത്വരിതപ്പെടുത്തുക.
15. മണ്ണെണ്ണ പെർമിറ്റ്, ഗ്യാസ് കണക്ഷൻ ഇവ സാർവത്രികമാക്കുക.
16. സാമൂഹ്യ വനവത്ക്കരണം നടപ്പിലാക്കുക.



മാർക്കറ്റ്



കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഏക ആശ്രയം ഇന്നും പൊതു മാർക്കറ്റുകളാണ്. ആഴ്ചയിൽ രണ്ട് ദിവസം വീതം കൂടുന്ന മൂന്ന് പൊതു ചന്തകളാണ് നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഉള്ളത്. ഇത് പഞ്ചായത്തിന്റെ മൂന്ന് മേഖലകളിലായി സ്ഥിതിചെയ്യുന്നു. അവ പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കാട്ടുചന്തയും വെള്ളല്ലൂർ പാളയം മാർക്കറ്റ് ആൽത്തറമൂട് മാർക്കറ്റ് എന്നിവയാണ്. എന്നാൽ ഇതിൽ പാളയം, കാട്ടുചന്ത എന്നീ പൊതു മാർക്കറ്റുകളിലെ കച്ചവട പ്രാധാന്യം കുറഞ്ഞു വരുന്നതായി കാണുന്നു. ഇതിനുള്ള പ്രധാന കാരണം ഈ പൊതു മാർക്കറ്റിനോടടുത്തുള്ള പ്രദേശങ്ങളിലെ റോഡരുകുകളിൽ നടക്കുന്ന അനധികൃത ചന്തകളാണ്. ഈ പ്രക്രിയ പഞ്ചായത്തിന്റെ വരുമാനത്തെ ഗണ്യമായി ബാധിക്കുന്നു. ഇപ്പോൾ പഞ്ചായത്തിലെ മുഖ്യ വിപണനകേന്ദ്രം ആൽത്തറമൂട് പബ്ലിക് മാർക്കറ്റാണ്. എന്നാൽ ഇവിടെ പരിമിതികൾ ഏറെയുണ്ട്. സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ധാരാളം സാദ്ധ്യതയുള്ള ഒരു മാർക്കറ്റാണ് ഇത്.

ആടുമാടുകളെ കച്ചവടം ചെയ്യുന്നതിന് ഉള്ള സൗകര്യം നമ്മുടെ പഞ്ചായത്ത് പ്രദേശത്തില്ല. ആൽത്തറമൂട് ചന്തയിൽ ഇതിനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയും. ആധുനിക രീതിയിലുള്ള അറവു ശാലകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ ഉള്ള അറവുശാലകളാകട്ടെ അവശിഷ്ടങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കായ്കമൂലം പരിസര മലിനീകരണം ഉണ്ടാകുന്നു. ചുറ്റുപാടുമുള്ള വീടുകളിലെ കുടിവെള്ളം മലിനപ്പെടാൻ ഇത് ഇടയാക്കുന്നു.

യഥാർത്ഥത്തിൽ പഞ്ചായത്തിൽ സാധനങ്ങൾ ശരിയായ രീതിയിൽ വിറ്റഴിക്കുന്നതിനോ വാങ്ങുന്നതിനോ ഉള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. തേങ്ങ, കുരുമുളക്, നെല്ല്, വാഴക്കുല, പാക്ക്, മരച്ചീനി, ചുരുങ്ങിയ അളവിൽ പച്ചക്കറികൾ എന്നിവയാണ് പഞ്ചായത്ത് പ്രദേശത്തെ പ്രധാന കാർഷിക ഉല്പന്നങ്ങൾ. ഇവ വിറ്റഴിക്കുന്നതിനുള്ള സംവിധാനം അടിയന്തിരമായി ഉണ്ടാകണം. ഇവയുടെ സംഭരണത്തിനും വിതരണത്തിനും പഞ്ചായത്തിൽ തന്നെ ഒരു സംവിധാനം ഉണ്ടാകണം. കൂടാതെ ഇന്നുള്ള പൊതുമാർക്കറ്റുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും റോഡ് സൈഡുകളിൽ നടക്കുന്ന അനധികൃത ചന്തകൾ നിർത്തലാക്കുകയും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളായ മാത്തയിൽ, മാവേലിയിൽ, രാലൂർകാവ്, ഇലഞ്ഞിമൂട്, പുല്ലുതോട്ടം, നെടുമ്പറമ്പ്, നന്തായ്വനം, മാറയത്ത് എന്നിവിടങ്ങളിൽ പൊതുചന്തകൾ ആരംഭിക്കുകയും വേണം.

പഞ്ചായത്ത് അധീനതയിലുള്ള ഉദയ ലൈബ്രറി കെട്ടിടത്തോട് ചേർന്ന് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയണം. കൂടാതെ നിലവിലുള്ള പൊതു മാർക്കറ്റുകളോടനുബന്ധിച്ച് കച്ചവട സൗകര്യത്തിനുവേണ്ടി പുതുതായി സ്റ്റാളുകൾ പണിയണം. ഈ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോറും പച്ചക്കറി ന്യായവിലക്ക് വിൽക്കുന്ന ഒരു സ്റ്റാളും അത്യാവശ്യമാണ്. ജനങ്ങൾ അധികം യാത്ര ചെയ്യാതെ റേഷൻ സാധനങ്ങൾ വാങ്ങാൻ സൗകര്യപ്രദമായ സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ തുടങ്ങണം.

സാമൂഹ്യക്ഷേമം



കഴിലാകാലങ്ങളിൽ ഗവൺമെന്റും വിവിധ ഏജൻസികളും സാമൂഹ്യക്ഷേമ പരിപാടികൾ നടപ്പാക്കാറുണ്ടെങ്കിലും ഇതിന്റെ പരിപൂർണ്ണമായ ഗുണഫലം ദാരിദ്രരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിന് ഉദ്ദേശിച്ച രീതിയിൽ ലഭിച്ചിട്ടില്ല. ഇതിന് ഒരു പ്രധാനകാരണം അശാസ്ത്രീയമായ ധന സഹായ വിതരണവും അതിന്റെ ഉപയോഗക്രമവും ആണ്. ധനസഹായം ലഭ്യമാക്കിയതിനുശേഷം അതിന്റെ വിനിയോഗം ഗുണഭോക്താവിന് പ്രയോജനപ്പെടുന്നരീതിയിലാണോ നിർവ്വഹിക്ക പ്പെടുന്നത് എന്ന് പരിശോധിക്കുവാൻ സംവിധാനം ഇല്ല. യഥാർത്ഥത്തിൽ ദുർബലജന വിഭാഗങ്ങളുടെ ഉന്നമനം ഇന്നുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ സംവിധാനം കൊണ്ട് ഉദ്ദേശിച്ച രീതിയിൽ സാധ്യമല്ലാതായി തീർന്നിട്ടുണ്ട്. ഇതിന്റെ വെളിച്ച ത്തിൽ വേണം നാം ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ അവലോകനം ചെയ്യാൻ.

പഞ്ചായത്ത് പ്രദേശത്ത് പ്രധാനമായും രണ്ട് വിധത്തിലുള്ള സാമൂഹ്യക്ഷേമപദ്ധതികൾ ആണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അവ ദാരിദ്ര്യ നിർമ്മാർജന പരിപാടികളും വിവിധ വിഭാഗങ്ങൾ ക്കുള്ള പെൻഷൻ ധനസഹായപദ്ധതികളും ആണ്. നാഗരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് I.R.D.P. സർവ്വേ പ്രകാരം 2357 കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളത്. ഇത് മൊത്തം കുടുംബ ങ്ങളുടെ 45% വരും. എന്നാൽ ശരാശരി 40 കുടുംബ ങ്ങൾക്ക് മാത്രമേ പ്രതിവർഷം I.R.D.P സഹായം ലഭിക്കുന്നുള്ളൂ. 303 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയിട്ടുള്ളതായിട്ടാണ് ഔദ്യോഗിക കണക്ക്. എന്നാൽ ഇത് പൂർണ്ണമായും ശരിയല്ല. ഔദ്യോഗിക കണക്ക് അനുസരിച്ച് ആയാൽ പോലും ദാരിദ്ര്യരേഖയ്ക്ക് താഴെ ബാക്കിവരുന്ന 2054 കുടുംബങ്ങൾക്ക് പ്രതിവർഷം 40 കുടുംബങ്ങൾക്ക് വീതം ധനസഹായം ലഭ്യമാക്കിയാൽ മുഴുവൻ കുടുംബങ്ങളേയും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ 51 വർഷം വേണ്ടിവരും. ഇതിൽ നിന്നും, തീരെ അപ്രായോഗികമാണ് ഈ പദ്ധതി എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിനാൽ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും പ്രതി വർഷം 410 കുടുംബങ്ങൾക്ക് എങ്കിലും ധനസഹായം ലഭ്യമാക്കുകയും ചെയ്താൽ 5 വർഷം കൊണ്ട് ഈ 2357 കുടുംബങ്ങളേയും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാം. ഇതിന് വേണ്ടി ഗുണഭോക്താക്കളെ കാലേ കൂട്ടി, സേവന, വ്യവസായ മേഖലകളുമായി പരിചയപ്പെടുത്തുകയും വേണ്ട പരിശീലനം നൽകു കയും ചെയ്യണം എന്നാൽ ഈ പദ്ധതി വിജയിപ്പി ക്കാൻ കഴിയും.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ചി ലെ കണക്കനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് വിവിധ പെൻഷൻ സഹായങ്ങൾ ചുവടെ പട്ടിക പ്പെടുത്തിയിരിക്കുന്നു. ഈ പെൻഷൻ സഹായങ്ങൾ ലഭിക്കാൻ അർഹരായവരെ കണ്ടെത്തി പെൻഷൻ സഹായങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കണം

1995-96 വരെ അനുവദിച്ച പെൻഷനുകൾ

1.	വാർദ്ധക്യകാലപെൻഷൻ	43
2.	വികലാംഗപെൻഷൻ	51
3.	വിധവാപെൻഷൻ	56
4.	ക്യാൻസർ	7
5.	ക്ഷയം (റ്റി. ബി.)	11
6.	കുഷ്ഠം	6
7.	കായികതാരപെൻഷൻ	1

8.	കർഷകത്തൊഴിലാളി പെൻഷൻ	142
9.	അഗതിപെൻഷൻ	200

നാഗരൂർ പഞ്ചായത്ത് പ്രദേശത്ത് ആകെ 6 അങ്കണവാടികൾ ഉണ്ട്. ഇതിലൊന്നിലും ചുറ്റുമതിലോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. ICDS കണക്ക് പ്രകാരം പുതുതായി 15 അങ്കണവാടികൾ പഞ്ചായത്ത് പ്രദേശത്ത് അനുവദിക്കാനുള്ള അനുമതി ഉണ്ട്. ഈ അങ്കണവാടികൾ അതില്ലാത്ത വാർഡുകളിൽ ജനസംഖ്യാനുപാതികമായി എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ആറ് മഹിളാസമാജങ്ങൾ നഗരൂർ പഞ്ചായത്ത് പ്രദേശത്തുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമല്ല. പുതുതായി വാർഡ് തലത്തിൽ മഹിളാസമാജങ്ങൾ ആരംഭിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല ജനവിഭാഗങ്ങൾക്ക് സൗജന്യമായി വീടും കക്കൂസും നിർമ്മിച്ചുനൽകുക. സൗജന്യമായി വൈദ്യുതി എത്തിക്കുക. ഇവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക. ആരോഗ്യശുചിത്വ ബോധവൽക്കരണം നൽകുക, എന്നീപദ്ധതികൾ പ്രത്യേകശ്രദ്ധയോടെ വർദ്ധിച്ച ജനപങ്കാളിത്തത്തോടെയും ആവിഷ്കരിച്ചു നടപ്പാക്കേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ സാമൂഹ്യ ഉന്നമനം സാധ്യമാകൂ.

പ്രശ്നങ്ങൾ

1. IRDP സർവ്വേ പ്രകാരം ലിസ്റ്റിൽ ഉൾപ്പെടാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ ഉണ്ട്.
2. അർഹരായ എല്ലാ പേർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ആൺമക്കൾ ഉണ്ട് എന്ന കാരണത്താൽ അർഹരായ വൃദ്ധ ജനങ്ങൾക്ക് പെൻഷൻ നിഷേധിക്കപ്പെടുന്നു.
3. എല്ലാവാർഡിലും അങ്കണവാടികൾ ഇല്ല. ഉള്ളവയ്ക്ക് ഭൗതികസൗകര്യങ്ങൾ അപര്യാപ്തമാണ്.
4. ദുർബല വിഭാഗങ്ങൾക്ക് വീട്, കക്കൂസ്, കിണർ, വൈദ്യുതി എന്നിവയില്ലാത്ത അവസ്ഥ. വിദ്യാഭ്യാസം, ആരോഗ്യശുചിത്വകാര്യങ്ങളെപ്പറ്റിയുള്ള അറിവ്, എന്നിവയുടെ അപര്യാപ്തത.

സാധ്യതകൾ

1. അർഹരായവരെ കണ്ടെത്തി IRDP ലിസ്റ്റിൽ ഉൾപ്പെടുത്തുക.
2. അർഹരായ എല്ലാപേർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുക. (ആൺമക്കൾ സംരക്ഷിക്കാത്ത വൃദ്ധജനങ്ങളെ സംബന്ധിച്ചിടത്തോളം ആൺമക്കൾ ഉള്ളത് അനർഹത ആയി കണക്കാക്കാതിരിക്കുക.) പെൻഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുക.
3. ജനസംഖ്യാനുപാതികമായി പഞ്ചായത്ത് പ്രദേശത്ത് അംഗനവാടികൾ അനുവദിക്കുക. ഉള്ള അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
4. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ സ്ഥാപിക്കുക.
5. പ്രീപൈമറി വിദ്യാഭ്യാസം അംഗനവാടികൾ വഴി നടത്തുക. (സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ കൊണ്ടുവരുക.)
6. ദുർബലവിഭാഗങ്ങളിൽപ്പെട്ട എല്ലാവർക്കും വീട്, കക്കൂസ്, കിണർ, ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, വൈദ്യുതി എന്നിവ സൗജന്യമായി നൽകുക. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വീടു നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.
7. വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുക.
8. മന്ദബുദ്ധികളായവർ, അന്ധമൂക-ബധിരർ വികലാംഗർ, അഗതികളായ വൃദ്ധജനങ്ങൾ ഇവരെ സംരക്ഷിക്കുകയും പരിപാലിക്കുന്നതിനുള്ള കേന്ദ്രങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുക.

പാർപ്പിടം



ഇ.പി നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ നഗരൂർ പഞ്ചായത്ത് പ്രദേശത്തെ പാർപ്പിടങ്ങളുടെ സ്ഥിതി കൂട്ടുകുടുംബങ്ങളുടെ സൗകര്യത്തിനായി അറയും നിരയും, നാലുകെട്ടും, പടിപ്പുരയും ഉള്ളവ യായിരുന്നു. കൃഷിക്കാരുടേയും കൂലിപ്പണി ക്കാരുടേയും വീടുകൾ ചൂമരുകളില്ലാത്ത മാടങ്ങളു മായിരുന്നു. ഈ കാലയളവിൽ കൂരമേഞ്ഞിരുന്നത് പുല്ലും ഓലയും കൊണ്ടായിരുന്നു. വീടുകൾ മോടിപിടിപ്പിക്കാൻ വേണ്ടി കുമ്മായക്കൂട്ടാണ് ഉപയോ ഗിച്ചിരുന്നത്.

അൻപതുകളിൽ ഈ പ്രദേശത്തെ സാധാരണ ക്കാരായ ആളുകളുടെ വീടുകൾ മണ്ണു കുഴച്ചുവച്ച് നിർമ്മിച്ചവയായിരുന്നു. എന്നാൽ ഇന്ന് പുതുതായി നിർമ്മിക്കുന്ന വീടുകളിൽ അത്തരം വീടുകൾ വളരെ വിരളമായി മാത്രമേ കാണുന്നുള്ളു. അതുപോലെ സാമ്പത്തികമായി ഉയർന്നവരുടെ വീടുകളിൽ തട്ടുകൾ സർവ്വസാധരണമായിരുന്നു. അത്തരം വീടു കളും ഇന്ന് വിരളമായേ കാണുന്നുള്ളു.

ഈ കാലഘട്ടത്തിൽ പഞ്ചായത്ത് പ്രദേശത്ത് നിർമ്മിക്കുന്ന വീടുകളിൽ ഭൂരിഭാഗവും കല്ല് ഉപയോഗിച്ച് ഫൗണ്ടേഷൻ കെട്ടി ഇഷ്ടിക കൊണ്ട് നിർമ്മിക്കുന്നവയാണ്. പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ഓലമേഞ്ഞവ വളരെ കുറവാണ്.

പഞ്ചായത്ത് പ്രദേശത്ത് ഗൾഫ് കുടിയേറ്റം കാരണം ഭവനനിർമ്മാണത്തിന്റെ വേഗത വർദ്ധിച്ചിട്ടു ണ്ടെങ്കിലും വാസയോഗ്യമല്ലാത്ത വീടുകളുള്ള പട്ടികജാതിക്കാർ ഉൾപ്പെടെ രണ്ടായിരം കുടുംബങ്ങൾ ഈ പ്രദേശത്തുണ്ട്. വിശാലമായ സൗധങ്ങൾ നിർമ്മിക്കുന്ന പ്രവണത ഗൾഫുകാരുടെ ഇടയിൽ ചില പ്രദേശങ്ങളിൽ കണ്ടുവരുന്നുണ്ട്. വിശാലമായ സൗധങ്ങൾ നിർമ്മിക്കുന്നതിനുപയോഗി ക്കുന്ന മൂലധനം ഉൽപാദന മേഖലയിലേക്ക് തിരിച്ചു വിടാനുള്ള ശക്തമായ ബോധവൽക്കരണ പ്രവർത്തനം അനിവാര്യമായിരിക്കുന്നു.

ഭവന നിർമ്മാണത്തിനാവശ്യമായ പാറ, മണൽ, ഇഷ്ടിക, ചല്ലി എന്നിവ പഞ്ചായത്ത് പ്രദേശത്ത് തന്നെ ലഭിക്കുന്നുണ്ട്. അതിനാൽ ട്രാൻസ്പോർ ട്ടേഷൻ ചാർജ്ജ് മറ്റു പഞ്ചായത്ത് പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കുറച്ചേ ആകുന്നുള്ളു. എങ്കിലും കെട്ടിട നിർമ്മാണത്തിനാവശ്യമായ തടിയുടെ ലഭ്യതകുറവും വില കൂടുതലും ഒരു പ്രശ്നമായി തന്നെ നിലനിൽക്കുന്നു. പാറ, ഇഷ്ടിക, മണൽ, ചല്ലി എന്നിവയ്ക്കുവേണ്ടി അന്യ പഞ്ചായത്തുപ്രദേശങ്ങ ളിൽ ഉള്ളവർ ഇവിടെ എത്തുന്നുണ്ടെങ്കിലും അനുബന്ധ വ്യവസായങ്ങൾ ആരംഭിച്ചുകൊണ്ട് ഭവന നിർമ്മാണ മേഖലയിൽ അവസരങ്ങൾ മുഴുവനാ യിട്ടും ചൂഷണം ചെയ്യുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയുന്നില്ല എന്നതാണ് വസ്തുത.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ തൊഴിലാ ളികളിൽ ഇരുപത്തി അഞ്ച് ശതമാനത്തിൽ അധികം പേരും നിർമ്മാണ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട മേഖലകളിൽ പണിയെടുക്കുന്നവരാണ്. സ്ത്രീ തൊഴിലാളികളുടെ സജീവ സാന്നിദ്ധ്യവും ഈ മേഖലയിൽ കണ്ടുവരുന്നുണ്ട്. ഭവന നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ദിവസക്കൂലി അടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. ഒരു മേശന് നൂറ്റിഇരുപത് രൂപയും കയ്യാളിന് നൂറുരൂപയും ഒരു ദിവസം വേതനമായി ലഭിക്കും. എന്നാൽ ഇവരിൽ ഭൂരിഭാഗവും സംഘടിതരല്ല.

ഭവന നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഹൗസിങ് സൊസൈറ്റികൾ ഒന്നും

തന്നെ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നില്ല. ഭവന നിർമ്മാണത്തിൽ പിന്നോക്കം പോകാൻ ഇതും ഒരു കാരണമായി മാറിയിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് ശക്തമായ ജനകീയ ഇടപെടലിലൂടെ മാത്രമേ നഗരൂർ ഗ്രാമപഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയൂ എന്നുള്ള വസ്തുതയാണ്.

പ്രശ്നങ്ങൾ

1. ഭവനനിർമ്മാണത്തിനാവശ്യമായ തടിയുടേയും സിമന്റിന്റേയും വിലകൂടുതലും ലഭ്യതക്കുറവും.
2. വായ്പ സൗകര്യങ്ങളുടെ അപര്യാപ്തത.
3. ദുർബല വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനായി ഗവൺമെന്റ് നൽകുന്ന തുക തീരെ അപര്യാപ്തമാണ്.
4. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി കര്യക്ഷമമല്ല.
5. സ്വന്തമായി പാർപ്പിടമില്ലാത്തവർക്ക് വീടു നിർമ്മിക്കാൻ സാമ്പത്തികശേഷിയില്ല.

സാദ്ധ്യതകൾ

1. ചെലവുകുറഞ്ഞ ഭവന നിർമ്മാണരീതി പ്രോത്സാഹിപ്പിക്കുക.
2. വായ്പാ സൗകര്യങ്ങൾ സുഗമമാക്കുക.
3. ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനു വേണ്ടി തുക വർദ്ധിപ്പിക്കുകയും സാർവ്വത്രികമാക്കുകയും ചെയ്യുക.
4. കുറഞ്ഞവിലയ്ക്ക് സർക്കാരിലേക്കെടുക്കാവുന്ന ഭൂമി പഞ്ചായത്ത് പ്രദേശത്തുണ്ട്. അത് വില കൊടുത്ത് എടുത്ത് ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുവാനുള്ള സൗകര്യമുണ്ടാക്കുക.
5. സാമൂഹ്യവനവൽക്കരണത്തിലൂടെ ഭവനനിർമ്മാണത്തിനാവശ്യമായ മരങ്ങൾ വച്ചുപിടിപ്പിക്കുക. അല്ലെങ്കിൽ അവയ്ക്ക് പകരമായി കോൺക്രീറ്റ് കട്ടിളകളും ജനാലകളും ഉപയോഗിക്കുക.
6. ഹൗസിങ് സൊസൈറ്റി ആരംഭിക്കുക.
7. റബ്ബർകൃഷി നല്ലതോതിൽ ഉള്ള പ്രദേശമായതിനാൽ റബ്ബർ തടി സംസ്കരിച്ച് വീടുകൾക്കാവശ്യമായ ഫർണിച്ചർ ഉണ്ടാകുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കുക.
8. ഭവന നിർമ്മാണത്തിനാവശ്യമായ തൊഴിലാളികളെ സപ്ലൈ ചെയ്യുന്നതിനും ഭവന നിർമ്മാണസാമഗ്രികൾ വിതരണം ചെയ്യുന്നതിനും വേണ്ടി ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കുക.
9. സ്വന്തമായി ഭൂമിയുള്ളവരും കെട്ടിടം നിർമ്മിക്കാൻ സാമ്പത്തിശേഷി ഇല്ലാത്തതുമായ മുഴുവൻ കുടുംബങ്ങൾക്കും വീടു നിർമ്മിക്കാൻ ധനസഹായം നൽകുക.
10. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീടുനിർമ്മിക്കാനുള്ള ധനസഹായം നൽകുക.




സംസ്കാരം



നഗരൂർ പഞ്ചായത്ത് പ്രദേശത്ത് പഴയ നാട്ടുരാജ്യങ്ങളുടെ അവശിഷ്ടങ്ങൾ അങ്ങിങ്ങായി നിലകൊള്ളുന്നു. പ്രാചീനനാട്ടുരാജ്യമായ കീഴ്പേരൂർ സ്വരൂപത്തിന്റെ നഷ്ടപ്രതാപങ്ങളുടെ ശിഷ്ടരൂപങ്ങളായി പടിഞ്ഞാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്ര നിലവറകൾ അറിയപ്പെടാത്ത രഹസ്യങ്ങളും പേറി നിലകൊള്ളുന്നു. മാർത്താണ്ഡവർമ്മയുടെ ഭരണകാലത്ത് തേക്കിൻകാട് തൃക്കോവിലിനോട് അനുബന്ധിച്ച് സ്ഥാപിച്ച ഒരു ധാന്യസംഭരണശാലയുടെ അവശിഷ്ടങ്ങൾ അടുത്തകാലം വരെ നിലനിന്നിരുന്നു. ഇക്കാലത്തു തന്നെ നിർമ്മിച്ച തിരുവറ്റൂർ ക്ഷേത്രക്കിണറും ശ്രദ്ധേയമാണ്. ഇതിലെ ജലം ഔഷധഗുണമുള്ളതാണെന്നാണ് പരക്കെ വിശ്വാസം. ഇത്തരം കാര്യങ്ങളും ധാരണകളും ഗവേഷണ കുതുകികൾക്ക് കൗതുകമുണർത്തി ക്കൊണ്ട് നിലകൊള്ളുന്നു.

കൃഷിയും പൊതു ഉത്സവങ്ങളുമായി ബന്ധപ്പെട്ട ഒരു സംസ്കാരമാണ് നമുക്കുള്ളത്. മതപരമായ വിഷയങ്ങളും അറിവുകളും നമ്മുടെ സംസ്കാരത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ഗ്രന്ഥങ്ങളിലൂടെയും കഥകളിലൂടെയും പരിചയിച്ച ചില സൽക്കഥാപാത്രങ്ങളെ മനസ്സിൽ സ്വാംശീകരിക്കാനും മാതൃകയാക്കാനും ചുരുക്കംപേരെങ്കിലും തയ്യാറായതിലൂടെ സമൂഹത്തിന് മൊത്തം നന്മയുടെ ചിന്തയുണ്ടാകുകയും അതിന്റെ വിത്തുകൾ അവിടവിടെയായെങ്കിലും വിതയ്ക്കപ്പെടുകയും ചെയ്തു. മുത്തശ്ശിക്കഥകളും നാടൻപ്പാട്ടുകളും നമ്മുടെ സംസ്കാരത്തിന് നൽകിയ നൈർമല്യം അനന്യാദൃശമാണ്. ഭാരതീയ സംസ്കാരത്തിന്റെ നെടുംതൂണായ കുടുംബബന്ധങ്ങളിലെ ദൃഢത നമ്മുടെ പ്രദേശത്തിനും അന്യമായിരുന്നില്ല. തൊഴിലടിസ്ഥാന പരിഗണന യിലൂടെ ഉരുത്തിരിഞ്ഞ വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾ ജീവിതരീതിയിലും സംസ്കാരത്തിലും വ്യത്യാസങ്ങൾ സൃഷ്ടിച്ചിരുന്നു. സാമൂഹ്യ അനീതിക്കെതിരെ സാമൂഹ്യ പരിഷ്ക്കർത്താക്കളും സാംസ



സാംസ്കാരികനിലയം, വെള്ളല്ലൂർ




ഉദയാ ലൈബ്രറി ആന്റ് റീഡിംഗ് റൂം, നഗരൂർ.

കാരിക നായകൻമാരും കവികളും കലാകാരൻമാരും ഉയർത്തിയ വെല്ലുവിളി അനീതിക്കെതിരായി ചിന്തിക്കുവാനുള്ള പ്രേരകശക്തിയായി മാറി. അക്ഷരം ശ്രദ്ധിക്കുന്ന അനാഢ്യന്റെ കണ്ണിനും കാതിനും നാവിനും എതിരെ നിലനിന്നി രുന്ന


ദീക്ഷണി ഇച്ഛാശക്തിക്കുമുന്നിൽ പത്തിമടക്കിയപ്പോൾ ഒരു വലിയ സാംസ്കാരിക നവോത്ഥാനത്തിന്റെ കേളികൊട്ട് തുടങ്ങി. ആഢ്യന്റെ അകത്തളങ്ങളിൽ കഥ അറിഞ്ഞുകൊണ്ട് മാത്രം കണ്ടിരുന്ന ആട്ടം ഭാവരൂപഭേദങ്ങളോടെ ഉത്സവവേദികളിലെത്തിയപ്പോൾ അക്ഷരവെളിച്ചമില്ലാത്തവന്റെപോലും ഹൃദയങ്ങൾ സംസ്കാരസമ്പന്നമാകാൻ തുടങ്ങി. വിശ്വസാഹിത്യങ്ങൾപോലും ചർച്ചചെയ്യപ്പെടുന്ന പാഠശാലകളായി ഉത്സവവേദികൾ മാറ്റി. ഉത്സവങ്ങളും തിരുനാളുകളും പരസ്പരം സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും തിരുഅരങ്ങുകളായി. അന്നമെടുപ്പ്, പറയെടുപ്പ്, വില്ലിൽത്തൂക്കം എന്നീ ക്ഷേത്രച്ചടങ്ങുകളും കുത്തിയോട്ടം, തോറ്റംപാട്ട്, പടയണിപ്പാട്ട്, കമ്പടികളി, കതിരുകാളകളി തുടങ്ങിയ അനുഷ്ഠാനകലകളും നമ്മുടെ പ്രദേശത്തുണ്ട്. അന്യംനിന്നുപോയിക്കൊണ്ടിരിക്കുന്ന പലേ അനുഷ്ഠാനകലകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ജാതിമതഭേദമെന്യേ ആരാധനയ്ക്കെത്തുന്ന കുളങ്ങരപ്പള്ളി ചന്ദനമഹോത്സവവും വിരാലൂർക്കാവ് ദേവീക്ഷേത്രത്തിലെ തൃക്കാർത്തികാ മഹോത്സവവും വിശ്വമാനവികതയുടെ കൊച്ചുനിദർശനങ്ങളാണ്. ആചാരാനുഷ്ഠാനങ്ങളിൽപ്പോലും ശാസ്ത്രീയതയുടെയും പുത്തൻസംസ്കാരത്തിന്റെയും വെളിച്ചം കാണാൻ കഴിയുന്നു.


മലയാളിയുടെ ജീവിതസ്വപ്നങ്ങളിൽ സമത്വ സാഹോദര്യ സന്ദേശം പകരുന്ന ഓണവും ഓണാഘോഷങ്ങളും മാറ്റുരയ്ക്കപ്പെടാനാകാത്ത സാംസ്കാരിക പൈതൃകമായി നമ്മോടൊപ്പം ഇന്നും ഈ പ്രദേശത്തുണ്ട്. തിരുവാതിരക്കളിയും കടുവാകളിയും ഉറിയടിയും ഊഞ്ഞാലും തെച്ചിപ്പൂവിറുക്കലും തുമ്പപ്പൂവിടലും മാണിക്യച്ചെമ്പഴുക്കയും വിട്ടുമാറാത്ത ഗ്രഹാതുരത്വം സൃഷ്ടിച്ചുകൊണ്ട് പോയകാലത്തിന്റെ നന്മകൾ ഓർമ്മിക്കുവാനും നന്മനിറഞ്ഞ ഒരു സമൂഹസൃഷ്ടിക്കുവേണ്ടി ആഗ്രഹിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നു. വിദ്യാഭ്യാസവും അതിലൂടെ സ്വായത്തമാക്കിയ വായനാശീലവും സാർവ്വത്രികമാകുന്നതിനുമുമ്പ് പഴങ്കഥകളിലൂടെയും പൗരാണികസങ്കല്പങ്ങളിലൂടെയും സ്വായത്തമാക്കിയ ഒരു സംസ്കാരത്തിന്റെ പാതയിലായിരുന്നു ഈ പ്രദേശത്തെ ജനങ്ങൾ. സാർവ്വത്രിക വിദ്യാഭ്യാസം വന്നിച്ച



ദേശസേവിനി വായനശാല, പുല്ലുതോട്ടം



കുളങ്ങരപ്പള്ളി




മാവേലിക്കോണം ഭഗവതിക്ഷേത്രം

സാംസ്കാരിക മാറ്റങ്ങൾക്കിടയാക്കി. അക്ഷരവെളിച്ചം വെട്ടിപ്പിടിക്കുവാൻ ആയിരങ്ങൾക്ക് കരുത്തേകി. ഇംഗ്ലീഷ് വിദ്യാഭ്യാസം അനൃസംസ്കാരങ്ങളുമായി ഇടപഴകാൻ നമ്മെ തുണച്ചു. ഉരുണ്ട ഭൂമിയുടെ വൈജാത്യമാർന്ന പരപ്പ് കാണാൻ നമ്മെ അതു സഹായിച്ചു. ബുദ്ധനും വർദ്ധമാനമഹാവീരനും ക്രിസ്തുവും മുഹമ്മദും ശങ്കരാചാര്യരും വിവേകാനന്ദനും ഒരുമിച്ചുനിന്ന് നമ്മുടെ സാംസ്കാ


രിക ഉണർവ്വിന് നേതൃത്വം നൽകി.

1950 കളിൽ ഈ പ്രദേശത്തിന്റെ വിവിധഭാഗങ്ങളിൽ വായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിക്കപ്പെട്ടു. ഈ സ്ഥാപനങ്ങളോടനുബന്ധിച്ച് കലാ-കായിക സാംസ്കാരിക സമിതികൾ രൂപപ്പെട്ടു. 9 ഗ്രന്ഥശാലകളും അതിനോടനുബന്ധിച്ച് വായനശാലകളും പ്രവർത്തിച്ചുവരുന്നു. ആദ്യമായി സ്ഥാപിക്കപ്പെട്ട ഗ്രന്ഥശാല നെടുമ്പറമ്പിലെ "വിവേകവിലാസിനി" യാണ്. പഞ്ചായത്തും നാട്ടുകാരും ചേർന്ന് പുതിയകെട്ടിടം നിർമ്മിച്ച് ഇപ്പോൾ പഞ്ചായത്ത് പബ്ലിക് ലൈബ്രറിയായി പ്രവർത്തിച്ചുവരുന്നു. പുല്ലുതോട്ടത്തെ ദേശസേവിനി വായനശാല വളരെ പഴക്കമുള്ളതാണ്. നാട്ടുകാരുടെ ശ്രമഫലമായാണിത് സ്ഥാപിക്കപ്പെട്ടത്. ഒരു ചെറിയപ്രദേശത്തെ ജനങ്ങളെ അറിവിന്റെ ലോകത്തേയ്ക്ക് നയിക്കുവാനും ഹൃദയത്തിൽ നന്മയുടെ കൈത്തിരി കൊളുത്തുവാനും പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക സ്ഥാപനമാണിത്. നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന നഗരൂർ ഉദയാ ലൈബ്രറിയിൽ ഈടുറ്റ നിരവധി ഗ്രന്ഥങ്ങളുണ്ട്. മുണ്ടെക്കോണത്ത് ഒരു ഇസ്ലാമിക വായനശാല വളരെക്കാലമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് വളരെയധികം ഇസ്ലാമിക മതപഠനശാലകളും പ്രവർത്തിക്കുന്നുണ്ട്. കീഴ്പേരൂർ അംബികാവിലാസം വായനശാല വളരെക്കാലമായി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വെള്ളല്ലൂർ കേന്ദ്രമാക്കി 1983-ൽ പ്രവർത്തനമാരംഭിച്ച എസ്.കെ.വി. ലൈബ്രറി ആ പ്രദേശത്തെ സാമൂഹിക മുന്നേറ്റത്തിന് വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ വായനശാലയുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഈ ഗ്രന്ഥശാലകളൊക്കെ വളരെ പഴക്കം ചെന്നവയാണ്.


അടുത്തകാലത്തായി 15 ഓളം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇതിൽ മാവേലി ചൈതന്യ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിനോടനുബന്ധിച്ച് ഒരു ലൈബ്രറി പ്രവർത്തിക്കുന്നു. വെള്ളല്ലൂർ സിമ്മ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിനോടനുബന്ധിച്ച് ഒരു അമച്വർ നാടകവേദി പ്രവർത്തിക്കുന്നു. വെള്ളല്ലൂർ ആൽത്തറജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ഒരു ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പൊയ്കവിളയിലെ



കീഴ്പേരൂർ ശ്രീകൃഷ്ണസ്വാമിക്ഷേത്രം



തേക്കിൻകാട് ശിവക്ഷേത്രം



നഗരൂർ മുസ്ലീം പള്ളി

ചലഞ്ച് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിനോടനുബന്ധിച്ച് ഒരു നാടകസംഘവും, തേക്കിൻകാട് ലയം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിനോടനുബന്ധിച്ച് മറ്റൊരു നാടകസംഘവും പ്രവർത്തിക്കുന്നു. നെടുമ്പറമ്പ് വിവേകവിലാസിനി കലാകായിക സമിതിയുടെ മേൽനോട്ടത്തിൽ ഒരു നഴ്സറി സ്കൂൾ പ്രവർത്തിക്കുന്നു. മിക്കവാറും എല്ലാ കലാസാംസ്കാരിക സമിതികളും വാർഷികാഘോഷങ്ങളും പഠനക്ലാസ്സുകളും ആരോഗ്യപരിശോധനാക്ലാസ്സുകളും സാംസ്കാരിക സമ്മേളനങ്ങളും ഏറ്റെടുത്ത് നടത്തു

നുണ്ട്. ഒരു സമൂഹത്തിന്റെ മൊത്തം സാംസ്കാരിക വളർച്ചയുടെ ജീവനാഡിയായ ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടമുണ്ടാകണം എന്നതോടൊപ്പം പുതിയ സമിതികളുണ്ടാക്കിക്കൊണ്ട് ഈ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തേണ്ടിയിരിക്കുന്നു. കായികരംഗത്ത് ദേശീയാംഗീകാരം ലഭിച്ചിട്ടുള്ള ശ്രീ. എൻ. രവീന്ദ്രനാഥ് ഈ പ്രദേശത്തുള്ളകായിക താരങ്ങൾക്ക് പ്രചോദനമായി ഇന്നും കായികരംഗത്ത് പ്രവർത്തിച്ചു വരുന്നു.


അതിദ്രുതം വളർന്നുവന്ന വായനാശീലത്തിന് 1980 കളിൽ കുറവുസംഭവിച്ചു. നിലവാരമുള്ള കൃതികളോട് മുൻതലമുറയ്ക്കുണ്ടായിരുന്ന ആഭിമുഖ്യം പുതിയ തലമുറയ്ക്ക് നഷ്ടപ്പെട്ടു. ആ സ്ഥാനം കൈയ്യടക്കിയത് നിലവാരം കുറഞ്ഞ ആഴ്ചപ്പതിപ്പുകളായിരുന്നു. വനിതകളുടെ വായനാശീലത്തെ വളർത്തുവാൻ ഒരുപരിധിവരെ ഈ ആഴ്ചപ്പതിപ്പുകൾ സഹായിച്ചിട്ടുണ്ടെങ്കിലും അവരുടെ ബോധനിലവാരത്തെ ഉയർത്തുവാൻ എത്രകണ്ട് കഴിഞ്ഞു എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. റ്റി.വി. തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ സാംസ്കാരികരംഗത്ത് ചെലുത്തുന്ന സ്വാധീനം ഒരുതരം കമ്പോള സംസ്കാരത്തിന് അടിമപ്പെടുത്തുന്ന തരത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. എന്നിരുന്നാലും അടിസ്ഥാനപരമായി നമ്മുടെ സാംസ്കാരിക പൈതൃകത്തിലേയ്ക്ക് തിരിച്ചുപോകുന്ന പ്രവണത ഇന്ത്യൻ സംസ്കാരത്തിന് മാത്രമുള്ളതാണ്.

ആരാധനാലയങ്ങളും ഉത്സവങ്ങളും


ഈ പ്രദേശത്തെ ക്ഷേത്രോത്സവങ്ങളുടെ നാന്ദി കുറിക്കുന്ന വിരാലൂർക്കാവ് വനദുർഗ്ഗക്ഷേത്രത്തിൽ വൃശ്ചികമാസത്തിലെ കാർത്തിക ഉത്സവത്തിന് ജാതിഭേദമെന്യേ പതിനായിരക്കണക്കിനാളുകൾ പങ്കെടുക്കുന്നു.

കീഴ്പ്പേരൂർ ദേവീക്ഷേത്രത്തിലെ കുംഭരേണി പ്രസിദ്ധമാണ്. ഇതിന്റെ പ്രധാന ആകർഷണങ്ങൾ അഞ്ചു കരക്കാർ ചേർന്ന് നടത്തുന്ന അന്നമെടുപ്പും വില്ലിൽത്തൂക്കവും കുത്തിയോട്ടവുമാണ്.

മാവേലിക്കോണം ഭഗവതിക്ഷേത്രത്തിലെ ഉത്സവം ശിവരാത്രിനാളിലാരംഭിച്ച് കാർത്തികനാളിൽ



വിരാലൂർക്കാവ് വനദുർഗ്ഗാക്ഷേത്രം



കീഴ്പേരൂർ ദേവീക്ഷേത്രം


അവസാനിക്കുന്നു. ഈ ഉത്സവത്തിന്റെ പ്രധാന ആകർഷണം കുത്തിയോട്ടവും വില്ലിൽതൂക്കവുമാണ്. ദർശനവട്ടം ശ്രീശങ്കരനാരായണസ്വാമിക്ഷേത്രം വളരെ പഴക്കമുള്ളതും വളരെ ആർഭാടമായി ഉത്സവം നടന്നുവരുന്നതുമാണ്. പടയണിപ്പാട്ടും ദേവിയെ കുടിയിരുത്തുന്നതുമാണ് പ്രധാനചടങ്ങുകൾ.

കുംഭമാസത്തിലെ ഉത്രട്ടാതി ഉത്സവം ആഘോഷിക്കുന്ന ദർശനാവട്ടം ശ്രീ ആയിരവില്ലിക്ഷേത്രം പ്രസിദ്ധമാണ്. ആനയെഴുന്നള്ളത്തും ഘോഷയാത്രയുമാണ് പ്രധാനം. പ്രാചീനക്ഷേത്രങ്ങളായ കീഴ്പ്പേരൂർ ശ്രീകൃഷ്ണസ്വാമിക്ഷേത്രം, തേക്കിൻകാട് തൃക്കോവിൽ, കേശവപുരം മഹാവിഷ്ണുക്ഷേത്രം, തിരുവറ്റൂർ ശിവക്ഷേത്രം, കുന്നിൻകുളങ്ങര ശ്രീകൃഷ്ണസ്വാമിക്ഷേത്രം, മേല്പേരൂർ മഹാവിഷ്ണുക്ഷേത്രം, വെള്ളല്ലൂർ ശിവക്ഷേത്രം, പൊയ്കവിള ഭഗവതിക്ഷേത്രം, വെട്ടിയോട് ദേവീക്ഷേത്രം, മാമത്തിക്കാവ് മഠം തുടങ്ങി 48 ഓളം ക്ഷേത്രങ്ങളും 80 ഓളം നാഗരുകാവുകളും ചെറുതുംവലുതുമായ ചാവരുകാവുകളും അപ്പൂപ്പൻ നടകളും മാടൻകാവു

കളും ഉള്ളതിൽ മിക്കതിലും ആരാധനയും ഉത്സവങ്ങളും നടന്നു വരുന്നു. കുളങ്ങരപ്പള്ളിയിലെ ചന്ദനക്കുടമഹോത്സവം ജാതിമതഭേദമെന്യേ അനേകായിരങ്ങൾ പങ്കെടുക്കുന്നുണ്ട്. പേരൂർ മുസ്ലീം പള്ളി നഗരൂർ മുസ്ലീം പള്ളി മാത്തയിൽ മുസ്ലീം പള്ളി തുടങ്ങി 6 പള്ളികളും നിരവധി തയ്ക്കാവു കളിലും ആരാധനയും ആഘോഷങ്ങളും നടന്നു വരുന്നു.

പഴമയുടെ കരുത്തും ആധുനിക ശാസ്ത്രീയത യുടെയും അക്ഷരജ്ഞാനത്തിന്റെയും ഊർജ്ജസ്വല തയും ഏറ്റെടുത്തുകൊണ്ട് അന്ധകാരമകറ്റി ജാതി മത ഭിന്നതകൾക്കതീതമായി വർത്തിക്കാൻ കഴിയുന്ന ഒരു നവീനസംസ്കാര സൃഷ്ടിയുടെ ഈറ്റില്ലത്തിലാ ണ് ഇന്ന് നാം.

നിങ്ങൾ നിങ്ങളുടെ ചിന്തകളെ സൂക്ഷിക്കുക.
അത് നിങ്ങളുടെ വാക്കുകളായി മാറും.
നിങ്ങൾ നിങ്ങളുടെ വാക്കുകളെ സൂക്ഷിക്കുക.
അത് നിങ്ങളുടെ പ്രവർത്തിയായിത്തീരും
നിങ്ങൾ നിങ്ങളുടെ ശീലങ്ങളെ സൂക്ഷിക്കുക.
അത് നിങ്ങളുടെ സ്വഭാവമായി മാറും
- പ്രമോദ് ബത്ര



പഞ്ചായത്താഫീസ് പഴയകെട്ടിടം



പഞ്ചായത്താഫീസ് പുതിയകെട്ടിടം

വനിതാക്ഷേമം

നഗരൂർ പഞ്ചായത്തിന്റെ പുരോഗതിയ്ക്ക് പുരുഷൻമാരെ പോലെ സ്ത്രീകളും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തേണ്ടതുണ്ട്. സമൂഹത്തിൽ പുരുഷനും, സ്ത്രീയും തുല്യ പദവി ഉണ്ടാകണം. ഈ കഴ്ചപ്പാടിൽ വേണം വനിതാക്ഷേമ പ്രവർത്തനങ്ങളെ കരുപ്പിടിപ്പിക്കേണ്ടത്. ഇതിനെ സ്ത്രീകളുടെ സാമ്പത്തിക നില ഉയർത്തേണ്ടതുണ്ട്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 10660 പുരുഷന്മാരും 12488 സ്ത്രീകളും ആണ്. ആകെയുള്ള ജനസംഖ്യയിൽ 51.84 ശതമാനം സ്ത്രീകളാണ്. ഇവരിൽ സാക്ഷരരായിട്ടുള്ളവർ 72.47 ശതമാനം ആണ്. ഇത് പുരുഷന്മാരുടെ സാക്ഷരതയെക്കാൾ 6.54 ശതമാനം കുറവാണ്. ഇതിൽ 10% പേർ ഉന്നത വിദ്യാഭ്യാസം തേടിയിട്ടുള്ളവരും 5 ശതമാനം പേർ സാങ്കേതിക വിദ്യാഭ്യാസം തേടിയിട്ടുള്ളവരുമാകുന്നു. സ്ത്രീകളുടെ കൂടിവരുന്നനിരക്ഷരത നിർമ്മാജ്ജനം ചെയ്യുന്നതിനുവേണ്ടി തുടർ സാക്ഷരതാ പദ്ധതികൾ കൂടുതൽ കാര്യക്ഷമാകേണ്ടായിരിക്കുന്നു.

നല്ലൊരുശതമാനം സ്ത്രീകൾ ഗൃഹഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. സർക്കാർ ജോലി ലഭിച്ചിട്ടുള്ളവർ വളരെ ചുരുക്കമാണ്. മറ്റുള്ളവർ കൽപ്പണി, തയ്യൽ, നെയ്ത്ത്, കശുവണ്ടി സംസ്കരണം, മറ്റ് കൂലിപ്പണികൾ മുതലായവയിൽ ഏർപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് വനിതാക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്ത് പ്രദേശത്തെ മഹിളാസമാജങ്ങൾ സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവർക്ക് തൊഴിൽ പരിശീലനം നല്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ സാഹചര്യം ഉണ്ടാക്കി സാമൂഹത്തിന്റെ മുഖ്യധാരയിൽ സ്ത്രീകളെ കൊണ്ടുവരുന്നതിനും അതുവഴി സാമൂഹ്യ പുരോഗതിക്ക് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും വേണം. സ്ത്രീകളുടെ കലാപരവും കായികവുമായ കഴിവുകൾ കണ്ടെത്തി അവയെ വളർത്തി എടുക്കാനുള്ള വേദികൾ ഉണ്ടാകണം. "ഭാരത സ്ത്രീ ഒരടി മുന്നോട്ടു പോയാൽ രാഷ്ട്രം രണ്ടടി മുന്നോട്ടു പോകും" എന്ന ഗാന്ധിജിയുടെ വാക്കുകൾ ഉൾക്കൊണ്ട് കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹം ഉണ്ടാകേണ്ടി ഇരിക്കുന്നു.

പ്രശ്നങ്ങൾ

1. നിയമംമൂലം സ്ത്രീധനം നിരോധിച്ചിട്ടുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം നിലനില്ക്കുന്നു.
2. സ്ത്രീ അടുക്കളയ്ക്കുള്ളിൽ ഒതുങ്ങേണ്ടതാണെന്ന സമൂഹത്തിന്റെ പൊതുനിലപാട്.
3. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങളിലെ പോരായ്മ, വനിതകളിൽ ആത്മവിശ്വാസം ജനിപ്പിക്കുന്ന തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അപര്യാപ്തത.
4. സ്വയം തൊഴിൽ പദ്ധതികൾ ഏറ്റെടുത്ത് വിജയിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള പരിശീലനത്തിന്റെ അഭാവം.
5. സ്വയം തൊഴിൽ പദ്ധതികൾ ഏറ്റെടുക്കാനുള്ള വിമുഖത.
6. വ്യാവസായിക മേഖലകളിലെ വനിതാ സംഘങ്ങൾ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും അധുനിക സങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിനും ഉള്ള സൗകര്യമില്ലായ്മ.
7. സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഇറങ്ങുന്ന സ്ത്രീകളോട് പൊതുവേയുള്ള സമൂഹത്തിന്റെ നിന്ദാമനോഭാവം.
8. പുരുഷമേധാവിത്വമുള്ള സമൂഹത്തിന്റെ അടിച്ചമർത്തലുകൾ.
9. പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലുള്ള ശ്രദ്ധക്കുറവ്.
10. വിധവാപെൻഷൻ മറ്റ് വനിതാക്ഷേമ പെൻഷനു

കളുടെ അപര്യാപ്തതയും നടപടിക്രമങ്ങളുടെ നൂലാമാലകളും.

11. വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായ തുകയുടെ അപര്യാപ്തത.
12. നിർദ്ധനകുടുംബങ്ങളിലെ വനിതകളുടെ വിവാഹനടത്തിപ്പിനുവേണ്ട ധനസഹായ വായ്പ പദ്ധതികളുടെ അഭാവം.
13. കലാ-സാംസ്കാരികരംഗത്തും കായിക രംഗത്തും കഴിവുള്ള യുവതികളെ ഉയർത്തികൊണ്ടുവരുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.
14. വനിതകൾക്കുമാത്രമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.
15. വനിതാതൊഴിൽ പരിശീലനകേന്ദ്രങ്ങളുടെ അപര്യാപ്തത.
16. വനിതാസഹകരണ സംഘങ്ങളുടെ അപര്യാപ്തത.

സാധ്യതകൾ

1. സ്ത്രീ ധനസമ്പ്രദായത്തിനെതിരെ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ ഉൾപ്പടെ ക്രിയാത്മക പരിപാടികൾ വേണം.
2. ഇന്നുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. സ്വന്തമായി വസ്തുവുള്ള സമാജങ്ങളോടനുബന്ധിച്ചുള്ള ബാലവാടികൾ അംഗനവാടികളാക്കുകയും സ്വന്തമായി കെട്ടിടം നിർമ്മിച്ചുകൊടുക്കുകയും ചെയ്യുക.
3. സ്ത്രീകളെ അടുക്കളയുടെ പിന്നാമ്പുറങ്ങളിൽ നിന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.
4. വനിതകളെ സ്വയം തൊഴിൽ പദ്ധതികളിലേക്ക് കൂടുതൽ ആകർഷിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. സഹകരസംഘങ്ങൾ സ്ഥാപിച്ച് ഇതിന് വേണ്ട പരിശീലനവും, ധനസഹായവും നൽകണം.
5. പുരുഷമേധാവിത്വത്തിന്റെ അടിച്ചമർത്തലുകൾക്കെതിരെ സംഘടിത പോരാട്ടം നടത്തുക.
6. പെൺകുട്ടികളുടെ വിദ്യാഭ്യാസസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ആധുനിക സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
7. സ്ത്രീ പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനു വേണ്ടിയുള്ള നിയമങ്ങൾ സമഗ്രവും കർശനവും ആക്കുക.
8. വനിതാതൊഴിൽ സംരഭകർക്ക് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
9. വിധവാപെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.
10. വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം വർദ്ധിപ്പിക്കുക.
11. വിധവകളായ നിർദ്ധന യുവതികളുടെ പുനർ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുക.
12. നിർദ്ധന കുടുംബങ്ങളിൽപ്പെട്ട വനിതകളുടെ വിവാഹത്തിന് ധനസഹായം നൽകുക.
13. കലാസാംസ്കാരിക രംഗത്തും കായിക രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ ആദരിക്കുന്നതിനും വനിതകളെ കൂടുതൽ ഈ രംഗങ്ങളിൽ കൊണ്ടുവരുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുക.

സഹകരണം

നഗരൂർ പഞ്ചായത്ത് പ്രദേശത്തെ സംബന്ധിച്ചിടത്തോളം സഹകരണ സ്ഥാപനങ്ങളുടെ എണ്ണം തുലോം കുറവാണ്. വ്യവസായികമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് അനുയോജ്യമായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും വ്യവാസായികവളർച്ചയ്ക്ക് കളമൊരുക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

പഞ്ചായത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന കിളിമാനൂർ കാർഷിക വികസന ബാങ്ക്, ജില്ലാ സഹകരണബാങ്കിന്റെ കിളിമാനൂർ ശാഖ എന്നിവ ഉൾപ്പെടെ പഞ്ചായത്ത് പ്രദേശത്ത് സ്വാധീനം ചെലുത്തുന്ന 7 സഹകരണ സ്ഥാപനങ്ങളാണ് ഉള്ളത്. വെള്ളല്ലൂർ, നഗരൂർ വില്ലേജുകൾ ഉൾപ്പെടുന്ന നഗരൂർ പഞ്ചായത്ത് പ്രദേശത്ത് വെള്ളല്ലൂർ വില്ലേജിൽ സഹകരണ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.

പഞ്ചായത്ത് പ്രദേശത്തെ സഹകരണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	സൊസൈറ്റികളുടെ പേര്	സ്വഭാവം
1.	നഗരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	ക്രെഡിറ്റ് സംഘം
2.	നഗരൂർ ക്ഷീരോല്പാദക സഹകരണസംഘം	നോൺ ക്രെഡിറ്റ് സംഘം
3.	നഗരൂർ കൈത്തറി സഹകരണസംഘം	"
4.	നഗരൂർ ഹരിജൻ സഹകരണസംഘം	"
5.	ഖാദി ബോർഡിന്റെ നെയ്ത്തുശാല	"

പഞ്ചായത്ത് പ്രദേശത്ത് ഇനിയും സഹകരണ സംഘങ്ങൾ ഉണ്ടാകണം. കർഷകരുടെയും വനിതകളെയും വിവിധതരം വ്യാവസായിക തൊഴിലുകൾചെയ്യുന്നവരുടെയും സംഘങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

കാർഷിക വികസന ബാങ്ക്.

നഗരൂർ പഞ്ചായത്ത് പ്രദേശത്തെ കർഷകർ ഉൾപ്പെടെയുള്ള സാധാരണ ജനങ്ങൾക്ക് നിത്യ ജീവിതവുമായി ബന്ധപ്പെട്ട് വളരെ സഹായകരമായി വർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഇത്. എന്നാൽ വായ്പാനടപടി ക്രമങ്ങൾ കൂടുതൽ ലഘൂകരിച്ച് കർഷകർക്ക് എളുപ്പത്തിൽ വായ്പ ലഭിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. കാർഷിക വികസന ബാങ്കിന് ഡെപ്പോസിറ്റ് സ്വീകരിക്കുവാനുള്ള നയപരമായ നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്. ഇത് കൃഷിക്ക് വളരെയധികം പ്രയോജനപ്പെടും.

ജില്ലാ സഹകരണ ബാങ്ക് കിളിമാനൂർ

പ്രവർത്തന പരിധി :- നഗരൂർ, കിളിമാനൂർ, പുളിമാത്ത്, പഴയകുന്നുമ്മേൽ

സ്വഭാവം :- ക്രെഡിറ്റ് സഹകരണ ബാങ്ക്.

കാർഷിക വികസന ബാങ്ക് കഴിഞ്ഞാൽ സാധാരണ ജനങ്ങൾക്ക് ഏറെ സഹായകരമായി വർത്തിക്കുന്ന സ്ഥാപനമാണ് ജില്ലാ സഹകരണ ബാങ്ക്. ഇത് 3-6-1969 ൽ പ്രവർത്തനം ആരംഭിച്ചു. ഈടില്ലാതെ നിശ്ചിത തുക കാർഷിക ആവശ്യത്തിന് ലോൺ കൊടുക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച്

നടപ്പാക്കേണ്ടതാണ്.

നഗരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

പ്രവർത്തന പരിധി	-	നഗരൂർ ഗ്രാമ പഞ്ചായത്ത്.
ക്രെഡിറ്റ്/നോൺ ക്രെഡിറ്റ്	-	ക്രഡിറ്റ്
പ്രവർത്തനമാരംഭിച്ച വർഷം	-	1-1-1963
ആകെ അംഗങ്ങൾ	-	5657
ഒരു ഓഹരിയുടെ വില	-	10 രൂപ
അംഗീകൃത ഓഹരി മൂലധനം	-	700000 രൂപ
പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം	-	297000 രൂപ
സർക്കാർ ഓഹരി	-	50000 രൂപ

പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ		
ക്രമനമ്പർ	ഇനം	തുക
1.	സ്ഥിരം	3393440
2.	ഹ്രസ്വകാലം	900825

നൽകിയിട്ടുള്ള വായ്പകൾ

ക്രമനമ്പർ	ഇനം	തുക
1.	കാർഷിക വായ്പകൾ	1617000
2.	മറ്റ് കാർഷികേതര വായ്പകൾ	1866240
3.	മദ്ധ്യകാല വായ്പകൾ	131000

പഞ്ചായത്തു പ്രദേശത്തുള്ള മുഴുവൻ ആളുകൾ ക്കും പ്രയോജനപ്പെടുന്ന തരത്തിൽ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്. ഡെപ്പോസിറ്റും മെമ്പർഷിപ്പും വർദ്ധിപ്പിച്ച് പരമാവധി ആളുകളിൽ സൊസൈറ്റിയുടെ പ്രയോജനം ഏത്തിക്കേണ്ടതാണ്. സൊസൈറ്റിയുടെ കീഴിലുള്ള 2 വളം ഡിപ്പോകളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും വേണം.

നഗരൂർ ഷീരോല്പാദക സഹകരണ സംഘം (T-74 (D))

പ്രവർത്തന പരിധി വാർഡുകൾ	-	നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 6,7,8,9,10,11 നന്തായ് വനം നഗരൂർ, ദർശനാവട്ടം കോട്ടയ്ക്കൽ ഉൾപ്പെട്ട പ്രദേശം.
ക്രഡിറ്റ്/നോൺ ക്രഡിറ്റ്	-	നോൺ ക്രഡിറ്റ്
പ്രവർത്തനമാരംഭിച്ച വർഷം	-	1-2-1978
ആകെ അംഗങ്ങൾ	-	256
ഒരു ഓഹരിയുടെ വില	-	10 രൂപ

അംഗീകൃത ഓഹരി മൂലധനം	-	30000 രൂപ
പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	-	3000 രൂപ
സർക്കാർ ഓഹരി	-	ഇല്ല
പ്രതിമാസ ചെലവ്	-	10000 രൂപ
പ്രദിദിനം സംഭരിക്കുന്ന പാൽ	-	1000 ലിറ്റർ
നഗരൂർ പഞ്ചായത്തിൽ ചെലവ്	-	300 ലിറ്റർ
പുറത്ത് ചെലവ്	-	700 ലിറ്റർ
ഇപ്പോഴത്തെ നില	-	I) ലാഭകരമായി പ്രവർത്തിക്കുന്നു. II) സംഘത്തിന്റെ മേൽനോട്ടത്തിൽ 4 വനിതകളെ ഉൾപ്പെടുത്തി ഒരു ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നു

പ്രശ്നങ്ങൾ

1. ചെലവിൽക്കൂടുതൽ പാൽ എടുക്കുവാൻ കഴിയുന്നില്ല. കാരണം കേടു കൂടാതെ സൂക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഇല്ല.
2. കന്നു കാലി വളർത്തലിൽ താല്പര്യമുള്ള കർഷകരെ പ്രോത്സാഹിപ്പിക്കുവാനും അവർക്ക് കറവ മാടുകളെ വാങ്ങാൻ ധനസഹായം നൽകുന്നതിനുള്ള സർക്കാർ സംവിധാനങ്ങൾ അപര്യാപ്തമാണ്.
3. കന്നുകാലിത്തീറ്റയുടെ ഗുണമേന്മക്കുറവും വിലവർദ്ധനവും കർഷർക്ക് ഏറെ ബുദ്ധിമുട്ടു ണ്ടാക്കുന്നു.
4. കന്നുകാലികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണ്.

നിർദ്ദേശങ്ങൾ

1. പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ശാസ്ത്രീയരീതിയിൽ കവറുകളിലടച്ച് വില്പന നടത്തുന്നതിനുമുള്ള ആധുനിക സംവിധാന ങ്ങൾ സംഘത്തിന് ലഭ്യമാക്കണം.
2. കന്നു കാലി വളർത്തൽ പ്രോത്സാഹിപ്പി ക്കുന്നതിനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തു ന്നതിനും വിപുലീകരിക്കുകയും ചെയ്യുന്നതി നുള്ള സംവിധാനങ്ങൾ സംഘങ്ങൾ വഴി നടപ്പാക്കണം.
3. വിലകുറച്ച ഗുണമേന്മയുള്ള കാലിത്തീറ്റ സംഘം മുഖേന വിതരണം ചെയ്യുന്നതിനുള്ള സംവിധാ നം ഉണ്ടാക്കണം
4. മൃഗാശുപത്രിയിൽ ഇന്നുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ സ്ഥലങ്ങളിൽ സെന്ററുകൾ ആരംഭിക്കുകയും വേണം.
5. പാൽ സംസ്ക്കരിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ സംഘത്തിൽ ഏർപ്പെടുത്തണം.
6. സൊസൈറ്റിയുടെ പ്രവർത്തന മേഖലയിൽ കർഷകരുടെ സൗകര്യാർഥം പാൽ ശേഖരണ ബൂത്തുകൾ ആരംഭിക്കേണ്ടതാണ്.
7. ലോൺ നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

നഗരൂർ കൈത്തറി സഹകരണ സംഘം

പ്രവർത്തന പരിധി - നഗരൂർ പഞ്ചായത്ത്, കരവാരം പഞ്ചായത്തിന്റെ നെടുംമ്പറമ്പ്, ഞാറയ്ക്കാട്ടുവിള പ്രദേശങ്ങൾ.

ക്രഡിറ്റ്/നോൺ ക്രഡിറ്റ് - നോൺ ക്രഡിറ്റ്

പ്രവർത്തനം ആരംഭിച്ച വർഷം - 1979

ആകെ അംഗങ്ങൾ - 107

ഒരു ഓഹരിയുടെ വില - 100 രൂപ

അംഗീകൃത ഓഹരി മൂലധനം - 500000 രൂപ

പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം - 64805 രൂപ

സർക്കാർ ഓഹരി - 48400 രൂപ

ഒരു മാസം നെയ്ത് വരുന്ന തുണി - 2000 മീറ്റർ

അംഗങ്ങൾ :-

നെയ്ത്ത് അറിഞ്ഞിരിക്കുകയും സ്വന്തമായി തറിയുണ്ടായിരിക്കുകയും വേണം. പതിനെട്ട് വയസ്സ് പൂർത്തിയായവരും പ്രവർത്തന പരിധിയിൽ ഉൾപ്പെട്ട വരായിരിക്കുകയും വേണം. റേഷൻ കാർഡിൽ പേരുണ്ടായിരിക്കണം.

പ്രവർത്തന രീതി :-

അംഗത്തിന് സംഘം അഡ്വാൻസായി നൂൽ കൊടുക്കും. നെയ്ത് കൊണ്ട് വരുമ്പോൾ കൂലി കൊടുക്കും.

ഇപ്പോഴത്തെ നില : -

ഇപ്പോൾ സംഘം ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ല. പഞ്ചായത്ത് വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു ജീവനക്കാരൻ (സെക്രട്ടറി) മാത്രമേയുള്ളൂ. സെക്രട്ടറിക്ക് ശമ്പളം കൊടുക്കാൻ കഴിയുന്നില്ല.

ലാഭകരമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. റിബേറ്റിനത്തിൽ സംഘം ചെലവ് ചെയ്യുന്ന തുക മൂന്ന് മാസത്തിനകം സംഘത്തിന് ലഭ്യമാക്കുക.
2. ഉല്പാദനം വർദ്ധിപ്പിച്ച് സെയിൽസ് കൂട്ടാം.
3. ചെമ്മരത്തുമുക്ക് ആസ്ഥാനമാക്കി ഒരു സെയിൽസ് ഡിപ്പോ ആരംഭിക്കുക.
4. 1/3 സബ്സിഡിയോടുകൂടിയ വായ്പ ലഭ്യമാക്കിക്കൊണ്ട് നവീന തറികളും മറ്റ് അനുബന്ധ യന്ത്രങ്ങളും വാങ്ങി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വിപുലീകരിക്കുകയും ചെയ്താൽ സംഘം കൂടതൽ ലാഭത്തിലാവുകയും കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും.

പൊതുനിർദ്ദേശങ്ങൾ

1. വെള്ളല്ലൂർ വില്ലേജ് ആസ്ഥാനമാക്കി വർഷങ്ങൾക്ക് മുമ്പ് ഒരു ഫാമിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി പ്രവർത്തിച്ചിരുന്നു. ഇത് പുനരുജ്ജീവിപ്പിച്ച് ഫാമിംഗ് സർവ്വീസ് സഹകരണ സംഘം സ്ഥാപിക്കുക.
2. കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉല്പാദക-വിതരണ-ഉപഭോഗ സഹകരണ സംഘങ്ങൾ ആരംഭിക്കണം.
3. വിവിധങ്ങളായ കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സഹകരണ സംഘങ്ങൾ ഉണ്ടാകണം.
4. വെള്ളല്ലൂർ വില്ലേജിൽ ഒരു ക്ഷീരോല്പാദക സഹകരണ സംഘം ആരംഭിക്കേണ്ടതാണ്.
5. നഗരൂർ പഞ്ചായത്തിൽ ഒരു സഹകരണ മാവേലി സ്റ്റോർ ആരംഭിക്കണം.
6. വിവിധ വ്യാവസായിക തൊഴിലുകളുമായി ബന്ധപ്പെട്ട് സഹകരണ അടിസ്ഥാനത്തൽ ഉല്പാദന-പരിശീലന-വിപണന സംഘങ്ങൾ ആരംഭിക്കണം.
7. സർവ്വിസ് സഹകരണ സംഘങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ ആരംഭിക്കുന്നത് പ്രവർത്തനം ശക്തിപ്പെടുത്താൻ സഹായിക്കും.
8. I.R.D.P. പദ്ധതി പ്രകാരം കന്നു കുട്ടികൾക്ക് നൽകി വരുന്ന സബ്സിഡി നിരക്കിലുള്ള കാലിത്തീറ്റ വിതരണം കൂടുതൽ പേർക്ക് പ്രയോജനം കിട്ടും വിധത്തിൽ വിപുലീകരിക്കണം.
9. പശുക്കളെ വാങ്ങുന്നതിലേയ്ക്കായി പ്രവർത്തന പരിധിയിലുള്ള ലീഡ് ബാങ്കായ I.O.B കർഷകർക്ക് ലോൺ കൊടുക്കുന്ന പദ്ധതി ആവിഷ്ക്കരിക്കണം.
10. തീറ്റപ്പുൽ കൃഷി വിപുലീകരിക്കണം. അതിന് സർക്കാർ തലത്തിൽ ധനസഹായം ഉണ്ടാകണം.
11. പാൽ വിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമവും വേഗത്തിലും ആക്കുന്നതിന് ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം.

പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം

നഗരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അംബേദ്കർ കോളനിയും രണ്ട് ഐ. എച്ച്. ഡി.പി. കോളനികളും ഉൾപ്പെടെ മുപ്പത്തിരണ്ട് അംഗീകൃത പട്ടികജാതി കോളനികൾ ഉണ്ട്. കൂടാതെ ലക്ഷം വീടുകളിലും പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലുമായി പട്ടികജാതിക്കാർ കൂട്ടമായും അല്ലാതെയും താമസിക്കുന്നു. നമ്മുടെ പഞ്ചായത്തിലുള്ള പട്ടികജാതി കോളനികൾ താഴെ പറയുന്നവയാണ്.

ക്രമനമ്പർ	കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1.	കുറിയിടത്ത് കോണം	62
2.	ഇടവനക്കോണം (IHDP)	62
3.	തണ്ണിക്കോണം(തോട്ടത്തിൽ ഹരിജൻകോളനി	31
4.	ചെക്കാലക്കോണം	25
5.	കരിമ്പാലോട്	160
6.	വട്ടവിള	40
7.	മുളവനക്കുന്ന്(അംബേദ്ക്കർ കോളനി)	35
8.	വല്ലക്കോട്(IHDP)	45
9.	മാടപ്പാട്ട്	20
10.	പെരുംകുളം	23
11.	മടവൂർക്കാല	15
12.	കേളമ്പിവിള (മാവേലിക്കോണം)	32
13.	വേലൻ കോണം	29
14.	ഇടവൂർക്കോണം	21
15.	ചാവരുവിള	11
16.	കുന്നാട്ടുകോണം	21
17.	നന്തായ് വനം (കുറവൻവിളാകം)	28
18.	കോട്ടയ്ക്കകം	13
19.	ശബരിമലക്കുന്ന്	22
20.	ഇറത്തി	21
21.	മൂടവൻതോട്ടം	48
22.	കോയിക്കമൂല	19
23.	കുഴിവിള	30
24.	കൊടുവൻമല വലിയകാട്	21
25.	ലക്ഷ്മിവിള	22
26.	കാക്കോട്ടുകോണം	18
27.	മാത്തയിൽ ലക്ഷം വീട്	13
28.	മലവിള	12
29.	ചെറുകരപ്പൊയ്ക	11
30.	പാറക്കുന്ന്	15
31.	വിലവൂർക്കോണം	15
32.	കോട്ടിച്ചിറ	12

മുകളിൽ പറഞ്ഞിട്ടുള്ള കോളനികളിലും പഞ്ചായത്തിന്റെ ഇതര പ്രദേശങ്ങളിലുമായി 1521 കുടുംബങ്ങൾ ഉണ്ട്. പ്രസ്തുത കുടുംബങ്ങളിലെല്ലാം കൂടി 6032 അംഗങ്ങൾ ഉണ്ട്. ഈ കോളനികളെല്ലാം തന്നെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇവർ ഉപയോഗിക്കുന്ന കുടിവെള്ളം ശുദ്ധീകരിച്ചതല്ലാത്തതിനാൽ സാംക്രമിക രോഗങ്ങൾ സാധാരണയായി ഇവർക്ക് പിടിപെടാറുണ്ട്. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സേവനം ഇവർക്ക് വളരെ പരിമിതമായി മാത്രമേ ലഭ്യമാകുന്നുള്ളൂ.

പഞ്ചായത്ത് പ്രദേശത്തുള്ള കോളനികളെല്ലാം തന്നെ ഭാഗികമായി മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഇനിയും വൈദ്യുതി എത്താത്ത പട്ടിക ജാതി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

കക്കൂസില്ലാത്ത ധാരാളം പട്ടികജാതി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിനകത്തുണ്ട്. എന്നാൽ ഈ പ്രദേശത്തിനകത്തുള്ള പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും അന്നന്ന് കിട്ടുന്ന വരുമാനം അന്നന്ന് തന്നെ ചെലവഴിക്കുന്ന ഒരു പ്രവണതയാണ് പൊതുവേ കണ്ടുവരുന്നത്. നാളേക്ക് വേണ്ടി ഒന്നും തന്നെ കരുതിവയ്ക്കുന്നില്ല.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗം കുട്ടികളും സ്കൂളുകളിൽ പോകുന്നുണ്ട് എന്നാൽ ചെറിയ ഒരു വിഭാഗം പ്രൈമറി വിദ്യാഭ്യാസ സമയത്ത് തന്നെ മതിയാക്കുന്ന ഒരു പ്രവണതയും കണ്ടുവരുന്നു. ഇതിന്റെ പ്രധാന കാരണം അവരുടെ രക്ഷിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തിലുള്ള മേൽനോട്ടക്കുറവാണ്. ഇതിന് പരിഹാരം കാണണമെങ്കിൽ രക്ഷിതാക്കളെ ബോധവാന്മാരാക്കണം. വിദ്യാഭ്യാസം ചെയ്യുന്നുണ്ടെങ്കിലും വളരെ ചെറിയ ഒരു വിഭാഗം മാത്രമെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തുന്നുള്ളൂ. ഈ പ്രദേശത്ത് പട്ടികജാതി കുടുംബങ്ങളിൽ നിരക്ഷരത ഇപ്പോഴും നിലനിൽ ക്കുന്നു. ഇത് പ്രധാനമായും 40 വയസ്സിന് മുകളിൽ പ്രായമുള്ളവരിലാണ്. എന്നാൽ ചെറിയ ഒരു വിഭാഗം കുട്ടികളിലും നിരക്ഷരത കണ്ടുവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങളും ഉണ്ട്.

നമ്മുടെ പ്രദേശത്തിലെ രാഷ്ട്രീയ ബഹുജന സംഘടനാ നേതൃത്വത്തിൽ പട്ടികജാതിയിൽപ്പെട്ട നേതാക്കൾ തുച്ഛമല്ല. നഗരൂർ പഞ്ചായത്ത് ഉൾപ്പെടുന്ന കിളിമാനൂർ നിയമസഭാമണ്ഡലം പട്ടിക ജാതി സംവരണ മണ്ഡലമാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പട്ടികജാതി വനിതയാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രതിനിധികളായും പട്ടികജാതിക്കാരുണ്ട്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 687 കുടുംബ്ങ്ങളുണ്ട്. പഞ്ചായത്ത് പ്രദേശത്തുള്ള സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ എല്ലാവിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ 9-ാം വാർഡിൽ ഒരു പട്ടികജാതി സൊസൈറ്റി ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം മുഴുവൻ പട്ടിക ജാതിക്കാരുടെ ഇടയിലും എത്തുന്നില്ല. ഈ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ പട്ടികജാതിക്കാരുടെ ജീവിത നിലവാരം ഒരു പരിധി വരെ ഉയർത്താൻ കഴിയും

പ്രശ്നങ്ങൾ

1. കുടിവെള്ളക്ഷാമം രൂക്ഷമാണ്.
2. ആരോഗ്യരംഗത്തെ പ്രവർത്തനം തൃപ്തികരമല്ല.
3. സാക്ഷരതാ പ്രവർത്തനം സജീവമല്ല.
4. വിദ്യാഭ്യാസ നിലവാരം പരിതാപകരമാണ്.
5. കൂട്ടായ്മയോടെയുള്ള തൊഴിൽ യൂണിറ്റുകളില്ല.
6. പോഷകാഹാരക്കുറവുണ്ട്.
7. വായനാശീലം ഇല്ല.
8. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു.
9. ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത.
10. സമ്പാദ്യശീലക്കുറവ്.
11. ബോധവത്ക്കരണത്തിന്റെ അഭാവം.
12. അംഗീകൃതകോളനി ആക്കാനുള്ള പട്ടിക ജാതി സങ്കേതങ്ങൾ പഞ്ചായത്തിൽ ധാരാളമുണ്ട്.

സാദ്ധ്യതകൾ

1. നഗരൂർ വെള്ളല്ലൂർ വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കി പ്രസ്തുത കോളനികളിലെ ജലക്ഷാമം പരിഹരി ക്കണം. പൊതുകിണ റുകൾ സ്ഥാപിക്കുകയും ഉള്ളവ നെറ്റ് ഇട്ട് വൃത്തിയായി സൂക്ഷിക്കുകയും സ്വന്തമായി ഭൂമി ഉള്ള പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയുടെ അളവ് നോക്കാതെ കിണർ കുഴിക്കാനുള്ള ധനസഹായം നൽകുകയും വേണം.
2. മാസത്തിലൊരിക്കലെങ്കിലും പട്ടികജാതികോള നികളും സങ്കേതങ്ങളും ആരോഗ്യപ്രവർത്തകർ സന്ദർശിക്കുകയും രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
3. എല്ലാ കോളനികളിലും സാക്ഷരതാ പ്രവർ ത്തനം സജീവമാക്കണം.
4. ഓരോ കോളനികളിലേയും വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തുകയും ബാല വാടികൾ സ്ഥാപിക്കുകയും ചെയ്യുക.
5. പട്ടികജാതി വനിതകളെ ഉൾപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
6. ഓരോ കോളനിയോടനുബന്ധിച്ചും ഓരോ വായനശാലകൾ ആരംഭിക്കുക.
7. കോളനികളിലേക്കുള്ള റോഡുകൾ സഞ്ചാര യോഗ്യമാക്കുക.
8. ഇടവനക്കോണം ഐ.എച്ച്.ഡി.പി. കോളനിയി ലെ വാട്ടർ സപ്ലൈ സ്കീം എക്സ്റ്റന്റ് ചെയ്ത് കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനപ്രദ മാക്കുക.
9. വല്ലക്കോട് ഐ.എച്ച്.ഡി.പി. കോളനിയിലെ വാട്ടർ സപ്ലൈ സ്കീം എത്രയും പെട്ടെന്ന് പൂർത്തിയാക്കി കമ്മീഷൻ ചെയ്യുക.
10. മാവേലിക്കോണം ഉറവയിൽ നിന്ന് വെള്ളം ശേഖരിച്ച് കേളമ്പിവിള മാവേലിക്കോണം ഹരിജൻകോളനികളിൽ കുടിവെള്ളം എത്തി ക്കുക.
11. ഇറത്തി ഏലായിൽ കിണർ കുഴിച്ച് ശബരിമല ക്കുന്നിൽ ഓവർഹെഡ് ടാങ്ക് കെട്ടി വെള്ളം ശേഖരിച്ച് ശബരിമലക്കുന്ന് കോളനിയിൽ കുടിവെള്ളം എത്തിക്കുക.
12. സ്വന്തമായി ഭൂമി ഉള്ളതും സ്വന്തമായി വീട് നിർമ്മിക്കാൻ സാമ്പത്തിക ശേഷി ഇല്ലാത്തതു മായ എല്ലാ പട്ടിക ജാതി കുടുംബങ്ങൾക്കും വീട് നിർമ്മിക്കുവാൻ ധനസഹായം നൽകുക.
13. സ്വന്തമായി ഭൂമി ഇല്ലാത്തവരും ഭൂമി വാങ്ങാൻ സാമ്പത്തിക ശേഷി ഇല്ലാത്തവരുമായ എല്ലാ പട്ടികജാതികുടുംബങ്ങൾക്കും ഭൂമി വാങ്ങി വീട് നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുക.
14. സ്വന്തമായി കക്കൂസ് ഇല്ലാത്തവരും കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക ശേഷി ഇല്ലാത്ത വരുമായ എല്ലാ പട്ടിക ജാതി കുടുംബങ്ങൾക്കും കക്കൂസ് നിർമമിക്കാൻ ധന സഹായം നൽകുക.
15. വീട് വൈദ്യുതീകരിച്ചിട്ടില്ലാത്ത എല്ലാ പട്ടിക ജാതി കുടുംബങ്ങൾക്കും സൗജന്യമായി വീട് വൈദ്യുതീകരിച്ച് നൽകുക.

വിഭവ സമാഹരണം

നഗരൂർ ഗ്രാമ പഞ്ചായത്ത് ഒരു സ്വാശ്രയ പഞ്ചായത്താണ്. 45% ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. നമ്മുടെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ കാർഷിക മേഖലയിലെ തളർച്ച, വ്യാവസായിക മുരടിപ്പ്, തൊഴിലില്ലായ്മ എന്നിവയാണ്. നമ്മുടെ മനുഷ്യ വിഭവശേഷി വിദേശങ്ങളിലേക്ക് കയറ്റി അയക്കപ്പെടുന്ന അവസ്ഥയാണിന്നുള്ളത്. അതുപോലെ തന്നെ നാട്ടിലുള്ള വരുടെ പ്രയത്നശേഷി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നതുമില്ല. ഇതിനു സാധിക്കുന്ന ഒരു പദ്ധതി ആസൂത്രണം നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ തനതു വരുമാനം വസ്തു കൈമാറ്റ നികുതിയുൾപ്പെടെയുള്ളത് 1994-95 ലേതിനേക്കാൾ 95-96 ൽ 20.08% കുറവാണ്. കെട്ടിട നികുതിയിനത്തിൽ നേരിയ തോതിലുള്ള വർദ്ധനവുണ്ടെങ്കിലും 95-96 കാലഘട്ടത്തിൽ പുതുതായി നിർമ്മിച്ച വീടുകളുടെ എണ്ണത്തിന് ആനുപാതികമല്ല. 95-96 ൽ 66 പുതിയ വീടുകൾ നിർമ്മിക്കപ്പെടുകയുണ്ടായി. വസ്തു കൈമാറ്റ നികുതിയിനത്തിലും പഞ്ചായത്തു വസ്തുക്കളിൽ നിന്നുള്ള വരുമാനത്തിന്റെ നിരക്കിലും യഥാക്രമം 60.66% ഉം 24.8% ഉം കുറവുണ്ടായി. ഇത് വിലയിരുത്തപ്പെടണം. ലൈസൻസ് ഫീസിനത്തിൽ 68% വർദ്ധനയുണ്ടായി.

പഞ്ചായത്തിന്റെ തനതു വരുമാനം 1995-96 ൽ വസ്തു കൈമാറ്റ നികുതിയുൾപ്പെടെ 573480 രൂപയാണ്. ഇത് ഭരണച്ചെലവിനു (699479) പോലും തികയാത്ത അവസ്ഥയാണിന്നുള്ളത്. പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ 16.4% പഞ്ചായത്തു കെട്ടിടം നിർമ്മിച്ച വകയിൽ R.D.B യ്ക്ക് പ്രതിവർഷം അടയ്ക്കേണ്ടതായിട്ടുണ്ട്. ഇത് 2005 വരെ തുടരണം. മൈനസ് ഫണ്ടായിട്ടുള്ള പഞ്ചായത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഇത് കൂനിൻമേൽ കുരു പോലെയാണ്. വരവിനേക്കാൾ കൂടുതൽ ചെലവാകുന്നതുകൊണ്ട് ഉൽപാദന മേഖലയിൽ പണം ചെലവഴിക്കാൻ പഞ്ചായത്തിന് കഴിയുന്നില്ല. ഇതിനു പരിഹാരമുണ്ടാകണം. പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ കടകളുടേയും മറ്റു കെട്ടിടങ്ങളുടേയും വാടക കാലോചിതമായി പരിഷ്കരിക്കണം.

പഞ്ചായത്ത് പ്രദേശത്ത് പുതിയ കെട്ടിടങ്ങൾ

നിർമ്മിക്കുമ്പോഴും പഴയവ പുതുക്കിപ്പണിയുമ്പോഴും നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

പഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ കച്ചവടം നടത്തുക, റോഡരുകിൽ നടക്കുന്ന വഴിവാണിഭങ്ങൾ എന്നിവ കണ്ടെത്തി ലൈസൻസില്ലാത്തതിന് ലൈസൻസ് ഏർപ്പെടുത്തുകയും, വഴിവാണിഭക്കാർക്ക് നിശ്ചിത ഫീസ് ചുമത്തുകയും ചെയ്യുക. റോഡരുകിൽ നടക്കുന്ന അനധികൃത ചന്തകൾക്ക് സ്ഥലം കണ്ടെത്തുകയും പുതിയ പൊതുചന്തകൾ വേണ്ടിടത്ത് അവ സ്ഥാപിക്കുകയും ചെയ്താൽ പഞ്ചായത്തിനകത്തെ ഉൽപന്നങ്ങളുടെ ക്രയവിക്രയം സുഗമമാകുകയും പഞ്ചായത്തിന് അധിക വരുമാനം ഉണ്ടാകുകയും ചെയ്യും.

പഞ്ചായത്തു വക പുറമ്പോക്കു ഭൂമികൾ അളന്നു തിട്ടപ്പെടുത്തുകയും അനധികൃതമായി അവ കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് പിടിച്ചെടുക്കുകയും കൃഷിയോഗ്യമായവ പാട്ടത്തിന് കൃഷി ചെയ്യാൻ വിട്ടു കൊടുക്കുകയും ചെയ്യുക. ഇതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

പഞ്ചായത്തു പ്രദേശത്തെ മുഴുവൻ പാറകളുടേയും അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക. പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ട പാറ തരിശ് പുതിയ റീസർവ്വേയോടു കൂടി അനധികൃതമായി പതിച്ചെടുക്കുവാൻ ശ്രമങ്ങൾ നടത്തിവരുന്നു. വ്യക്തികളുടെ ഈ ശ്രമങ്ങൾ തടയുകയും റീസർവ്വേയ്ക്കു മുമ്പുള്ള അളവനുസരിച്ച് മുഴുവൻ സർക്കാർ പുറമ്പോക്കു ഭൂമിയും അളന്നു തിരിച്ച് പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരികയും വേണം. ഇങ്ങനെ ലഭിക്കുന്ന പാറ വ്യാവസായിക ആവശ്യത്തിന് ലൈസൻസ് ഏർപ്പെടുത്തി നൽകുന്ന വകയിൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാം.

പൊതു മാർക്കറ്റുകളോടനുബന്ധിച്ച് കച്ചവടക്കാർക്ക് പഞ്ചായത്തിൽ നിന്ന് സ്റ്റാളുകൾ കെട്ടിക്കൊടുത്ത് അതിന്റെ വാടക ഒരു സ്ഥിര വരുമാന മാർഗ്ഗമാക്കാം. അതുപോലെ നഗരൂർ കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റിഹാൾ പണിയിപ്പിച്ചാൽ അതും നല്ലൊരു വരുമാന മാർഗ്ഗമാണ്.

പഞ്ചായത്തു പ്രദേശത്തെ കച്ചവട സ്ഥാപനങ്ങളിലെ ക്രയവിക്രയത്തിന്റെ തോതനുസരിച്ച് ലൈസൻസിനു പുറമേ ഒരു നിശ്ചിത ഫീസ് ഈടാക്കുക. തരിശിടുന്ന കൃഷി ഭൂമി പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ഏറ്റെടുത്ത് പാട്ടത്തിന് കൊടുക്കുകയും ഇതിൽ നിന്ന് കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കുകയും ചെയ്യുക. ഭൂ നികുതി കാലോചിതമായി പരിഷ്കരിച്ച് പഞ്ചായത്തിന്റെ വിഹിതം കൂട്ടുക.

ഉത്സവാഘോഷങ്ങളോടനുബന്ധിച്ചു നടത്തുന്ന കച്ചവട സ്ഥാപനങ്ങളിൽ നിന്ന് നിശ്ചിത ഫീസ് ഈടാക്കുക.

പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി നടത്തുന്ന അറവുശാലകൾ നിർത്തലാക്കുകയും ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി അറവുശാലകൾ നവീകരിക്കുകയും ചെയ്യുക. ഇതിന് കൂടുതൽ ലൈസൻസ് ഫീസ് ഏർപ്പെടുത്തണം.

വരവ്

ഇനം	1993-94	1994-95	1995-96
കെട്ടിട നികുതി	143153.85	146554.00	152075.00
തൊഴിൽ നികുതി	58145.00	72705.00	89190.00
പഞ്ചായത്തു വസ്തുക്കളിൽ നിന്നുള്ള വരുമാനം	65649.20	108314.00	81452.00
ലൈസൻസ് ഫീ	5160.40	9867.00	82340.00
പ്രത്യേക ഫീ	5573.00	2351.00	
വിനോദ നികുതി	761.00		8611.20
മറ്റുള്ളവ	778.00	4933.60	14944.20
വസ്തു കൈമാറ്റ നികുതി	325224.00	372854.00	146668.00
ഗ്രാന്റുകൾ	548064.00	477222.00	1018604.00
ഡെപ്പോസിറ്റുകൾ	4225.00	105676.00	41020.00
ഗവ: ഡ്യൂസ്	3283.25	4174.00	3321.40

ചിലവ്

ഇനം	1993-94	1994-95	1995-96
ഭരണം	432595.75	494796.85	699479.00
പൊതുമരാമത്ത്	630155.00	425100.00	108579.00
വിദ്യാഭ്യാസം	12324.45	16618.25	11564.90
പൊതുജനാരോഗ്യം	12076.00	5376.00	5070.50
ശുദ്ധജലവിതരണം	-	4137.00	
കറണ്ട് ചാർജ്	122586.50	132506.05	134928.00
സാമൂഹ്യക്ഷേമം	7770.00	2006.00	6853.00
ഫർണിച്ചർ & ഫിറ്റിംഗ്സ്	-	49841.00	-
പഞ്ചായത്തുവസ്തുക്കൾ	1140.00	1730.00	-
കടം അടവ്		147414.00	94138.00
ഡെപ്പോസിറ്റു തിരിച്ചു നൽകൽ	5619.40	44664.00	7839.00
മറ്റുള്ളവ	10902.00	3019.00	10127.00